


# അൽഹഖ്

പുസ്തകം 20 | ലക്കം 4 | ഏപ്രിൽ 2012 | ശഹാദത്ത് 1391 | ജ: അവ്വൽ - ജ: ആഖർ- 1433


## ലോകം ആണവയുദ്ധഭീഷണിയിൽ

ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V

ലണ്ടൻ: ജപ്പാനിൽ അമേരിക്ക ആറ്റംബോംബ് വർഷിച്ചപ്പോഴുള്ള അവസ്ഥാവിശേഷമാണ് ഇന്ന് ലോകത്ത് സംജാതമായി കാണപ്പെടുന്നതെന്നും അത് ലോകത്തെ ആണവയുദ്ധത്തിലേക്ക് നയിച്ചേക്കാമെന്നും അഹ്മദിയ്യാ ആഗോള ഖലീഫ മിർസാ മസ്റൂർ അഹ്മദ് ആശങ്ക പ്രകടിപ്പിച്ചു. മറ്റ് രാഷ്ട്രങ്ങളും ഇതിൽ ഭാഗവാക്കായാൽ ലോകം മുഴുവൻ നശിക്കാൻ ഇട വരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മോർഡണിൽ വാർഷിക ശാന്തിസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തുടർന്ന് പത്രപ്രതിനിധികളുടെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു. ഇറാനും ഇസ്റായീലിനും ഇടയിലുള്ള സംഘർഷിതാവസ്ഥ ആണവയുദ്ധത്തിന്റെ ആശങ്ക വർദ്ധിപ്പിക്കുകയാണ്. ലോകത്ത് തീവ്രവാദവും ഭീകരവാദവും വളർന്നുകൊണ്ടിരിക്കുകയാണ്. ഏതാനും സംഘടനകളുടെ ഭീകരപ്രവർത്തനങ്ങൾ മുഴുവൻ സമുദായത്തിന്റേയും ദുഷ്പേരിനിടയാക്കുന്നു. ലോകത്ത് ശാന്തി നിലനിർത്തുവാൻ ലോകരാഷ്ട്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കേണ്ടതാണെന്നും അഹ്മദിയ്യാ ഖലീഫ ഓർമ്മപ്പെടുത്തി.

(ഡെയ്‌ലി ജംഗ്, റാവൽപിണ്ടി. 27 മാർച്ച് 2012)




2 ലോകസമാധാനം വിശുദ്ധ ഖുർആൻ നൽകുന്ന രൂപരേഖ

5 പരിശുദ്ധവചനത്തിന്റെ ലക്ഷണങ്ങൾ

9 മതം സമാധാനത്തിന്

13 ജ്യോതിഷം, കൈനോട്ടം യാഥാർത്ഥ്യമെന്ത് ?

17 വിപ്ലവം നിങ്ങളെ പ്രതീക്ഷിച്ചിരിക്കുന്നു

21 ബ്ലേക്ക് കൺട്രിയിൽ രണ്ട് ചർച്ചുകൾ പള്ളികളായി



# ലോകസമാധാനത്തിന്ന് വിശുദ്ധഖുർആൻ നൽകുന്ന രൂപരേഖ

**'സകല സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.'** (1:2)

വിശുദ്ധഖുർആൻ ലോകരക്ഷിതാവായ ദൈവത്തെ പരിചയപ്പെടുത്തുന്നു. അവൻ ക്രൈസ്തവരുടെയും ഹിന്ദുക്കളുടെയും ജൂതരുടെയും മുസ്ലിംകളുടെയുമെന്നല്ല സർവ്വചരാചരങ്ങളുടെയും രക്ഷിതാവ്, അവന്റെ അസ്ഥിത്വത്തെ നിരാകരിക്കുന്നവരെയും അവൻ സംരക്ഷിക്കുന്നു. ദൈവഗുണങ്ങൾ ആർജ്ജിക്കുവാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യർ മനുഷ്യകുലത്തെയാകമാനം ദൈവമക്കളായി മനസ്സിലാക്കുക. നബിതിരുമേനി(സ) അരുൾ ചെയ്യുകയുണ്ടായി, മുഴുവൻ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്. അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടം അവന്റെ സൃഷ്ടികളോട് നല്ല രീതിയിൽ വർത്തിക്കുന്നവനേയാണ്. *(ബൈഹഖി)*

ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ
'Love For All Hatred For None'
**'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'**
എന്ന മുദ്രാവാക്യം മുഴക്കാൻ നാം നിർബന്ധിതരാകുന്നു.

**എല്ലാ സമുദായത്തിനും അല്ലാഹുവിൽ നിന്ന് ഒരോ മാർഗ്ഗദർശകൻ വന്നു കഴിഞ്ഞിട്ടുണ്ട്.** (13:8)

**ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല.** (35:22)

പരിഷ്കരണത്തിനായി എല്ലാ സമൂഹത്തിലേക്കും ദൈവനിയോഗിതരെ അയച്ചിട്ടുണ്ട് എന്ന സത്യം ഉൽഘോഷിച്ചുകൊണ്ട്, മതാചാര്യന്മാരെ ബഹുമാനിക്കുവാൻ ഖുർആൻ പ്രചോദിപ്പിക്കുന്നു. ഇബ്റാഹിം, മൂസാ, ഈസ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ പോലുള്ള ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാൻ അവതീർണ്ണരായ വരിഷ്ഠദാസരെ ആദരിക്കുക എന്നത് വിശ്വാസത്തിന്റെ ഭാഗമായി ഖുർആൻ പഠിപ്പിക്കുന്നു.

**പറയുക, ഓ ഗ്രന്ഥാനുസാരികളെ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് അല്ലാഹുവല്ലാതെ നാം ആരേയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന്ന് പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും ഉള്ള തത്ത്വത്തിലേക്ക് വരിക.**

ഏകദൈവത്തെ ആരാധിക്കാതെ ,അംഗീകരിക്കാതെ, ആഗോള സാഹോദര്യവും സമത്വവും സമ്പൂർണ്ണ അർത്ഥത്തിൽ സ്ഥാപിക്കപ്പെടുകയില്ല. രണ്ട് സഹോദരങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ പിന്നെ പിതൃത്വത്തെചൊല്ലി ശണ്ഠ കൂടുകയില്ലല്ലോ. തൗഹീദ് (ഏകദൈവ സിദ്ധാന്തം) ലോകസമാധാനത്തിന്റെ അടിത്തറയായിത്തീരുന്നു.

**അല്ലാഹുവിന് പുറമേ അവർ മറ്റാരെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും.** (6:109)

'തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. (16:126)

മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു ബലാൽക്കാരവുമില്ല. ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ. (2:257)



ആരോഗ്യകരമായ വിമർശനത്തേയും ആശയവിനിമയത്തേയും ഇസ്ലാം സ്വാഗതം ചെയ്യുന്നു. എന്നാൽ മറ്റുള്ള മതങ്ങളേയും മതാചാര്യന്മാരേയും നിന്ദിക്കുകയും ആക്ഷേപത്തിന്ന് കുറിമാനമാക്കുകയും ചെയ്യുന്നതിനെ അങ്ങേയറ്റം അപലപിക്കുകയും ചെയ്യുന്നു.

മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനു വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ ബഹുമാന്യൻ ഏറ്റവും ഭയഭക്തിയുള്ളവനാകുന്നു.

വർഗ്ഗ വർണ്ണ വ്യത്യാസം മാന്യതക്കുള്ള മാനദണ്ഢമല്ല. സാത്വികത കൈകൊള്ളുന്നവനാണ് ദൈവദൃഷ്ടിയിൽ ഏറ്റവും ബഹുമാന്യൻ. മനുഷ്യരെല്ലാം ഒരു ജാതിയാണെന്നും ഈ വചനത്തിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു. ആയിരം വർഷങ്ങൾക്കു ശേഷം ഇന്ന് 'Love For All Hatred For None'ലൂടെ ഈ വസ്തുത ലോകത്തോട് വിളംബരം ചെയ്തിരിക്കുന്നു.

**വ്യക്തിസ്വാതന്ത്ര്യത്തെ അംഗീകരിച്ചുകൊണ്ട് ഇഷ്ടമുള്ള വിശ്വാസം സ്വീകരിക്കുന്നതിന്ന് ഇസ്ലാം മനുഷ്യന് അനുവാദം നൽകുന്നു. താൻ മനസ്സിലാക്കിയ സത്യത്തെ പ്രഘോഷിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ തന്നെ അതേറ്റവും ഉൽകൃഷ്ടമായ രീതിയിൽ, പ്രതിപക്ഷ ബഹുമാനം മുൻ നിർത്തി മാത്രമായിരിക്കണം എന്ന് ഖുർആൻ കല്പന നൽകുന്നു.**

# ഇസ്‌ലാമിക സമൂഹം




**നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക ; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ , അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.** (4:37)

സമൂഹത്തിലെ ഏതുതരം വ്യക്തിയോടും ഒരു മുസ്‌ലിം നന്മയോടെ വർത്തിക്കേണ്ടത് അനിവാര്യമാണ്. നന്മചെയ്യുന്ന കാര്യത്തിൽ മുതലാളിയും തൊഴിലാളിയുമെന്നോ ദരിദ്രനും ധനികനുമെന്നോ പ്രബലരും ദുർബലരുമെന്നോ മറ്റോ ഉള്ള ഒരു വിവേചനവും അരുതാത്തതാണ് . മാതാപിതാക്കളോടും സ്ത്രീകളോടും അയൽവാസികളോടും എന്തിനധികം രക്തബന്ധമൊന്നുമില്ലാത്ത വഴിപോക്കനോട് പോലും നന്മയിൽ വർത്തിക്കാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു.

## നവലോകസമ്പദ്ക്രമം

**"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ധനം ചെലവു ചെയ്യുക. നിങ്ങളുടെ കൈകളാൽ നിങ്ങളെ സ്വയം നാശത്തിൽ ആപതിപ്പിക്കരുത്. നിങ്ങൾ നന്മചെയ്യുക. നിശ്ചയമായും നന്മചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു."** (2:196)



**ഇത് ഇസ്‌ലാമിക സാമൂഹിക സാമ്പത്തിക പദ്ധതിയുടെ അടിത്തറയാണ് . ഇസ്‌ലാം നിർദ്ദേശിക്കുന്ന നവലോക സമ്പദ്ക്രമത്തിന്റെ പ്രധാന വശങ്ങൾ ഇങ്ങനെയാണ് :**

1. അത് ഐശ്വികമായിരിക്കണം. ബലം പ്രയോഗിച്ചുള്ള ധ്വംസനമോ പിടിച്ചെടുക്കലോ ഇല്ലാത്തതായിരിക്കണം.
2. സകല മനുഷ്യരുടേയും ആവശ്യങ്ങൾക്ക് പരിഹാരം കാണപ്പെടണം.
3. ഇത് സാധിക്കുന്നതിന്നുള്ള പരിശ്രമത്തിൽ വ്യക്തിപരമായ സ്വകാര്യശ്രമങ്ങൾക്കും പ്രയത്നങ്ങൾക്കുമുള്ള പ്രേരണ മന്ദീഭവിക്കരുത്.
4. ഈ പദ്ധതി ഒരു രാജ്യത്തിനോ സമുദായത്തിനോ മാത്രമായിരിക്കാതെ സാർവ്വദേശീയ സ്വഭാവമുള്ളതായിരിക്കണം.

## സാർവ്വദേശീയ പ്രതിസന്ധികളും പ്രതിവിധികളും.

**"മറ്റ് ജനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങളെ പരീക്ഷിക്കാനായി നാം നൽകിയിരിക്കുന്ന ഭൗതികാനുഗ്രഹങ്ങളുടെ മേൽ നിങ്ങൾ അസൂയയോടെ കണ്ണ് വെക്കരുത്. ദൈവം നിങ്ങൾക്ക് എന്ത് പ്രദാനം ചെയ്തിരിക്കുന്നുവോ അതത്രെ ഗുണകരവും നിലനിൽക്കുന്നതും."** (20:131)

ഒരു രാഷ്ട്രം അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ മറ്റൊരു രാഷ്ട്രം അസൂയാദൃഷ്ടികളോടെ വീക്ഷിക്കുകയും ഒരു രാഷ്ട്രം മാറ്റൊരു രാഷ്ട്രത്തിന്റെ ദൗർബല്യങ്ങളിൽ നിന്ന് മുതലെടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നതാണ് സാർവ്വദേശീയ പ്രതിസന്ധികൾക്കും കലഹങ്ങൾക്കുമുള്ള കാരണം. മറ്റുള്ളവരിൽ നിന്നും പിടിച്ചുപറ്റിയ മുതൽ നിലനിൽക്കുന്നതോ പ്രയോജനകരമായിരിക്കുന്നതോ അല്ലെന്നും ദൈവം നൽകിയത് മാത്രമേ പരലോകത്ത് കൂടി പ്രയോജനകരമായിരിക്കുകയുള്ളൂ എന്നും ഈ സൂക്തം പഠിപ്പിക്കുന്നു.


## ഭരണം

**"നിശ്ചയമായും അല്ലാഹു, അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏൽപിക്കണമെന്ന് നിങ്ങളോട് കൽപിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കൽപ്പിക്കേണം (എന്നും നിങ്ങളോട് അല്ലാഹു കൽപ്പിക്കുന്നു). അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു."** (4:59)

ഭരണാധികാരം സൂക്ഷിപ്പ് മുതലാണെന്നും അതിന്ന് ഏറ്റവും അനുയോജ്യരായവരെ മാത്രം ഏൽപ്പിക്കണമെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഭരണം കുടുംബസ്വത്തല്ലെന്നും സൂക്ഷിപ്പു മുതൽ (അമാനത്ത്) മാത്രമാണെന്നും ഭരണാവകാശം അടിസ്ഥാനമായി നിലകൊള്ളുന്നത് ഭരണകർത്താവിനല്ല മറിച്ച് , ജനങ്ങൾക്കാണെന്നും ഖുർആൻ ഓർമ്മപ്പെടുത്തുന്നു. ഭരണരംഗത്ത് നീതിപൂർവ്വം ഇടപെടണമെന്നും യാതൊരു തരത്തിലുള്ള സ്വാർത്ഥതാൽപര്യങ്ങളും അതിൽ കടന്നു കൂടരുതെന്നും ഇസ്‌ലാം പറയുന്നു.




# വിശുദ്ധഖുർആൻ പാരായണത്തിലേക്ക് ശ്രദ്ധിക്കുക




## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**

ഒരു വ്യക്തി തനിക്ക് ഖാരിയെപ്പോലെ തിലാവത്ത് ചെയ്യണം എന്ന് പറഞ്ഞ് എപ്പോഴും അതിന്നായി കിണഞ്ഞ് പരിശ്രമിക്കണം എന്ന് ഞാൻ പറയുന്നില്ല. എന്നാൽ എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്ന ഒരു കാര്യം നാമെന്തിന് ഉപേക്ഷിക്കണം. ഖാരിയെപ്പോലെ തന്നെ തിലാവത്ത് ചെയ്യണം എന്ന് പറഞ്ഞുകൊണ്ട് പരിശ്രമിക്കുന്നത് ശരിയല്ല. എന്തെന്നാൽ അതിനുള്ള കഴിവ് അല്ലാഹു നമുക്ക് നൽകിയിട്ടില്ല. എന്റെ പത്നി മർഹൂമ ഉമ്മെ ത്വാഹിർ പറയാറുണ്ടായിരുന്നു, അവരുടെ പിതാവിന് വിശുദ്ധ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ വളരെയധികം ശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹം തന്റെ മക്കളെ ഖുർആൻ പഠിപ്പിക്കുന്നതിനായി ഒരു ഉസ്താദിനെ നിയമിച്ചിരുന്നു. ഉമ്മെ ത്വാഹിർ പറയുന്നു, ഉസ്താദ് ഞങ്ങളെ വളരെയധികം ശിക്ഷിക്കുമായിരുന്നു. ഞങ്ങളുടെ ഉച്ചാരണം ശരിയല്ലെന്ന് പറഞ്ഞ് ഞങ്ങളെ അടിക്കുമായിരുന്നു. ഞങ്ങൾ പഞ്ചാബികൾക്ക് അറബികളെ പോലെ അറബി പദങ്ങൾ ഉച്ചരിക്കുവാൻ സാധിക്കില്ല.



ലാഹോറിൽ മിയാൻ ചെട്ടു എന്ന പേരിൽ ഒരാളുണ്ടായിരുന്നു. അയാൾ പിന്നീട് ചക്കടാലവി കക്ഷിക്കാരനായി. ഒരിക്കൽ അയാളുടെ പക്കൽ ഒരു അറബി വന്നു. മിയാൻ ചെട്ടു അറബിയേയും കൊണ്ട് ഖാദിയാനിൽ വന്നു. ആ ദിനങ്ങളിൽ സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദും ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. (അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് കാബൂളിലെ ആദരണീയനായ വ്യക്തിയായിരുന്നു. അമീർ അമാനുല്ലാഹ്ഖാന്റെ പിതാമഹന് കിരീടം അണിയിച്ചത് പോലും അദ്ദേഹമായിരുന്നു) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സദസ്സിൽ അദ്ദേഹവും ഉണ്ടായിരുന്നു. സംസാരത്തിനിടെ രണ്ടു മൂന്നു പ്രാവശ്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) ള്വാദ് ഉച്ചരിക്കുകയുണ്ടായി. മസീഹ് മൗഊദ് (അ)ന്റെ ഉച്ചാരണം ശരിയായിരുന്നു. എന്നാൽ ലക്നൗക്കാർ ഉച്ചരിക്കുന്നത് പോലെ ഉച്ചരിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് കഴിയില്ലായിരുന്നു. സംസാരത്തിനിടെ മൂന്ന് നാല് തവണ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ അക്ഷരം ഉച്ചരിച്ചപ്പോൾ വർഷങ്ങളായി ലക്ക്നൗവിൽ താമസിച്ചിരുന്ന ആ അറബി മസീഹ് മൗഊദ് (അ) നെ പരാമർശിച്ച് കൊണ്ട് പറഞ്ഞു, ശരിയായ രീതിയിൽ ള്വാദ് പോലും ഉച്ചരിക്കാൻ കഴിയാത്ത താങ്കളെ ആരാണ് മസീഹാക്കിയത്. സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് വലിയ പണ്ഡിതനായിരുന്നു.യാഥാർത്ഥ്യം അദ്ദേഹത്തിന് അറിയാമായിരുന്നു. അദ്ദേഹം ദേഷ്യത്തോടെ അറബിയെ അടിക്കാനായി കൈ ഉയർത്തി മൗലവി അബ്ദുൽ കരീം സാഹിബ് അദ്ദേഹത്തെ തടയാൻ ശ്രമിച്ചു. അബ്ദുൽ ലത്തീഫ് സാഹിബ് പഠാണായിരുന്നു. ശക്തിയുള്ള ആളായിരുന്നു. അബ്ദുൽ കരീം സാഹിബിന് തനിച്ച് അദ്ദേഹത്തെ തടയാൻ കഴിയുമായിരുന്നില്ല. അദ്ദേഹം അറബിയെ അടിക്കുമെന്ന് തോന്നിയപ്പോൾ ഒരു കൈയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)മും പിടിച്ചു. ആവശ്യമില്ലാത്ത കാര്യമാണ് അറബി ചെയ്തത്. ഓരോ രാജ്യക്കാരുടേയും ശൈലി വ്യത്യസ്ഥമായിരിക്കും. തങ്ങൾക്കാണ് ള്വാദ് ഉച്ചരിക്കുവാൻ കഴിയുക എന്നും ഇന്ത്യക്കാർക്ക് അത് ഉച്ചരിക്കുവാൻ കഴിയില്ലെന്നുമാണ് അറബികൾ പറയാറുള്ളത്. ഇന്ത്യക്കാരിൽ ള്വാദ് ഏകദേശം ശരിയായ നിലയിൽ ഉച്ചരിക്കുന്നവരിൽ ഒന്ന് ഞാനാണ്. എന്നാൽ പൂർണ്ണമായും ശരിയായ രീതിയിലാണ് ഞാൻ ഉച്ചരിക്കുന്നത് എന്ന് എനിക്കും പറയാൻ സാധ്യമല്ല. ഏകദേശം ശരിയായ നിലയിൽ ഉച്ചരിക്കുന്നു. ഇന്ത്യക്കാർ ദ്വാദ് അല്ലെങ്കിൽ ളാദ് എന്നാണ് ഉച്ചരിക്കുന്നത്.എന്നാൽ ഇതിന്റെ നിർഗമനസ്ഥാനം വേറെയാണ്. തങ്ങൾ ള്വാദിന്റെ ഉച്ചാരകർ ആണെന്നും മറ്റാർക്കും അത് ശരിയായ രീതിയിൽ ഉച്ചരിക്കാൻ കഴിയില്ലെന്നും അറബികൾ പറയുമ്പോൾ പിന്നെ ആക്ഷേപിക്കാൻ എന്തിരിക്കുന്നു. ജർമൻകാരെ നോക്കുക, അവർക്ക് ഗഡ്, ഗാഡ് എന്നീ വാക്കുകളൊന്നും ശരിയായ രീതിയിൽ ഉച്ചരിക്കുവാൻ സാധിക്കില്ല. അവർ ഗദ്, ഗോട്ട് എന്നൊക്കെയായിരിക്കും ഉച്ചരിക്കുക.



അതുകൊണ്ട് നമുക്ക് ഉച്ചരിക്കാൻ സാധിക്കാത്ത വാക്കുകൾ ഉച്ചരിക്കാനായി പരിശ്രമിക്കണം എന്ന് ഞാൻ പറയുന്നില്ല. അത് സമയം പാഴാക്കലായിരിക്കും. എന്നാൽ അലിഫോ, മദ്ദോ ഉച്ചരിക്കുന്നത് നമ്മുടെ കഴിവിനതീതമല്ല. ശരിയായ രീതിയിൽ നാം പരിശ്രമിക്കുകയാണെങ്കിൽ നമുക്ക് നമ്മുടെ ശൈലിയിൽ വിശുദ്ധ ഖുർആൻ നന്നായി ഓതാൻ സാധിക്കുന്നതാണ്. പ്രത്യേകിച്ച് സ്വരനാളി നല്ലതാണെങ്കിൽ.

അതിനാൽ ഖുദ്ദാം ശരിയായ രീതിയിൽ പാരായണം ചെയ്യാൻ പഠിക്കണം എന്ന് ഞാൻ ഉപദേശിക്കുകയാണ്. അതുപോലെ ഉർദു വാക്കുകളും ശരിയായ നിലയിൽ ഉച്ചരിക്കാനായി പരിശ്രമിക്കുക.

*(മശ്അലെ രാഹ് വാള്യം 1, 517 – 519)*
*വിവർത്തകൻ സി. മുബശ്ശിർ അഹ്മദ്,കൊച്ചി*




തഫ്സീർ

ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)



اَلَمْ تَرَ كَيْفَ ضَرَبَ اللّٰهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ اَصْلُهَا ثَابِتٌ وَّفَرْعُهَا فِي السَّمَآءِ ۝
تُؤْتِيْٓ اُكُلَهَا كُلَّ حِيْنٍۭ بِاِذْنِ رَبِّهَا ۗ وَيَضْرِبُ اللّٰهُ الْاَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُوْنَ ۝



# പരിശുദ്ധവചനത്തിന്റെ ലക്ഷണങ്ങൾ

കലിമത്തൻ ത്വയ്യിബത്തൻ അതായത് പുതിയതും സംരക്ഷിതവും ഒരിക്കലും വികൃതമാകാത്തതുമായ ദൈവിക വചനങ്ങളുടെ ഉപമ ഒരു പരിശുദ്ധ വൃക്ഷമായി മനസ്സിലാക്കുക. (1) അത് പവിത്രമായിരിക്കണം അതായത് ബാഹ്യരൂപം നന്നായിരിക്കണം. (2) അതിന്റെ വേര് ആഴത്തിൽ രൂഢമൂലമായിരിക്കണം. (3) അതിന്റെ ശാഖകൾ ആകാശത്ത് പന്തലിച്ചിരിക്കുന്നതാണ്. (4) അത് അതിന്റെ പുത്തൻ ഫലം എല്ലാ സമയത്തും നൽകിക്കൊണ്ടിരിക്കണം. (5) ഫലം അല്ലാഹുവിന്റെ അനുമതി യോടെ യായിരിക്കണം. പുതിയതും പരിശുദ്ധവും കലർപ്പില്ലാത്തതുമായ വചനത്തിനുണ്ടായിരിക്കേണ്ട അഞ്ചു ലക്ഷണങ്ങളാണിവ. ഈ ലക്ഷണങ്ങളെല്ലാം ഏതെങ്കിലും വചനത്തിൽ കാണപ്പെടുന്നു ണ്ടെങ്കിൽ അത് ഈ കാലഘട്ടത്തിനു പ്രായോഗികവും ജനങ്ങൾക്ക് വഴികാട്ടിയുമാണ് .

എന്നാൽ ഗ്രന്ഥമെന്നോ ദൈവികവചനങ്ങളെന്നോ പറയപ്പെടുന്ന ഏതെങ്കിലും ഒന്നിൽ ഇവ കാണുന്നില്ലെങ്കിൽ ഒന്നുകിൽ അത് കാലഹരണപ്പെട്ടു പോയ വചനങ്ങളാണ് അല്ലെങ്കിൽ മനുഷ്യനിർമ്മിതിയാണ്. അല്ലാഹുവിൽ നിന്നിറക്കപ്പെട്ടതല്ല..........

● അത് ത്വയ്യിബ് പരിശുദ്ധമായതായിരിക്കും. ത്വയ്യിബ് അഥവാ പരിശുദ്ധമായത് എന്നതിനർത്ഥം (a) തിന്മയിൽ നിന്നും ന്യൂനതയിൽ നിന്നും നഷ്ടങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ട വസ്തു. (b) ഭംഗിയുള്ളത് (c) പവിത്രമായത്. പവിത്രമായത് എന്നാൽ (1) രുചികരമാ യത്.(2) കലർപ്പില്ലാത്തത് (3) സൗന്ദര്യമുള്ളത് (4) മാധുര്യമേറിയത് (5) ഗുണത്തിൽ മുന്തിയത്.

ചുരുക്കത്തിൽ അല്ലാഹുവിൽ നിന്നുള്ള പ്രവർത്ത ന യോഗ്യമായ വചനങ്ങൾ; അത് ഒരു നല്ല വൃക്ഷത്തെ പോലെ നാശനഷ്ടങ്ങളിൽ നിന്നും സുരക്ഷിതമായിരിക്കും. 1.മനുഷ്യന്റെ ആത്മാവിനോ മനുഷ്യന്റെ വികാരാനുഭൂതികൾക്കോ എതിരായിട്ടുള്ള കാര്യങ്ങളാകരുത്. 2. അത് ഭംഗിയുള്ളതും അതിൽ വശ്യതയും ആകർഷണീയതയുമുള്ള കാര്യങ്ങൾ ഉണ്ടായിരിക്കണം. 3.അതനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് ആനന്ദവും സുഖാനുഭൂതിയും കരസ്ഥമാകണം. 4.അതിൽ മാധുര്യമുണ്ടായിരിക്കണം. 5.അത് പ്രൗഢമായിരിക്കണം. 6. ഗുണത്തിൽ മറ്റുള്ളവയേക്കാൾ മുന്തി നിൽക്കുന്നതാകണം.

രണ്ടാമത്തെ ലക്ഷണമായി പറഞ്ഞത് അതിന്റെ വേര് ദൃഢമൂലമായതായിരിക്കും. വൃക്ഷത്തിന്റെ വേര് ദൃഢ മായത് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒന്ന് അതിന് ജീവനുണ്ട്, മാത്രമല്ല അത് ഭൂമിയിൽ നിന്ന് ആഹാരം വലിച്ചെടുക്കുന്നുമുണ്ട്. അതുപോലെ തന്നെ ദൈവിക വചനം സദാസമയവും അല്ലാഹുവിൽ നിന്നും ആഹാരം വലിച്ചെടുത്തു കൊണ്ടിരിക്കും. ദുർബ്ബലപ്പെട്ടു പോകുന്ന വചനങ്ങളുടെ വിഷയ വ്യാപ്തി നിലച്ചു പോകുന്നു. അവ ദുർബ്ബലപ്പെട്ടു പോകുവാനുള്ള കാരണം മനുഷ്യകുലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കാൻ അതിനിപ്പോൾ സാധിക്കുന്നില്ല എന്നതുകൊണ്ടാണ്. എന്നാൽ എന്നെന്നും നിലനിൽക്കുന്ന വചനങ്ങൾ മനുഷ്യപ്രകൃതത്തിന്റെ എല്ലാ ആവശ്യങ്ങളേയും പൂർത്തികരിക്കുകയും മനുഷ്യനു ഏതൊരാവശ്യം നേരിടുമ്പോഴും ഉടനെ തന്നെ അവന്ന് ഈ വചനങ്ങളിൽ നിന്നും അത് ലഭിക്കുന്നു.

അതുകൊണ്ട് ഭൂമിയിൽ നിന്നും ആഹാരം വലിച്ചെടുക്കുകയും കാലം ആവശ്യപ്പെടുന്നതിനനുസരിച്ച് പുതിയ ആവശ്യങ്ങളെ നിറവേറ്റിക്കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു വൃക്ഷത്തെപ്പോലെയാകുന്നു അത്. അത് നൽകുവാനുള്ള ശേഷി മുൻപേ തന്നെ അതിനുണ്ടായിരുന്നുവെങ്കിലും സമയാനുസൃതം അത് പ്രകടമാവുക എന്നതും ആവശ്യങ്ങൾ നിറവേറ്റുക എന്നതും അല്ലാഹുവിൽ നിന്ന് പുതിയതായി കിട്ടിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ.

(2) വേരുറപ്പുള്ളത് എന്നത് കൊണ്ടുള്ള ഒരു ഉദ്ദേശ്യം അതിന്റെ തായ്തടിയുടെ ദൃഢതയാണ്. അതായത് അത് ആഘാതത്തിൽ വളയുകയില്ല. ആക്ഷേപങ്ങളും ആരോപണങ്ങളും അതിനെ സ്വാധീനിക്കുകയില്ല എന്നതും യഥാർത്ഥവചനത്തിന്റെ ലക്ഷണമാണ്. മറിച്ച് അതിനു മുകളിൽ എത്ര ഭാരം ചുമത്തിയാലും അത് തൽസ്ഥാനത്തു നിലനിൽക്കുകയും എല്ലാവിധ ആക്ഷേപങ്ങളും വ്രണപ്പെടുത്തലും സഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

(3) വേരിന്റെ ദൃഢത എന്നതിന്റെ മൂന്നാമത്തെ ഉദ്ദേശ്യം അത് അതിന്റെ സ്ഥാനത്ത് നിന്നും ഇളകുന്നില്ലെന്നതാണ്. ഈ അർത്ഥത്തിൽ പരിശുദ്ധവചനത്തിന്റെ ലക്ഷണമെന്നത് കാലഘട്ടത്തിന്റെ വ്യതിയാനം കൊണ്ട് അതിന്റെ തത്വങ്ങളിൽ യാതൊരു മാറ്റവും വരാത്ത രൂപത്തിൽ അത് ഉറച്ചതാണ് എന്നാണ്. കാലം മാറിക്കൊണ്ടിരിക്കട്ടെ പക്ഷെ ഇതിലെ അധ്യാപനങ്ങൾക്ക് മാറ്റം വരുന്നതല്ല. അത് അതിന്റെ സ്ഥാനത്തുതന്നെ ദൃഢമായി നിലനിൽക്കുന്നു. ഏതെങ്കിലും വചനത്തിനു എന്നെങ്കിലും മാറ്റം വരുത്തേണ്ട ആവശ്യം നേരിടുകയാണെങ്കിൽ ഇനി അത് അല്ലാഹുവിന്റെ പുതിയ വചനങ്ങളല്ലാതായി മാറുന്നു. വേരുകൾ ഇളകിയ ഉണങ്ങിയ വൃക്ഷമാണത്.

(4) അത് ദീർഘായുസ്സുള്ളതായിരിക്കണം. എന്തെന്നാൽ ഭൂമിയിലേക്ക് വേരുകൾ ആഴ്ന്നിറങ്ങിയിട്ടുള്ള വൃക്ഷങ്ങൾ കൂടുതൽ കാലം നിലനിൽക്കുന്നു. ദൈവികവചനത്തിന്റെയും ലക്ഷണം അതു തന്നെയാണ്. ദീർഘകാലം നിലനിൽക്കും. അല്ലാതെ ഇന്ന് ഇറങ്ങി നാളെ ദുർബ്ബലപ്പെട്ടുപ്പോകുന്നില്ല. ദൈവിക വചനം കൊണ്ടുദ്ദേശിക്കുന്നത് ദൈവികവചനത്തിന്റെ അടിസ്ഥാന അധ്യാപനങ്ങളാണ്. ചില ഭാഗികമായ കൽപനകൾ പരീക്ഷണങ്ങളുടെയും വിപത്തുകളുടെയും അടിസ്ഥാനത്തിൽ മാറ്റം വരുത്താവുന്നതാണ്. എന്നാൽ അടിസ്ഥാന അധ്യാപനങ്ങളിൽ യാതൊരു മാറ്റവും ഉണ്ടാവുന്നതല്ല. തൗറാത്തിനെ വിശുദ്ധഖുർആൻ കാലഹരണപ്പെടുത്തിയതു പോലെ. അതും രണ്ടായിരം വർഷങ്ങൾക്ക് ശേഷമാണ് സംഭവിച്ചത്. അതിനിടയിൽ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു, എന്നാൽ അവരുടെ ഉദ്ദേശ്യം തൗറാത്തിനെ കാലഹരണപ്പെടുത്തലായിരുന്നില്ല.

(5) ഭൂമിയിൽ വൃക്ഷത്തിന്റെ വേരോടുന്നതു പോലെ ദൈവിക വചനം വിശ്വാസികളുടെ ഹൃദയത്തിലും കർമ്മങ്ങളിലും വേര് പിടിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കാൻ ഒരു ജമാഅത്തില്ലായെങ്കിൽ അതിന്റെ സ്വാധീനശക്തിയും അതിന്റെ ഫലങ്ങളും പ്രകടമാകുന്നതല്ല. അതിനാൽ ദൈവിക വചനത്തിനായുള്ള ഭൂമിയുടെ സ്ഥാനമാണ് വിശ്വാസികളുടെ ജമാഅത്തിനുള്ളത്.

അസ്ലുഹാ സാബിത്തുൻ എന്നതിനർത്ഥം അത് വിശ്വാസികളുടെ ഹൃദയങ്ങളിൽ ആഴത്തിൽ സ്വാധീനം ചെലുത്തുകയും അവരുടെ ഉള്ളിൽ ദൃഢമായി വേരുപിടിക്കുകയും ചെയ്യുന്നു. അതായത് അവർ അതനുസരിച്ച് പ്രവർത്തിക്കുകയും അതിന്റെ കഴിവുകളെ പ്രകടമാക്കാൻ ഹേതുവായിത്തീരുകയും ചെയ്യുന്നു.

(6) അതിന്റെ ആഹാര ഉറവിടം ഒന്നു മാത്രമായിരിക്കും. അതായത് മൃഗങ്ങളെപ്പോലെ പല സ്ഥലങ്ങളിൽ നിന്നുമായി അത് ആഹാരം സ്വീകരിക്കുകയില്ല. മറിച്ച് വൃക്ഷത്തെപ്പോലെ ഒരിടത്ത് നിന്ന് തന്നെ അതായത് അല്ലാഹുവിൽ നിന്നും ആഹാരം തേടുന്നു. മനുഷ്യനിർമ്മിതവചനങ്ങളും അധ്യാപനങ്ങളും വിവിധയിടങ്ങളിൽ നിന്നായി ശേഖരിക്കുന്നു.

കുറച്ച് ആചാരാനുഷ്ഠാനങ്ങളിൽ നിന്നുമെടുക്കുന്നു, കുറച്ച് തത്ത്വചിന്തകളിൽ നിന്നും കുറച്ച് പ്രകൃതിയിൽ നിന്നും കുറച്ച് അപ്പോൾ നിലവിലുള്ള നിയമങ്ങളിൽ നിന്നും എടുക്കുന്നു. ഇക്കാരണം കൊണ്ടുതന്നെ ഈ അധ്യാപനങ്ങളിൽ പരസ്പരവൈരുദ്ധ്യം കാണപ്പെടുന്നു. അതിനു വിപരീതമായി ദൈവികവചനങ്ങൾ ഒരൊറ്റ ഉറവിടത്തിൽ നിന്നും ഉത്ഭവിച്ചതായിരിക്കും. അതിന്റെ വേര് ആഴത്തിലൂന്നിയതായിരിക്കാം.

അഥവാ അത് എല്ലാ പ്രശ്നങ്ങളേയും സവിസ്തരം ചർച്ച ചെയ്യുന്നു. എന്നാൽ എല്ലാ അധ്യാപനങ്ങളും ഒരേ തത്ത്വത്തിനു കീഴിൽ തന്നെയായിരിക്കും.അവയിൽ വൈരുദ്ധ്യം ഉണ്ടാവുകയില്ല.

കൂടാതെ ദൈവികവചനങ്ങൾക്ക് മനുഷ്യസഹായത്തിന്റെ ആവശ്യമില്ല. അതിന് ജീവിക്കാൻ ആവശ്യമായ ആഹാരം അതായത് തെളിവുകളും രേഖകളും അതിന്റെ മൂലത്തിൽ നിന്നുതന്നെ അതായത് അതിന്റെ ഉത്ഭവസ്ഥാനമായ അല്ലാഹുവിൽ നിന്നു തന്നെ എടുക്കുന്നു.

(തഫ്സീർ കബീർ )

*ആശയാനുവാദം - കെ. നജ്മുദ്ദീൻ മുറിയക്കണ്ണി*



# ഇമാമുസമാന്റെ ഫത്‌വകൾ

## യാത്രചെയ്തുകൊണ്ട് കച്ചവടം ചെയ്യുന്നവരുടെ നമസ്കാരം

ചോദ്യം:ഒരാൾ ചോദിച്ചു. അതായത് ഞാനും എന്റെ സഹോദരനും അത്തർ വിൽപനയുമായി പല സ്ഥലങ്ങളിലും യാത്ര ചെയ്യേണ്ടി വരുന്നു. അത്തരം സന്ദർഭത്തിൽ ഞങ്ങൾ രണ്ട് റക്അത്ത് നമസ്കരിച്ചാൽ മതിയോ, അല്ലെങ്കിൽ പൂർണ്ണമായും നമസ്കരിക്കണമോ?

ഉത്തരം:ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടിയായി പറഞ്ഞു. ഒരാൾക്ക് അത്യാവശ്യത്തിനായി ഇടക്കിടക്ക് പോകേണ്ടിവരുന്ന ഒന്നിനെയാണ് യാത്ര എന്നു പറയുന്നത്. അല്ലാതെ ഇന്ന് ഇവിടെയാണെങ്കിൽ നാളെ മറ്റൊരു സ്ഥലത്ത് എന്ന പ്രകാരം ചുറ്റി കറങ്ങി കൊണ്ടിരിക്കുന്ന ജോലിയാണെങ്കിൽ അങ്ങനെയുള്ളവർ തങ്ങളെ യാത്രക്കാരിൽ ഉൾപെടുത്തിക്കൊണ്ട് മുഴുവൻ ജീവിതവും നമസ്കാരം ഖസറ് ചെയ്യുകയാണെങ്കിൽ അത് തഖ്‌വക്ക് എതിരാണ്. (ബദർ പത്രം. 28-മാർച്ച്-1907.പേജ്-4)

## ഉദ്യോഗസ്ഥൻമാരുടെ പര്യടനം യാത്രയല്ല

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഉദ്യോഗസ്ഥൻമാരുടെ പര്യടനം എന്നു പറയുന്നത് ഒരാൾ തന്റെ തോട്ടത്തിൽ നടക്കുന്നതു പോലെയാണ്. അനാവശ്യമായി ഖസർ ചെയ്യേണ്ടതില്ല. ഒരാൾ പര്യടനം കാരണമായി ഖസർ ചെയ്ത് നമസ്കരിക്കുകയാണെങ്കിൽ പിന്നെ ഇത് ശാശ്വതമായ ഖസർ ആയി തീരും.

## ഖിബ്‌ലയെ ബഹുമാനിക്കൽ

ചോദ്യം:ഖിബ്‌ലക്ക് അഭിമുഖമായി കാൽ വെച്ച് കൊണ്ട് ഉറങ്ങാൻ പാടുണ്ടോ?

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടിയായി പറഞ്ഞു. ഇത് അനുവദനീയമല്ല.കാരണം ഇത് ആദരിക്കുകയെന്നതിനു വിരുദ്ധമാണ്. ചോദ്യകർത്താവ് വീണ്ടും പറഞ്ഞു. ഹദീസുകളിൽ ഇതിനു നിഷേധമില്ലല്ലോ? ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇതൊരു തെളിവല്ല. കാരണം ഒരാൾ ഹദീസുകളിൽ സൂചനയൊന്നുമില്ലയെന്നു പറഞ്ഞുകൊണ്ട് ഖുർആന്റെ മുകളിൽ കയറിനിൽക്കുകയാണെങ്കിൽ അത് അനുവദനീയമാകുമോ? ഒരിക്കലുമില്ല. **വമൻ യുഅസ്സിമു ശആയിറുല്ലാഹ ഫ ഇന്നഹാ തഖൽ ഖുലൂബ്.** (ബദർ, 24- ജൂലൈ -1904, പേജ്-6 )

## മനുഷ്യന് നമസ്കാരത്തിന്റെ ആവശ്യം

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടിയായി പറഞ്ഞു: മനുഷ്യൻ ദാസനായികൊണ്ട് അശ്രദ്ധ കാണിക്കുമ്പോൾ അല്ലാഹു നിരാശ്രയനാകുന്നു. ഏതുവരെ ഒരു സമുദായത്തിൽ അല്ലാഹുവിലുള്ള ശ്രദ്ധ നിൽക്കുന്നുവോ അത് വരെ ആ സമുദായം നിലനിൽക്കുന്നു. വിശ്വാസത്തിന്റെ താഴ്‌വേര് തന്നെ നമസ്കാരമാകുന്നു. അല്ലാഹുവിനു നമസ്കാരത്തിന്റെ ആവശ്യമെന്താണെന്ന് ചില വിഢികൾ ചോദിക്കുന്നുണ്ട്.അല്ലയോ വിഢികളെ! അല്ലാഹുവിനു ആവശ്യമില്ല. എന്നാൽ നിങ്ങൾക്ക് ആവശ്യമുണ്ട്. അത് അല്ലാഹു നിങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നതിനാണ്. അല്ലാഹുവിന്റെ ശ്രദ്ധ കൊണ്ട് കുഴഞ്ഞ് മറിഞ്ഞ പ്രവർത്തികൾ എല്ലാം ശരിയായിത്തീരുന്നു. നമസ്കാരം ആയിരക്കണക്കിനുള്ള തെറ്റുകളെ അകറ്റിക്കളയുന്നു.

*ഫത്താവാ അഹ്മദിയ്യ വിവ: മുഹമ്മദ് നജീബ് ഖാൻ*

# കർമശാസ്ത്രം

## ഇമാം വരാൻ അൽപം താമസിച്ചാൽ ഒരു വ്യക്തിക്ക് ഒറ്റക്ക് നമസ്കരിക്കാമോ?

ഉത്തരം: നമസ്കാരം ഒരുമിച്ച് നിർവ്വഹിക്കുവാനാണ് കൽപന. അതായത് ഒരുമിച്ചു കൂടി ജമാഅത്തായി നമസ്കരിക്കുക. അതുകൊണ്ട് ഇമാം വരാൻ വൈകുകയും ഒരു വ്യക്തി തനിച്ച് നമസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ അതിന്ന് ഒരിക്കലും അനുവാദമില്ല.

ശരീഅത്ത് ഓരോ നമസ്കാരത്തിനും ഇന്ന സമയം തൊട്ട് ഇന്ന സമയം വരെ നമസ്കരിക്കണം എന്ന് ഏകദേശ സമയം നിശ്ചയിച്ചിരിക്കുന്നു. അതിന്റെ ഉദ്ദേശ്യം ഇതു തന്നെയാണ്. അതായത് അൽപസമയം മുമ്പോട്ടോ പുറകോട്ടോ ആയിപ്പോയാലും ഒരു തെറ്റുമില്ല. അങ്ങനെ ഒരു ഉദ്ദേശ്യം ഇതിനില്ലായിരുന്നുവെങ്കിൽ ശരീഅത്ത്, കൃത്യം ഇന്ന സമയത്ത് ഇന്ന നമസ്കാരം അനുഷ്ഠിക്കേണ്ടതാണ് എന്ന് പ്രത്യേകം സമയം നിശ്ചയിക്കുമായിരുന്നു.

## നമസ്കാരക്കാരെ പ്രതീക്ഷിച്ചിരിക്കുന്നതിനെക്കുറിച്ച് എന്താണവസ്ഥ?

ഉത്തരം: കൂടുതൽ ആളുകൾക്ക് ജമാഅത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതിനായി ജമാഅത്ത് നമസ്കാരത്തിനു നമസ്കാരക്കാരെ കാത്തിരിക്കുക എന്നതാണ് അടിസ്ഥാനപരമായി ശരിയായിട്ടുള്ള കാര്യം. നമസ്കാരക്കാർ എത്രത്തോളം കൂടുതലുണ്ടോ അത്രയും പ്രതിഫലം കിട്ടുന്നതാണ് എന്ന് ഹദീസിൽ വന്നിരിക്കുന്നു. എന്നാൽ മറുവശത്ത് ഇന്നത്തെ തിരക്കുപിടിച്ച ജീവിതം നമ്മോടാവശ്യപ്പെടുന്നത്, ജനങ്ങളിൽ മുഷിച്ചിൽ ഉണ്ടാകാതിരിക്കുവാനായി അവരെ കൂടുതൽ നേരം തടഞ്ഞുവയ്ക്കരുത് എന്നാണ്. നമസ്കാരത്തിനായി വരുന്നതിനുള്ള ഉന്മേഷത്തിൽ കുറവു വരരുത്. ഈ പൊതുനന്മ കണക്കിലെടുത്തുകൊണ്ടാണ് ഇന്ന നമസ്കാരം ഇന്ന സമയത്തായിരിക്കും ഉണ്ടായിരിക്കുക എന്ന് നിശ്ചയിച്ചിരിയ്ക്കുന്നത്.

സാധാരണ അവസ്ഥകളിൽ ഇതു പാലിക്കേണ്ടതാണ്. ഇതുമൂലം ജനങ്ങൾക്ക് സമയത്തിൽ കൃത്യനിഷ്ഠത പാലിക്കുവാനുള്ള ശീലം ഉണ്ടാകുന്നതാണ് എന്ന ഒരു ഗുണം കൂടിയുണ്ട്, അങ്ങിനെ മറ്റുള്ളവരുടെ സമയം പാഴാക്കാൻ കാരണക്കാരാകാതിരിക്കുന്നതുമാണ്.

വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യമാണിത്. ശരീഅത്തുപരമായി, സമയത്തെ അൽപം മുമ്പോട്ടോ പുറകോട്ടോ ആക്കുവാൻ പാടില്ല എന്ന നിബന്ധനയൊന്നും പാലിക്കേണ്ട ആവശ്യമില്ല. ഇനി നമസ്കാരക്കാർ കുറവേ വന്നിട്ടുള്ളൂ അതുകൊണ്ട് അൽപം കൂടി കാത്തിരിക്കണം എന്ന് ഇമാമുസ്സലാത്തിനു തോന്നുകയാണെങ്കിൽ അദ്ദേഹത്തിന്റെ തീരുമാനം ആക്ഷേപിക്കപ്പെടാൻ പാ ടുള്ളതല്ല. അതിനെ ശക്തമായി എതിർക്കുന്ന ഒരാളും തന്നെ ഉണ്ടാകാൻ പാടില്ല. അതുപോലെ തന്നെ ഇക്കാര്യം നിയന്ത്രിക്കുന്ന ആളുടെ കഴിവനുസരിച്ചു കൂടി ബന്ധപ്പെട്ടിട്ടുള്ളതാണ്. അതായത് കൂടുതൽ ആളുകൾ വരുന്നത് പ്രതീക്ഷിച്ചിരിക്കുന്നതാണോ ഉചിതം അതല്ല ഇപ്പോൾ സന്നിഹിതരായിരിക്കുന്ന നമസ്കാരക്കാരെ മുഷിപ്പിക്കുന്നതോർത്ത് സമയത്ത് തന്നെ നമസ്കരിക്കുന്നതാണോ ഉചിതം എന്ന് അവസ്ഥയനുസരിച്ച് അനുയോജ്യമാം വിധം തീരുമാനമെടുക്കേണ്ടതാണ്. പൊതുനന്മ നോക്കി പ്രവർത്തിക്കേണ്ടതാണ്.

## ഇമാമുസ്സലാത്ത് ഒറ്റയ്ക്ക് നമസ്കരിക്കുകയും മുഖ്ത്തദി പിന്നീട് വരികയും ചെയ്താൽ അതേ ഇമാം തന്നെ അവർക്ക് നമസ്കാരത്തിന് നേതൃത്വം നൽകണമോ, അതല്ല അദ്ദേഹത്തിന്റെ അനുമതിയോടെ മറ്റൊരാൾക്ക് നമസ്കരിപ്പിക്കാമോ?

ഉത്തരം: നമസ്കരിപ്പിക്കാൻ കഴിവുള്ള, അക്ഷരജ്ഞാനമുള്ള ആരെങ്കിലും നമസ്കാരക്കാരിൽ ഉണ്ട് എങ്കിൽ മറ്റൊരാൾ തന്നെ നമസ്കരിപ്പിക്കുന്നതായിരിക്കും ഉത്തമം. കാരണം ഇസ്ലാമിൽ വർണ്ണവ്യത്യാസത്തിനും പൗരോഹിത്യത്തിനും യാതൊരിടവുമില്ല.

ഇനി അഥവാ നമസ്കാരത്തിനായി വന്നവരിൽ ഇമാമത്ത് ചെയ്യുവാൻ അറിയുന്നവരായി ആരും തന്നെ ഇല്ലായെങ്കിൽ അപ്പോൾ നമസ്കരിച്ചു കഴിഞ്ഞ യഥാർത്ഥ ഇമാമിനു തന്നെ നമസ്കരിപ്പിക്കാവുന്നതാണ്. അങ്ങിനെ ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. ചില സ്വഹാബാക്കൾ തിരുനബി(സ)യുടെ പുറകിൽ നമസ്കാരം നിർവ്വഹിച്ച് ശേഷം പിന്നീട് സ്വന്തം മഹല്ലയുടെ പള്ളിയിൽ വന്ന് നമസ്കരിപ്പിക്കാറുണ്ടായിരുന്നു.

## ഒരാൾ ഇശാ നമസ്കാരവും വിത്റും തനിച്ച് നമസ്കരിച്ചു. അതിനു ശേഷം ജമാഅത്ത് നമസ്കാരം നടക്കാൻ പോകുകയാണ്. എങ്കിൽ ആ വ്യക്തിക്ക് ജമാഅത്തിൽ ചേരാമോ?

അങ്ങിനെയുള്ള വ്യക്തിക്ക് ജമാഅത്ത് നമസ്കാരത്തിൽ ചേരാം. അതിൽ യാതൊരു തെറ്റുമില്ല. കാരണം ഹദീസിൽ അതിനുള്ള അനുവാദമുണ്ട്....... പക്ഷെ അങ്ങിനെ ചെയ്യുന്നയാൾ വിത്ർ രണ്ടാമതും നമസ്കരിക്കേണ്ടതാണ് ....... (ഫിഖ്ഹ് അഹ്മദിയ്യ പേജ് :142,143)

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)






# അലയ്ക്ക ബി ദാത്തിദ്ദീൻ

## ദീനിന്റെ അർത്ഥം

നബിതിരുമേനി(സ) നിർദ്ദേശിക്കുന്നു, അലയ്ക്ക ബിദാത്തിദ്ദീനി തരിബത് യദാക്ക. നീ ദീനീബോധമുള്ള സ്ത്രീയെ കൊണ്ടുവരിക. അവൾ നിന്റെ ഉത്തരവാദിത്വങ്ങളെ പൂർത്തിയാക്കുന്നതിൽ നിന്റെ സഹായിയായിരിക്കും. നിങ്ങൾ ചിന്തിച്ച് നോക്കുക, ദീനീബോധമുള്ള സ്ത്രീകൾ വരുന്നിടത്തെല്ലാം ദീനിന് ഗുണകരമായ കാര്യങ്ങളാണ് ചെയ്യപ്പെടുന്നത്. ദീൻ എന്നത് ഒരു പ്രത്യേക വസ്തുവിന്റെ പേരല്ല. ദീൻ നമസ്കാരത്തിന്റെ പേരാകുന്നു, ദീൻ നോമ്പിന്റെ പേരാകുന്നു, ദീൻ ഹജ്ജിന്റെ പേരാകുന്നു, ദീൻ സക്കാത്തിന്റെ പേരാകുന്നു, പരിശ്രമത്തിന്റെ പേരാകുന്നു, ദീൻ ആത്മീയതയുടെ പേരാകുന്നു. ചുരുക്കത്തിൽ ദീൻ ആയിരക്കണക്കിന് കാര്യങ്ങളുടെ പേരാകുന്നു. തന്റെ തൊഴിലിൽ നന്നായി പരിശ്രമിക്കുന്നവൻ ദീനീബോധമുള്ളവനാകുന്നു. ................ നല്ല നിലയിൽ നിലം ഉഴുകുന്ന കൃഷിക്കാരൻ ദീനീബോധമുള്ളവനാകുന്നു. ദീനീബോധം വളരെ വിശാലമായ ഒരു കാര്യമാകുന്നു. അതിനാൽ അലൈക്ക ബി ദാത്തിദ്ദീനി എന്നതിന്റെ അർത്ഥം അവൾ സ്വയം തന്റെ കടമകൾ നിർവഹിക്കുന്നവളും കുടുംബത്തെ അതിന്റെ കടമകൾ നിറവേറ്റുന്നതിൽ സഹായിക്കുന്നവളുമായിരിക്കണം എന്നതാണ്. ഇങ്ങനെ സംഭവിക്കുമ്പോൾ നിശ്ചയമായും കലാപങ്ങളും കലഹങ്ങളും ഇല്ലാതാകുന്നു.

## അവകാശങ്ങൾ നേടിക്കൊടുക്കുക

ലോകത്ത് ഓരോരുത്തരും അവരവരുടെ അവകാശങ്ങൾ ചോദിക്കുന്നതായി നാം കാണുന്നു. എന്നാൽ ദീനീബോധമുള്ളവർ മറ്റുള്ളവർക്ക് അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കുന്നു. കുട്ടികളെ സേവിക്കുന്നതിന് പകരമായി മാതാപിതാക്കളെ സേവിക്കുകയാണെങ്കിൽ അവരുടെ കുട്ടികൾ അവരെ സേവിക്കാൻ തുടങ്ങുകയും സ്വന്തം അവകാശം നേടുന്നതിനു പകരം മറ്റുള്ളവർക്ക് അവരുടെ അവകാശം നൽകുന്നതുമായിരിക്കും. അതേ പോലെ മനുഷ്യൻ മറ്റുള്ളവർക്ക് അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കുകയും സ്വന്തം അവകാശത്തിൽ ശാഠ്യം പിടിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അവകാശങ്ങൾ ലഭിക്കുക തന്നെ ചെയ്യും, പക്ഷേ ശാന്തി നിലനാട്ടുന്നതിൽ കൂടുതൽ സഹായകരമായിത്തീരും.

## നന്മയായിത്തീരുന്നു

ഭർത്താവ് ഭാര്യയോട് പറയുന്നു, നീ എന്റെ മാതാപിതാക്കളെ സേവിക്കുക. ഭാര്യ ഭർത്താവിനോട് പറയുന്നു, നിങ്ങൾ എന്റെ മാതാപിതാക്കളോട് നല്ലനിലയിൽ പെരുമാറുക. അഥവാ ആ രണ്ടു കുടുംബങ്ങളും മാന്യരാണെങ്കിൽ ഭാര്യ ഭർത്താവിന്റെ മാതാപിതാക്കളെ സേവിക്കുന്നതാണ്, ഭർത്താവ് ഭാര്യയുടെ മാതാപിതാക്കളെയും സേവിക്കുന്നതാണ്. എന്നാൽ അതിനു പകരം നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ സേവിക്കുക എന്ന് ഭാര്യ ഭർത്താവിനോട് പറയുകയും, നീ നിന്റെ മാതാപിതാക്കളെ സേവിക്കുക എന്ന് ഭർത്താവ് ഭാര്യയോട് പറയുകയും ചെയ്യുകയാണെങ്കിൽ അപ്പോഴും കാര്യം ഒന്നു തന്നെയായിരിക്കും എന്നാൽ അതിലുള്ള വ്യത്യാസം ഇടയിൽ നിന്നും വ്യക്തിഗതലക്ഷ്യം ഇല്ലാതാകുകയും, ശ്രദ്ധ ചെലുത്തുന്നത് നന്മയായിത്തീരുകയും ചെയ്യുന്നു. കാരണം തന്റെ അവകാശം ആവശ്യപ്പെടുകയല്ല മറിച്ച് ഒരു നന്മയുടെ മാർഗത്തിൽ മറ്റുള്ളവരെ ചലിപ്പിക്കലാകുന്നു. ഈ അവസ്ഥയിലും മുമ്പത്തെപോലെ തന്നെ അവകാശങ്ങൾ ലഭിക്കുന്നതാണെങ്കിലും അതിനു പകരം ജനങ്ങൾ സ്വന്തം അവകാശങ്ങളാണ് അവശ്യപ്പെടുന്നത്. അഥവാ ജനങ്ങൾ മറ്റുള്ളവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാൻ ശ്രമിക്കുകയാണെങ്കിൽ സ്വന്തം അവകാശങ്ങൾ ലഭിക്കുന്നതോടൊപ്പം തന്നെ ലോകത്ത് ശാന്തി സ്ഥാപിതമാകുകയും ചെയ്യും.

## ഇരട്ടി പ്രതിഫലം

നബിതിരുമേനി (സ) പറയുന്നു, നന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നവർക്ക് രണ്ട് പ്രതിഫലം ലഭിക്കുന്നു. ഒന്ന് നന്മ ചെയ്യാൻ പ്രേരിപ്പിച്ചതിന്റെ, രണ്ടാമത്തേത് ആ പ്രേരണയാൽ മറ്റുള്ളവർ ചെയ്ത നന്മയുടെ. അതിനാൽ ലോകത്ത് ശാന്തി സ്ഥാപിക്കുന്നതിന്നായി മറ്റുള്ളവരുടെ അവകാശങ്ങൾ നേടിക്കൊടുക്കുക.

## ഉത്തമഗൃഹം

കടമകളും ഉത്തരവാദിത്വങ്ങളുമാണ് ദീനിന്റെ അർത്ഥം എന്നുള്ളതാണ് നബിതിരുമേനി (സ)യുടെ പ്രസ്തുത ഹദീസ് സൂചിപ്പിക്കുന്നത്. അലൈക്ക ബി ദാത്തിദ്ദീനി എന്നതിന്റെ അർത്ഥം, തന്റെ കടമകളേയും ഉത്തരവാദിത്വങ്ങളേയും മനസ്സിലാക്കുന്ന സ്ത്രീയെ നീ കൊണ്ടുവരിക എന്നാകുന്നു. അതുപോലെ സ്ത്രീകൾക്കായി തങ്ങളുടെ കടമകളേയും ഉത്തരവാദിത്വങ്ങളേയും മനസ്സിലാക്കുന്ന ഭർത്താക്കന്മാരെ അന്വേഷിക്കുക. രണ്ടുപേരും അവരവരുടെ കടമകളും ഉത്തരവാദിത്വങ്ങളും മനസ്സിലാക്കിയാൽ നിശ്ചയമായും ലോകത്ത് സമാധാനം സ്ഥാപിതമാകുന്നതാണ്. രണ്ട് പേരും തന്താങ്ങളുടെ കടമകൾ മനസ്സിലാക്കുമ്പോൾ പ്രതിഫലത്തിലും ഭാഗവാക്കാകുന്നതാണ്. തഹജ്ജുദിന്റെ സമയത്ത് ഭാര്യ ഉണർന്നില്ലായെങ്കിൽ ഭർത്താവ് അവളുടെ മുഖത്ത് വെള്ളം കുടയുകയും, ഭർത്താവ് ഉണർന്നില്ലായെങ്കിൽ ഭാര്യ അയാളുടെ മുഖത്ത് വെള്ളം കുടയുകയും ചെയ്യുന്ന ഭവനമാണ് ഉത്തമഗൃഹം എന്ന് നബിതിരുമേനി (സ) പറഞ്ഞത് ഈ അർത്ഥത്തിലാണ്. (മിശ്കാത്ത് കിത്താബുസ്സ്വലാത്ത്). പരസ്പരമുള്ള കടമകൾ ഓർമപ്പെടുത്തുന്നതിനുവേണ്ടി തിരുനബി(സ) നൽകിയ ഒരു ഉദാഹരണമാണിത്. പറയുന്നു, പുരുഷനും സ്ത്രീയും അങ്ങിനെ ആയിത്തീരേണ്ടതാണ്.

## വിവാഹത്തിന്റെ നിയ്യത്ത്

ചുരുക്കത്തിൽ ഓരോരുത്തരും വിവാഹസമയത്ത് തന്നിൽ ഏൽപ്പിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. എന്നെ സേവിക്കുന്ന ഒരു സ്ത്രീയാണ് വേണ്ടത് എന്ന് ചിന്തിച്ചുകൊണ്ട് വിവാഹം കഴിക്കരുത്. പ്രത്യുത, സ്വന്തം ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് എന്റെ കടമകളിലേക്ക് എന്റെ ശ്രദ്ധ ക്ഷണിക്കുന്ന സ്ത്രീയായിരിക്കണം. അ ങ്ങിനെ ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് ചേർന്ന് അല്ലാഹു നമ്മിൽ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങളെയും കടമകളേയും നിറവേറ്റാം എന്ന നിയ്യത്തിലും ആഗ്രഹത്തിലുമായിരിക്കണം വിവാഹം കഴിക്കേണ്ടത്. അങ്ങിനെ ഈ രീതിയിൽ വിവാഹങ്ങൾ നടക്കുകയാണെങ്കിൽ നിശ്ചയമായും കലഹങ്ങൾ ഇല്ലാതായിത്തീരുന്നതാണ്. ഭർത്താവ് ഭാര്യാവീട്ടുകാരോട് മോശമായി പെരുമാറുന്നതല്ല, ഭാര്യ ഭർതൃവീട്ടുകാരോട് മോശമായി പെരുമാറുന്നതല്ല. പ്രത്യുത അവർ പരസ്പരം സഹായികളായിത്തീരുന്നതാണ്. ലോകത്ത് സമാധാനം സ്ഥാപിക്കുവാനുള്ള മാർഗമാണിത്.

(ഖുത്ബുബ നിക്കാഹ് ഹ.ഖലീഫത്തുൽ മസീഹ് സാനി (റ). അവലംബം അൽഫള്ൽ 1999 സെപ്തംബർ 23)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2012 ഏപ്രിൽ
പുസ്തകം 20 ലക്കം 4

യുഗനാദം

ഹദ്റത് അഹ്മദ്(അ)



# നാം സുകൃതവാന്മാർ

നല്ലതും തീയതും തമ്മിൽ വേർതിരിച്ചറിയാൻ കഴിയാത്ത, തിന്മകളേയും നീചകൃത്യങ്ങളേയും അലംകൃതമാക്കി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. കമ്പ്യൂട്ടറും ഇന്റർനെറ്റും ഇന്ന് എല്ലാ സീമകളേയും അതിർവരമ്പുകളേയും ലംഘിച്ചുകൊണ്ട് സകലമാന തിന്മകളേയും നീചകൃത്യങ്ങളേയും ഒരു അടഞ്ഞ മുറിക്കുള്ളിലേക്ക് എത്തിച്ചിരിക്കുകയാണ്. സോഷ്യൽ നെറ്റ്‌വർക്ക് എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഫേസ്ബുക്ക്, ഓർക്കുട്ട് തുടങ്ങിയവ മനുഷ്യനെ നഗ്നരാക്കി ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിൽ പരസ്പരം മൽസരിച്ചുകൊണ്ടിരിക്കുന്നു. അറിഞ്ഞും അറിയാതെയും ഈ ചതിക്കുഴികളിൽ പെട്ട് തങ്ങളുടെ ജീവിതത്തെ അകാലത്തിൽ ഹോമിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.എന്തിനേറെ എല്ലാ വൈകൃതങ്ങളേയും കാപ്സ്യൂൾ രൂപത്തിലാക്കി പോക്കറ്റിലാക്കി നടക്കാൻ കഴിയുന്ന കാലവും വന്നെത്തിയിരിക്കുന്നു. ഇത് മനുഷ്യനെ വലിയ വലിയ അപരാധങ്ങളെപോലും നിസാരമായി കാണുന്ന മാനസികാവസ്ഥയിലേക്കെത്തിച്ചിരിക്കുന്നു. മൃഗങ്ങളെപ്പോലും ലജ്ജിപ്പിച്ചുകൊണ്ട് ഇന്ന് ലോകത്ത് നടമാടുന്ന അപരാധങ്ങളെ നിസംഗതയോടെ വീക്ഷിക്കുന്നവരാണ് ഭൂരിഭാഗവും. ഒരോ ദിവസവും പത്രമാധ്യമങ്ങൾ ഇത്തരത്തിലുള്ള കൊല്ലും കൊലയും അപരാധങ്ങളും അനാശാസ്യവും അസാന്മാർഗികവുമായ പ്രവർത്തനങ്ങളാൽ നിറഞ്ഞിരിക്കുന്നതായി നാം കാണുന്നു. ഇന്ന് പല അസാന്മാർഗിക പ്രവർത്തനങ്ങളും നിയമത്തിന്റെ പരിരക്ഷ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ചയും നാം കാണുന്നു.
ഇത്തരത്തിൽ നാലുപാടും നാശത്തിന്റേയും അധപതനത്തിന്റേയും വലകൾ വിരിച്ച് കാത്തുനിൽക്കുന്ന ഈ കാലഘട്ടത്തിൽ നാം നമ്മുടെ ഓരോ ചുവടുകളും ശ്രദ്ധയോടെ നീക്കുന്നില്ലായെങ്കിൽ നാശത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടുപോകാൻ താമസമുണ്ടാകില്ല. ഞാൻ മനുഷ്യനെ വഴിപിഴപ്പിക്കുന്നതിനായി അവന്റെ നാലു ഭാഗത്തു നിന്നും അക്രമിക്കുന്നതാണെന്ന ശൈത്വാനിക വാക്ക് അക്ഷരംപ്രതി പുലർന്നു കഴിഞ്ഞു.
എന്നാൽ തന്നിൽ വിശ്വാസമർപ്പിക്കുന്ന തന്റെ യഥാർത്ഥ ദാസരെ അല്ലാഹു ഈ വിപത്തുകളിൽ നിന്നും നാശങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. ഇക്കാലത്ത് ലോകത്തെ നാശത്തിൽ നിന്നും രക്ഷിക്കുന്നതിന്നായി അല്ലാഹു അയച്ച രക്ഷകനെ സ്വീകരിക്കാനും ബൈഅത്ത് ചെയ്യുവാനും ഭാഗ്യം സിദ്ധിച്ച നാം അക്ഷരാർത്ഥത്തിൽ സുകൃതവാന്മരാണ്. എല്ലാ തിന്മകളുടേയും മായാപ്രപഞ്ചത്തിൽ നിന്നും കാലത്തിന്റെ ഇമാം നമ്മെ ജാഗ്രതപ്പെടുത്തുകയും അതിന്റെ ദുസ്വാധീനത്തിൽ നിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് തരികയും ചെയ്യുന്നു.
ഈ നിർദേശങ്ങളേയും ഉപദേശങ്ങളേയും ശ്രവിച്ച് അത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തിമാക്കുക എന്നതാണ് നമ്മുടെ ധർമ്മം. തിന്മകളെ വർജ്ജിക്കുന്നതും കാലത്തിന്റെ ഖലീഫയുടെ എല്ലാ നിർദ്ദേശങ്ങളേയും അനുസരിക്കുന്നതുമാണെന്ന പ്രതിജ്ഞ ചെയ്തിട്ടുള്ള നാം തിന്മയിൽ അകപ്പെടുകയാണെങ്കിൽ അതിനുള്ള ദൈവിക ശിക്ഷ ഇരട്ടിയായിരിക്കും എന്നതും ഓർമിക്കേണ്ടതാണ്.
അല്ലാഹു നമ്മെ എല്ലാ തിന്മകളിൽ നിന്നും ആജ്ഞാലംഘനത്തിൽ നിന്നും അവന്റെ അനുഗ്രഹത്താൽ രക്ഷിക്കുമാറാകട്ടെ . ആമീൻ

## പാപം എങ്ങിനെയാണ് ഉണ്ടാകുന്നത്?

സാധാരണ വാക്കുകളിൽ ഈ ചോദ്യത്തിനുള്ള മറുപടി ഇതാണ്, ദൈവേതരങ്ങളുടെ സ്നേഹം മനുഷ്യഹൃദയങ്ങളിൽ കുടികൊള്ളുമ്പോൾ ആ വൃത്തിയുള്ള ദർപ്പണത്തിൽ ഒരു തരത്തിലുള്ള കറ പോലെ സംജാതമാകുന്നു. തൽഫലമായി പതുക്കെ പതുക്കെ അത് തികച്ചും ഇരുണ്ടതായിത്തീരുന്നു. അന്യത വലയം ചെയ്തുകൊണ്ട് അതിനെ ദൈവത്തിൽ നിന്നും അകറ്റിക്കളയുന്നു. ഇതാണ് ശിർക്കിന്റെ വേര്.

(മൽഫൂസാത്ത്, വാള്യം 3)

## നിന്മയെ അവഗണിക്കരുത്

ചിലർ തിന്മ ചെയ്യുന്നു. പിന്നീടതിനെ അവഗണിക്കുന്നു. അതായത് തിന്മയെ ഒരു മധുരപാനീയമായി കണക്കാക്കുന്നു. അതുകൊണ്ടൊരു നഷ്ടവുമില്ല എന്നവർ പറയുന്നു. എന്നാൽ ഓർത്തുകൊള്ളുക, അല്ലാഹു സർവ്വദാ പൊറുക്കുന്നവനും കരുണാർദ്രനാണെന്നതുപോലെ തന്നെ നിരാശ്രയനുമാകുന്നു. കോപം വന്നാൽ അവൻ ആരേയും വകവെക്കില്ല. അല്ലാഹു പറയുന്നു, വലാ യഖാഫു ഉഖ്ബാഹാ (അശ്ശംസ്-16). അതായത്, ഇന്ന വ്യക്തി നശിച്ചാൽ അവന്റെ അനാഥസന്താനങ്ങളുടെ അവസ്ഥ എന്താകും എന്ന് പോലും പരിഗണിക്കില്ല. ഇക്കാലത്തെ അവസ്ഥ ഇതുതന്നെയാണ്... ................. അതിനാൽ തിന്മ ചെയ്താൽ അതിനെ അവഗണിക്കാതിരിക്കുക. എപ്പോഴും തൗബ ചെയ്തുകൊണ്ടിരിക്കുക.

(മൽഫൂസാത്ത്, വാള്യം 3)

## മരണത്തെ ഓർക്കുക

പാപങ്ങളിൽ നിന്നും രക്ഷയ്ക്കുള്ള രണ്ടാമത്തെ മാർഗം മരണത്തെക്കുറിച്ച് ചിന്തിക്കുക എന്നതാണ്. മരണത്തെ മനുഷ്യൻ തന്റെ മുന്നിൽ വെക്കുകയാണെങ്കിൽ തിന്മകളിൽ നിന്നും ദുഷ്കർമ്മങ്ങളിൽ നിന്നും അവൻ ഒഴിഞ്ഞുമാറുന്നതാണ്. അല്ലാഹുവിൽ അവന് ഒരു നവവിശ്വാസം കൈവരുന്നു. തന്റെ മുൻ പാപങ്ങളിൽ പശ്ചാത്തപിക്കുവാനും ലജ്ജിക്കുവാനുമുള്ള അവസരം ലഭിക്കുന്നു. നിസാരനായ മനുഷ്യന്റെ അസ്ഥിത്വം തന്നെ എന്താണ്? ഒരു ശ്വാസത്തിലാണ് ആശ്രയം. പിന്നെന്തുകൊണ്ട് പരലോകത്തെ കുറിച്ച് ചിന്തിക്കുന്നില്ല? മരണത്തെ ഭയപ്പെടുന്നില്ല? മാനുഷികവും മൃഗീയവുമായ വികാരങ്ങൾക്കടിപ്പെട്ടുകൊണ്ട് ആയുസ്സ് പാഴാക്കുന്നു.

(മൽഫൂസാത്ത്, വാള്യം 3)

## പരിശുദ്ധി കൈവരിക്കുക

തഖ്വ (ദൈവഭക്തി) കുറഞ്ഞിരിക്കുന്നു. ചിലർ പ്രത്യക്ഷമായ നിലയിൽ നീചകർമ്മങ്ങളിൽ അകപ്പെട്ടുകൊണ്ട് അപരാധങ്ങളും തിന്മകളും നിറഞ്ഞ ജീവിതം കഴിച്ചുകൂട്ടുന്നു. മറ്റ് ചിലരുടെ കർമ്മങ്ങളിൽ ഒരു തരത്തിലുള്ള അശുദ്ധിയുടെ കലർപ്പ് ഉണ്ടായിരിക്കുന്നു. എന്നാൽ നല്ല ഭക്ഷണത്തിൽ അല്പം വിഷം കലർന്നാലും മുഴുവൻ ഭക്ഷണവും വിഷമയമാകുന്നു എന്നവർ അറിയുന്നില്ല. മറ്റ് ചിലർ അതിസൂക്ഷ്മ ശാഖകളുള്ള ചെറിയ ചെറിയ തിന്മകളും പ്രകടനങ്ങളും പോലുള്ളവയിൽ മുഴുകിയിരിക്കുന്നു. ലോകത്തിന് ഭക്തിയും പരിശുദ്ധിയും നിറഞ്ഞ ജീവിതത്തിന്റെ മാതൃക കാണിക്കുവാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഇതേ ഉദ്ദേശ്യത്തിനു വേണ്ടിയാണ് അവൻ ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചത്. അവൻ ശുദ്ധീകരണം ആഗ്രഹിക്കുന്നു. ഒരു പരിശുദ്ധ ജമാഅത്ത് ഉണ്ടാക്കുക അവന്റെ ആഗ്രഹമാണ്.

(മൽഫൂസാത്ത് വാള്യം-3)




# മതം സമാധാനത്തിന്

അല്ലാഹു സമാധാനഗേഹത്തിലേക്ക് നിങ്ങളെ വിളിക്കുന്നു. (10:26)

"ദൈവപ്രോക്തങ്ങളായ സകലമതങ്ങളും സമാധാനമാണ് ഉൽഘോഷിക്കുന്നത്. പരസ്പരം അക്രമം പ്രവർത്തിക്കുന്നതിന് ഒരു മതവും ആഹ്വാനം ചെയ്യുന്നില്ല. പരസ്പരം സ്നേഹവും സമാധാനവുമാണ് എല്ലാ കാലത്തും വന്ന പ്രവാചകന്മാർ ഉൽഘോഷിച്ചത്. ലോകത്ത് നടന്ന ഏറ്റവും വലിയ അക്രമണങ്ങളായ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ നിമിത്തം മതമായിരുന്നില്ല. ലോകത്ത് നടന്ന വൻ അക്രമണങ്ങളുടെ പിന്നിലും മതങ്ങളെ കാണാൻ സാധ്യമല്ല. ഇന്നത്തെ ലോകത്ത് അമേരിക്ക നടത്തുന്ന അക്രമണങ്ങളും ഇസ്രായീലിന്റെ കൂട്ടക്കുരുതിയും മറ്റും മതപ്രേരകമല്ല"

## മതത്തിൽ നിർബന്ധമില്ല

**മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കയ്പ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അതൊരിക്കലും മുറിഞ്ഞു പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനും ആകുന്നു.** (2:257)



ഈ വചനത്തിൽ നിർബന്ധപൂർവ്വം ഒരാളുടെ വിശ്വാസം മാറ്റുന്നതിനെ പൂർണ്ണമായും എതിർത്തിരിക്കുന്നു, ലാ ഇക്റാഹ ഫിദ്ദീൻ എന്നതിന്റെ വിവക്ഷിതം തന്നെ മതം വിശ്വസിക്കുന്ന കാര്യത്തിൽ അൽപം പോലും നിർബന്ധം ചെലുത്തുന്നത് അനുവദനീയമല്ല എന്നാണ്.. തനിക്കിഷ്ടമുള്ള മതവും വിശ്വാസവും വെച്ചു പുലർത്താൻ ഓരോ മനുഷ്യനും സ്വാതന്ത്ര്യമുണ്ട്. സത്യം മനസ്സിലാക്കികൊണ്ട് ഒരാൾ വിശ്വസിക്കുമ്പോൾ അവൻ വളരെ ഉറപ്പുള്ളതും ബലവത്തായതുമായ കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. ആ കൈ മുറിച്ചുമാറ്റപ്പെട്ടേക്കാം. പക്ഷേ, പിടുത്തം വിടുവിക്കാൻ സാധ്യമല്ല.

## മതമൈത്രി

**അല്ലാഹുവിന് പുറമേ അവർ മറ്റാരെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും.(6:109)**



അന്യമതസ്ഥരുടെ ആരാധ്യരെ പരിഹസിക്കരുതെന്ന് വിശുദ്ധ ഖുർആൻ അതിന്റെ അനുവാചകരോട് ആവശ്യപ്പെടുന്നു. ഇത് വിശുദ്ധ ഖുർആന്റെ സഹിഷ്ണുതയും സഹവർത്തിത്വമനോഭാവവും സമാധാന ചിന്തയുമാണ് ഉയർത്തിക്കാണിക്കുന്നത്. ബഹുദൈവാരാധനയെ ഒരിക്കലും അംഗീകരിച്ചിട്ടില്ലാത്ത ഇസ്ലാമിന്റെ ഇതര മതങ്ങളോടുള്ള സമീപനം കൂടിയാണിത്. യുദ്ധത്തിൽ പോലും മറ്റ് മതങ്ങളുടെ ആരാധനാലയങ്ങളേയും മതപുരോഹിതന്മാരേയും ആക്രമിക്കരുതെന്ന തിരുനബി മൊഴികളും ഇവിടെ ഏറെ ശ്രദ്ധേയമാണ് .

## ഇസ്ലാമിക സ്വർഗ്ഗം

**സത്യവിശ്വാസം സ്വീകരിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരെ സന്തോഷവാർത്ത അറിയിക്കുക. അവർക്ക് താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങൾ ഉണ്ട്. അവിടെ വെച്ച് അവർക്ക് കായ്കനികളിൽ നിന്ന് വല്ലതും ആഹാരമായി നൽകപ്പെടുമ്പോഴെല്ലാം, ഇത് മുമ്പേ ഞങ്ങൾക്ക് (ഐഹികജീവിതത്തിൽ) നൽകപ്പെട്ടിരിക്കുന്നത് തന്നെയാണെന്ന് അവർ പറയും. അന്യോന്യം സദൃശ്യമായ വിധത്തിലാണ് അതവർക്ക് നൽകപ്പെടുക. അവിടെ അവർക്ക് പരിശുദ്ധരായ ഇണകളുമുണ്ടായിരിക്കും; അവരതിൽ നിത്യവാസികളുമായിരിക്കും** (2:26)

ഇസ്ലാം വിഭാവനം ചെയ്യുന്ന സ്വർഗ്ഗം ഈ ലോകത്ത് നിന്നു തന്നെ ആരംഭിക്കുന്നു. പരലോകത്ത് ലഭ്യമാകാനുള്ള സ്വർഗ്ഗം ഈ ലോകത്ത് സ്വർഗ്ഗം ലഭ്യമായവന് മാത്രമേ കരഗതമാവുകയുള്ളൂ.

വിശുദ്ധ ഖുർആൻ പല ഭാഗങ്ങളിലായി ഇസ്ലാമിക സ്വർഗ്ഗത്തിന്റെ നാലു സവിശേഷതകൾ എടുത്തു പറയുന്നുണ്ട്.

ആഹാരം, പാർപ്പിടം, വസ്ത്രം, ശുദ്ധജലം. ഇവയെല്ലാം ആത്മീയവും ഭൗതീകവുമായി ലഭ്യമാകുമ്പോഴാണ് സ്വർഗ്ഗം സാർത്ഥമാകുന്നത്.



# ഹദ്റത്ത് സഅദ് (റ)ഇബ്നു മആസ്

*ഓസ് ഗോത്രത്തിലെ ബനൂ അബ്ദുൽ അശ്ഹാൽ വംശം. ഓസ് ഗോത്രത്തിന്റെ നേതാവ്. മാതാവ് - ഹദ്റത്ത് കബ്ശ (റ). അബൂ ഉമർ എന്ന പേരിലറിയപ്പെടുന്നു.*

## ഇസ്ലാം മതം സ്വീകരിക്കുന്നു.

ഇസ്ലാമിലെ ആദ്യ മുബല്ലിഗായ മുഅ്സബ് ഇബ്നു ഉമൈർ (റ) മുഖാന്തിരം ഇസ്ലാം സ്വീകരിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹം ബൈഅത്ത് ചെയ്ത ദിവസം യഥാർത്ഥത്തിൽ മദീനയിൽ ഇസ്ലാമിക വിജയത്തിന്റെ അടിസ്ഥാനമിട്ട ദിനമായിരുന്നു. ഹദ്റത്ത് സഅദ്(റ) തന്റെ സമുദായത്തോട് പറഞ്ഞു, നിങ്ങൾ മുസ്ലിമാകുന്നതുവരെ നിങ്ങളോട് സംസാരിക്കുന്നത് എനിക്ക് ഹറാമാകുന്നു. അങ്ങിനെ അബ്ദുൽ അശ്ഹാൽ ഗോത്രം മുഴുവനായും ഇസ്ലാം മതം സ്വീകരിച്ചു. അവരുടെ എണ്ണം ആയിരത്തോളമായിരുന്നു. മുസ്ലിമായതിനുശേഷം ദീർഘവീക്ഷണത്തിനുടമായ അദ്ദേഹം തന്റെ ഗോത്രത്തിലെ നവമുസ്ലിംകളുടെ ശിക്ഷണത്തിനും തബ്ലീഗിനെ മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി മുഅ്സബ് ഇബ്നു ഉമൈർ(റ) നെ തന്റടുക്കലേക്ക് കൊണ്ടുവന്നു. അദ്ദേഹത്തിന്റെ താമസത്തിനും ഭക്ഷണത്തിനുമുള്ള വ്യവസ്ഥിതിയും ഏർപ്പെടുത്തി. മദീനയിലേക്കുള്ള ഹിജ്റത്തിനുശേഷം സഅദിനെപ്പോലെയുള്ളവരുടെ ഉപസ്ഥിതി ഇസ്ലാമിന് വളരെയധികം അനുഗ്രഹമായിത്തീർന്നു. ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ) എന്നിവരെ പോലെ സഅദ്(റ) വും തിരുമേനി (സ) യുടെ സഹായിയും നിർദ്ദേശകനുമായിത്തീർന്നു.

## കഅ്ബാ പ്രദക്ഷിണം

മദീനയിലെ നേതാവ് എന്ന നിലയിൽ മക്കയിലെ നേതാക്കളുമായി അദ്ദേഹത്തിന് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. ഉമയ്യ ബിൻ ഖൽഫ് അടുത്ത സുഹൃത്തായിരുന്നു. തിരുമേനി (സ)യുടെ മദീനാ ഹിജ്റത്തിനു ശേഷം അദ്ദേഹം ഉംറ നിർവഹിക്കുവാനായി പുറപ്പെട്ടു. ഉമയ്യയുടെ അതിഥിയായി താമസിച്ചു. മുസ്ലിംകൾക്ക് കടുത്ത എതിർപ്പുണ്ടായിരുന്നതിനാൽ ഒഴിഞ്ഞ സമയത്ത് തനിക്ക് കഅ്ബാ പ്രദക്ഷിണത്തിനായുള്ള അവസരം ഒരുക്കിതരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ അതിനായി പുറപ്പെട്ടപ്പോൾ വഴിയിൽ അബൂജഹലുമായി കണ്ടുമുട്ടി. ആരാണെന്ന ചോദ്യത്തിന് മറുപടിയായി ഉമയ്യ പറഞ്ഞു, എന്റെ സുഹൃത്തായ സഅദ്. അപ്പോൾ അബുജഹൽ സഅദ്(റ)നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു, മക്കയിൽ ശാന്തരായി കഅ്ബാ പ്രദക്ഷിണം ചെയ്യുന്നതായി ഞാൻ കാണുന്നു. നിങ്ങൾ നിർമതർക്ക് (മുസ്ലിംകൾക്ക്) അഭയം നൽകുകയും അവർക്കുവേണ്ട സഹായവും നൽകുന്നു. അല്ലാഹുവാണെ, അഥവാ മക്കയിലെ നേതാവായ അബൂ സഫ്വാൻ (ഉമയ്യ) നിങ്ങളോടൊപ്പമില്ലായിരുന്നുവെങ്കിൽ നീ ഇന്ന് നല്ല നിലയിൽ വീട്ടിലേക്ക് മടങ്ങില്ലായിരുന്നു. ഉടൻ തന്നെ ശക്തമായ നിലയിൽ മറുപടി നൽകിക്കൊണ്ട് സഅദ് (റ) പറഞ്ഞു, കഅ്ബാ പ്രദക്ഷിണത്തിൽ നിന്ന് എന്നെ ഇന്ന് തടയുകയാണെങ്കിൽ ഓർത്തുകൊള്ളുക, ശാമിലേക്ക് പോകുന്ന കച്ചവടസംഘത്തെ ഞാൻ തടയുന്നതാണ്. അത് നിങ്ങൾക്ക് വലിയ പ്രയാസവും ബുദ്ധിമുട്ടും ആയിത്തീരും. പ്രശ്നം പരിഹരിക്കുവാനായി ഉമയ്യ പറഞ്ഞു, സഅദേ മക്കയിലെ നേതാവായ അബുൽ ഹക്കമിനു മുന്നിൽ ഇത്ര കഠിനവാക്കുകൾ ഉപയോഗിക്കരുത്. ഉടൻ മറുപടി നൽകിക്കൊണ്ട് പറഞ്ഞു, നീ ഞങ്ങളുടെ കാര്യത്തിൽ ഇടപെടേണ്ട. അല്ലാഹുവാണെ, നിങ്ങൾ മുസ്ലിംകളുടെ കയ്യാൽ വധിക്കപ്പെടുന്നതാണെന്ന് റസൂൽ(സ)യിൽ നിന്നും ഞാൻ കേട്ടിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ നിർഭയതയേയും ധൈര്യത്തേയും അല്ലാഹുവിലുള്ള പരിപൂർണ്ണ വിശ്വാസത്തേയുമാണ് വെളിപ്പെടുത്തുന്നത്. ഏകനായി ശത്രുപാളയത്തിലാണെന്ന ചിന്ത പോലും സത്യം വെളിപ്പെടുത്തുന്നതിൽ നിന്നും അദ്ദേഹത്തെ തടഞ്ഞില്ല.

## ആത്മാർത്ഥത

മക്കയിലെ നിഷേധികളുടെ അക്രമണ ആശങ്കയുണ്ടായപ്പോൾ മദീനയ്ക്കുള്ളിൽ നിന്ന് പ്രതിരോധിക്കണമോ പുറത്ത് കടന്ന് പ്രതിരോധിക്കണമോ എന്ന് നബി(സ) വീണ്ടും വീണ്ടും അഭിപ്രായം ആരാഞ്ഞുകൊണ്ടിരുന്നപ്പോൾ മദീനക്കാരായ അൻസാറുകളെയാണ് നബി (സ) ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കികൊണ്ട് സഅദ് (റ) അവരുടെ പ്രതിനിധിയായി നിന്നുകൊണ്ട് പറഞ്ഞു, ഞങ്ങൾ അങ്ങയിൽ വിശ്വസിച്ചു. അങ്ങയെ സാക്ഷ്യപ്പെടുത്തി. അങ്ങ് കൊണ്ടുവന്ന അദ്ധ്യാപനങ്ങൾ സത്യമാണ്. അനുസരണ പ്രതിജ്ഞ ചെയ്തു. അതിനാൽ അങ്ങയുടെ തീരുമാനമനുസരിച്ച് മുന്നേറുക. ഞങ്ങൾ അങ്ങയോടൊപ്പം ഉണ്ടായിരിക്കും. സമുദ്രത്തിലേക്ക് ചാടാൻ കൽപിച്ചാൽ അതിനും തയ്യാർ. ശത്രുക്കളെ നേരിടുന്നതിൽ ഭയക്കുന്നില്ല. എങ്ങോട്ട് വേണമെങ്കിലും ഞങ്ങളെ കൊണ്ടുപൊയ്ക്കൊള്ളുക. സന്തോഷത്തോടെ ഞങ്ങൾ കൂടെയുണ്ടാകും.

## യുദ്ധങ്ങൾ

തന്റെ വാക്കുകളിൽ ഉറച്ചുനിന്ന അദ്ദേഹം ബദ്റ് ഉഹദ് ഖന്തഖ് യുദ്ധങ്ങളിൽ അത് സാക്ഷ്യപ്പെടുത്തി. ബദ്റ് യുദ്ധത്തിൽ ഓസ് ഗോത്രത്തിന്റെ പതാക കയ്യിലേന്തി തന്റെ ഗോത്രത്തെ മുന്നിൽ നിന്ന് നയിച്ചു. ഉഹദ് യുദ്ധത്തിൽ ശത്രുക്കളുടെ അവിചാരിത അക്രമണത്തിൽ മുസ്ലിംകൾ ചിതറിയോടിയപ്പോൾ തിരുമേനി(സ)യോടൊപ്പം ഉറച്ചുനിന്ന അല്പം ചിലരിൽ സഅദ്(റ)വും പെടുന്നു. ഖന്തഖ് യുദ്ധത്തിൽ അദ്ദേഹത്തിന്റെ തോളിൽ അമ്പ് തറക്കുകയും അദ്ദേഹത്തിന്റെ രക്തധമനി മുറിഞ്ഞുപോകുകയും ചെയ്തു. രക്തം ധാരധാരയായി ഒഴുകി മരണാവസ്ഥ വരെയെത്തി. അദ്ദേഹം ഇങ്ങിനെ ദുആ ചെയ്തു, അല്ലാഹുവേ, ഈ യുദ്ധത്തിനു ശേഷവും ശത്രുക്കളുടെ ഭീഷണി തുടരുമെങ്കിൽ അവരെ നേരിടുന്നതിനായി നീ എന്നെ ജീവനോടെ വെക്കേണമേ. കുറഞ്ഞ പക്ഷം ബനൂഖുറൈസ ഗോത്രത്തിന്റെ ഫിത്ന അവസാനിക്കുന്നതു വരെ എന്നെ മരിപ്പിക്കരുതേ.

അല്ലാത്ത പക്ഷം ഈ മുറിവ് എന്റെ ശഹാദത്തിന് കാരണമാക്കണേ. ഈ ദുആ സ്വീകരിക്കപ്പെട്ടു. രക്തം നിന്നു.

## തിരുമേനി (സ)യുടെ സഹതാപം

മുറിവേറ്റ സഅദിനെ ശുശ്രൂഷിക്കുന്നതിൽ നബി (സ) പ്രത്യേക ശ്രദ്ധ പതിപ്പിച്ചു.അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും ധൈര്യം പകർന്നു നൽകുകയും ചെയ്തു. അങ്ങേയറ്റം ദുഖത്താൽ അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യുകയും ചെയ്തു.

## ബനൂ ഖുറൈസയുടെ മദ്ധ്യസ്ഥത

അഹ്സാബ് യുദ്ധവേളയിൽ കരാർ ലംഘിച്ച് ശത്രുപക്ഷത്തെ സഹായിച്ച ബനൂ ഖുറൈസാ ഗോത്രത്തെ യുദ്ധത്തിനു ശേഷം അവരുടെ കോട്ടയിൽ ഉപരോധിച്ചപ്പോൾ തീരുമാനം വിധിക്കുന്നതിനായി മൂന്നാമൻ എന്ന നിലയിൽ

11




# അഗ്നി ഞങ്ങളുടെ അടിമ മാത്രമല്ല, അടിമകളുടെ അടിമയാണ്

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു പദ്യശകലത്തിൽ പറയുന്നു,

*അല്ലയോ ജാഹിൽ നിന്റെ കുതന്ത്രം*
*എനിക്കൊരു നഷ്ടവും വരുത്തില്ല*
*ഈ ജീവൻ അഗ്നിയിൽ പതിച്ച്*
*സ്വസ്ഥമായി തിരിച്ചു വരുന്നതാണ്.*

ഇതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു ഇൽഹാമിൽ അല്ലാഹു പറയുന്നു, നീ ജനങ്ങളോട് പറയുക അഗ്നികൊണ്ട് ഞങ്ങളെ ഭയപ്പെടുത്തേണ്ട, അഗ്നി ഞങ്ങളുടെ അടിമ മാത്രമല്ല മറിച്ച് അടിമയുടെ അടിമയാകുന്നു. ചൗധരി ഹാക്കിം അലി സാഹിബ് ഇത് സംബന്ധമായി ഒരു സംഭവം വിവരിക്കുന്നു. ഒരിക്കൽ ഒരു വ്യക്തി അഗ്നിയിൽ പ്രവേശിക്കുകയും പിന്നീട് ഒന്നും പറ്റാത്ത നിലയിൽ പുറത്തുവരുകയും ചെയ്യുന്ന തമാശ കാണിക്കുകയായിരുന്നു. അയാൾ എതിർപ്പ് എന്ന നിലയിൽ ഹദ്റത്ത് സാഹിബിന്റെ പേരെടുത്ത് കൊണ്ട് പറഞ്ഞു, അദ്ദേഹം മസീഹാണെന്ന് വാദിക്കുന്നു. അഥവാ സത്യവാനാണെങ്കിൽ ഇവിടെ വന്ന് എന്നോടൊപ്പം അഗ്നിയിൽ പ്രവേശിക്കട്ടെ. ഒരു വ്യക്തി പുറത്തുനിന്ന് കത്തിലൂടെ ഇക്കാര്യം എഴുതി അറിയിച്ചു. ഞാനത് ഹദ്റത്ത് സാഹിബിന് നൽകി. അദ്ദേഹം പറഞ്ഞു, ഇതൊരു ജാലവിദ്യയാകുന്നു. നമുക്കവിടെ പോകാൻ സാധിക്കില്ല. അതുകൊണ്ട് താങ്കൾ ഇങ്ങനെ മറുപടി എഴുതുക, അയാളിവിടെ വരട്ടെ. എന്നിട്ട് എന്റെ മുന്നിൽ അയാൾ അഗ്നിയിൽ പ്രവേശിക്കുകയാണെങ്കിൽ ജീവനോടെ പുറത്ത് വരില്ല. അങ്ങിനെ ഞാനിക്കാര്യം എഴുതി അറിയിച്ചു. പക്ഷേ അയാൾ വന്നില്ല.

ദൈവീക ശക്തിപ്രകടനങ്ങൾക്കു മുന്നിൽ മനുഷ്യജാലവിദ്യകൾ എപ്രകാരമാണ് പരാജയപ്പെടുന്നത് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഇയാൾ മൂസാ (അ) ന്റെ കാലഘട്ടത്തിലെ ജാലവിദ്യക്കാരെ പോലുള്ള ഒരു ജാലവിദ്യക്കാരനായിരിക്കും. എന്നാൽ ഇക്കാര്യത്തിൽ മൂസാ (അ) യേക്കാൾ മഹത്തായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നു മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിച്ചു എന്നാണ് മനസ്സിലാകുന്നത്. കാരണം അവിടെ മനു



ഷ്യജാലവിദ്യയെ നിഷ്പ്രഭമാക്കാൻ മൂസാ (അ) ന് എന്തെങ്കിലും ചെയ്യേണ്ടി വന്നു. ഇവിടെ കാണിക്കാം എന്ന് പറഞ്ഞപ്പോൾ തന്നെ ജാലവിദ്യ നിഷ്പ്രഭമാകുകയും ശത്രുവിന് മുന്നിൽ വരാനുള്ള ധൈര്യം പോലും വന്നില്ല. അൽഹംദുലില്ലാഹ് അലാ ദാലിക്ക്.

---

അവർ തന്നെ സഅദ്(റ)ന്റെ പേര് നിർദ്ദേശിച്ചു. നബി (സ) യും അത് അംഗീകരിച്ചു. അങ്ങിനെ മുറിവേറ്റ നിലയിൽ തന്നെ കഴുതപ്പുറത്തേറ്റി അദ്ദേഹത്തെ കൊണ്ടുവന്നു. ആദ്യം അദ്ദേഹം രണ്ടു കൂട്ടരോടും തന്റെ വിധി സ്വീകരിക്കുമോ എന്ന് ആരാഞ്ഞു. രണ്ടു കൂട്ടരും സമ്മതം അറിയിച്ചപ്പോൾ അദ്ദേഹം തൗറാത്തിലെ നിയമമനുസരിച്ച് കരാർ ലംഘനത്തിന്റേയും വിദ്രോഹത്തിന്റേയും ശിക്ഷ എന്ന നിലയിൽ യുദ്ധവീരന്മാരെ വധിക്കുവാനും സ്ത്രീകളേയും കുട്ടികളേയും തടവിലാക്കാനും കല്പിക്കുകയുണ്ടായി.

### അവസാന യാത്ര

വിധി കല്പിച്ചതിനുശേഷം കൂടാരത്തിലേക്കു മടങ്ങിയ അദ്ദേഹത്തിന്റെ മുറിവ് പെട്ടെന്ന് പൊട്ടുകയും രക്തം ധാരാളമായി ഒഴുകിപ്പോകുകയും ചെയ്തു. വിവരമറിഞ്ഞെത്തിയ നബി(സ) സഅദ്(റ)ന്റെ തല തന്റെ മടിയിൽ എടുത്തു വെക്കുകയും അവസാന സമയമായി എന്നറിഞ്ഞുകൊണ്ട് അദ്ദേഹത്തിനു വേണ്ടി ഇങ്ങനെ ദുആ ചെയ്തു, അല്ലാഹുവേ സഅദ് നിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തു. അവൻ നിന്റെ റസൂലിനെ സാക്ഷ്യപ്പെടുത്തി. തന്നിൽ അർപ്പിതമായിരുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റി. അതിനാൽ ഒരുത്തമ ആത്മാവിനെ സ്വീകരിക്കുന്ന രീതിയിൽ ഈ ആത്മാവിനെ സ്വീകരിക്കേണമേ. അതു കേട്ടപ്പോൾ സഅദ്(റ) കണ്ണ് തുറന്ന് തിരുനബി(സ)യുടെ മുഖത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ താങ്കൾക്ക് സലാം. അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്നുള്ളതാണ് എന്റെ അവസാന സാക്ഷ്യം. ഇതും പറഞ്ഞു കൊണ്ട് അദ്ദേഹം തന്റെ ജീവൻ അല്ലാഹുവിനെ ഏൽപ്പിച്ചു. തിരുനബി(സ) സ്വയം അദ്ദേഹത്തിന്റെ ജനാസ ഉയർത്തുകയും യാത്രയ്ക്കു നേതൃത്വം നൽകുകയും ചെയ്തു. 37-ാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്തായത്.

### സ്ഥാനവും പദവിയും


ഹദ്റത്ത് സഅദ് (റ)ന്റെ ജനാസ എടുത്തപ്പോൾ അദ്ദേഹത്തിന്റെ മാതാവ് കരയുവാൻ തുടങ്ങി. അപ്പോൾ നബി (സ) പറഞ്ഞു, ഞാൻ പറയുന്നത് കേട്ടാൽ നിങ്ങളുടെ കണ്ണുനീർ നിന്നുപോകും, ദുഖം ഇല്ലാതാകും. തന്റെ പക്കൽ എത്തിയപ്പോൾ അല്ലാഹു പോലും സന്തോഷിച്ച ആദ്യ വ്യക്തിയാണ് നിങ്ങളുടെ മകൻ. അദ്ദേഹത്തിന്റെ ആഗമനത്തിൽ സിംഹാസനം പോലും സന്തോഷത്താൽ തുള്ളിച്ചാടുകയുണ്ടായി.

*(അവ: സീറത്ത് സഹാബ , ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# ഹദ്റത്ത് ചൗധരി ഫത്തഹ് മുഹമ്മദ് സിയാൽ സാഹിബ് (റ)

പുണ്യാത്മാക്കൾ



**ജനനം**- 1887

**ബൈഅത്ത്**- 1889 ൽ പിതാവിനോടൊപ്പം ഖാദിയാനിൽ വന്നു ബൈഅത്ത് ചെയ്തു.

**പിതാവ്**- ഹദ്റത്ത് ചൗധരി നിസാമുദ്ദീൻ സാഹിബ്.

**വിദ്യാഭ്യാസം**

പ്രാരംഭവിദ്യാഭ്യാസം സ്വന്തം ഗ്രാമത്തിൽ, 1900 ൽ ഖാദിയാനിൽ തിരിച്ചു വന്നു. 1910 ൽ ലാഹോർ സർക്കാർ കോളേജിൽ നിന്നും ബി.എ. യും 1912 ൽ അലിഗഡ് യൂണിവേർസിറ്റിയിൽ നിന്ന് എം.എ. ബിരുദവും കരസ്ഥമാക്കി.

**ഇമാമുമായുള്ള ബന്ധം**

ഹദ്റത്ത് മസീഹ് മൗഊദ് (അ) മായി പ്രത്യേക അടുപ്പമുള്ള വ്യക്തിയായിരുന്നു. ഒരിക്കൽ യാത്ര പുറപ്പെടുന്ന സമയത്ത് അദ്ദേഹത്തിന്റെ പേര് തന്നോടൊപ്പം യാത്രചെയ്യുന്നവരിൽ ഉൾപ്പെടുത്താൻ പറയുകയുണ്ടായി. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കുതിരവണ്ടിയിൽ ഗുർദാസ്പൂരിൽ പോയപ്പോൾ അദ്ദേഹവും അബ്ദുർറഹ്മാൻ സാഹിബും ഓടിക്കൊണ്ട് കൂടെ പോകുകയുണ്ടായി. രാത്രി സമയത്ത് ടെലിഗ്രാം അയക്കേണ്ട അവസരങ്ങളിൽ മസീഹ് മൗഊദ് (അ) അദ്ദേഹത്തെയായിരുന്നു ബട്ടാലയിൽ അയച്ചിരുന്നത്. ലാഹോറിൽ വിദ്യാർത്ഥിയായിരുന്ന സമയത്ത് മസീഹ് മൗഊദ് (അ) എല്ലാ ഗ്രന്ഥങ്ങളും അദ്ദേഹത്തിന് സൗജന്യമായി അയച്ചുകൊടുക്കുമായിരുന്നു. അവധിക്ക് ഖാദിയാനിൽ എത്തിയില്ലായെങ്കിൽ എന്താണ് വരാത്തതെന്ന് അന്വേഷിക്കുമായിരുന്നു. ഫിറോസ്പൂർ ജില്ലയിലെ ഗുരുഹർബഹായയിൽ ബാബനാനക്കിന്റെ തിരുശേഷിപ്പ് ദർശിക്കുവാനായി മസീഹ് മൗഊദ് (അ) അയച്ച തന്റെ സ്നേഹിതരുടെ സംഘത്തിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. ചശ്മയെ മഅ്രിഫത്ത് എന്ന ഗ്രന്ഥത്തിൽ അത് പരാമർശിച്ചിട്ടുണ്ട്. 1907 ൽ മസീഹ് മൗഊദ് (അ) വഖ്ഫെ സിന്ദഗിയുടെ പദ്ധതി അവതരിപ്പിച്ചപ്പോൾ ലബ്ബൈക്ക് പറഞ്ഞവരിൽ രണ്ടാം സ്ഥാനത്ത് അദ്ദേഹത്തിന്റെ പേരായിരുന്നു. ആ പേരിനു നേരെ മസീഹ് മൗഊദ് (അ) എഴുതി, സ്വീകരിച്ചിരിക്കുന്നു.

**ജമാഅത്തുമായുള്ള ബന്ധം**

1908 ൽ ഒന്നാം ഖിലാഫത്ത് തിരഞ്ഞെടുപ്പ് സമയത്ത് ആത്മാർത്ഥതയും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് ബൈഅത്ത് നിബന്ധനകളെ സാധൂകരിച്ചു. മസീഹ് മൗഊദ് (അ)ന്റെ കുടുംബത്തോടും ഖലീഫമാരോടും അതേ സുദൃഢബന്ധം പുലർത്തിയിരുന്നു. ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ കുട്ടിക്കാലം മുതൽക്കുള്ള സുഹൃത്തായിരുന്നു. 1900 ൽ ഖലീഫ സാനി(റ) അഞ്ചുമൻ തശ്ഹീസുൽ അദ്ഹാൻ എന്ന മജ്ലിസ് രൂപീകരിച്ചപ്പോൾ തന്നെ സഹായിയായി അദ്ദേഹം ഉണ്ടായിരുന്നു. ഖലീഫ സാനിയോടൊപ്പം ധാരാളം യാത്രകളിൽ പങ്കെടുക്കാനുള്ള തൗഫീഖും ലഭിച്ചിട്ടുണ്ട്.

**ലണ്ടനിലേക്ക്**

1913 ൽ ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ലണ്ടനിൽ ഒരു മുറബ്ബിയുടെ ആവശ്യമുണ്ടെന്ന് വിളംബരപ്പെടുത്തിയപ്പോൾ സ്വയം തയ്യാറായി അദ്ദേഹം തന്നെ സമർപ്പിച്ചു. കാലത്തിന്റെ ഖലീഫ ആദ്യമായിട്ടായിരുന്നു രാജ്യത്തിന്റെ പുറത്തേക്ക് തബ്ലീഗിനായി ഒരു മുറബ്ബിയെ അയക്കുന്നത്. 1913 ജൂൺ 22 ന് അദ്ദേഹം ലണ്ടനിലേക്ക് പുറപ്പെട്ടു.

**സേവനങ്ങൾ**

ലണ്ടനിൽ നേരിടേണ്ടി വന്ന എല്ലാ പ്രയാസങ്ങളേയും ബുദ്ധിമുട്ടുകളേയും വളരെയധികം സഹനത്തോടും ക്ഷമയോടും നേരിട്ടു. ദീനീ സേവനത്തിനുള്ള ധാരാളം അവസരങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. നൂറു കണക്കിന് ആളുകൾ അദ്ദേഹത്തിലൂടെ സത്യമാർഗം കരസ്ഥമാക്കി. ഖലീഫ സാനി(റ)ന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന് ഇംഗ്ലണ്ട്, സ്കോട്ട്ലന്റ്, വേൽസ്,ഫ്രാൻസ്, ഇറ്റലി, ഡർബൻ എന്നിവിടങ്ങളിൽ സന്ദേശമെത്തിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. 1914-ൽ ഖലീഫ സാനിയുടെ നിർദ്ദേശപ്രകാരം അദ്ദേഹം മുഖേന ലണ്ടനിൽ ആദ്യ മിഷൻഹൗസ് സ്ഥാപിച്ചു. 1916-ൽ തിരിച്ച് ഇന്ത്യയിൽ എത്തി. പിന്നീട് ഖലീഫയുടെ നിർദ്ദേശമനുസരിച്ച് 1919-ൽ വീണ്ടും ലണ്ടൻ മിഷന്റെ ചാർജ് ഏറ്റെടുത്തു.

**വെളിപാട്**

ഇംഗ്ലണ്ട് വാസത്തിനിടയിൽ വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും മാർഗമടസ്സങ്ങളും ഉണ്ടായപ്പോൾ അല്ലാഹുവിനോട് മനസ്സലിഞ്ഞു ദുആ ചെയ്തു. അപ്പോൾ ഇങ്ങിനെ ഇൽഹാമുണ്ടായി, മിയാൻ മഹ്മൂദിന്റെ ബൈഅത്ത് പിശാവറിൽ നിന്നും ബിഹാർ വരെയുള്ളവർ ചെയ്യുന്നതാണ്. പിന്നീട് അല്ലാഹു അക്ബർ അല്ലാഹു അക്ബർ എന്ന നാദം കേട്ടു. ചൗധരി സാഹിബ് പറയുന്നു, അതിനു ശേഷം അസാധാരണമായ നിലയിൽ എന്റെ അറിവ് വർദ്ധിച്ചതായിട്ടും പ്രഭാഷണങ്ങൾക്കായി എന്റെ ഹൃദയം വിശാലമായതായിട്ടും അനുഭവപ്പെട്ടു.

**ബഹുമതികൾ**

1923-ൽ ശുദ്ധിപ്രസ്ഥാനം പാരമ്യതയിൽ എത്തിയപ്പോൾ ഇതിനെ തടയുന്നതിനായി ഖലീഫ സാനി(റ) തയ്യാറാക്കിയ സംഘത്തിന്റെ അമീർ ചൗധരി സാഹിബായിരുന്നു. 1940-ൽ അൻസാറുല്ലാഹ് രൂപീകരിച്ചപ്പോൾ പ്രസിഡന്റായ മൗലവി ശേർ അലി സാഹിബിന്റെ സഹായിയായി നിയമിച്ച 3 സെക്രട്ടറിമാരിൽ ഒരാൾ ചൗധരി സാഹിബായിരുന്നു. വേൽസ് രാജകുമാരന്റെ ഇന്ത്യാ സന്ദർശന വേളയിൽ അദ്ദേഹത്തിന് വേണ്ടി തയ്യാറാക്കപ്പെട്ട ഗ്രന്ഥം സമർപ്പിക്കുവാനുള്ള സംഘത്തിലും അദ്ദേഹം അംഗമായിരുന്നു. ഓൾ മുസ്ലിം പാർട്ടീസ് കോൺഫറൻസിലും പങ്കെടുത്ത പ്രതിനിധി സംഘത്തിലും ചൗധരി സാഹിബ് അംഗമായിരുന്നു.

**മറ്റ് ഔദ്യോഗിക പദവികൾ**

പ്രചരണ വിഭാഗ മേധാവി, നാസിർ താലീഫ് വ ഇശാഅത്ത്,നാസിർ ദഅ്വത്തെ ഇലല്ലാഹ്,നാസിർ തഅ്ലീം വ തർബിയ്യത്ത്, ഇൻചാർജ് നസാറത്ത് അഅ്ലാ, പ്രാദേശിക അമീർ, നാസിർ ഇസ്ലാഹ് വ ഇർശാദ്.

വിദേശത്ത് മുറബ്ബിയായി സേവനം അനുഷ്ടിച്ച സമയത്ത് പരിശുദ്ധ ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനുള്ള തൗഫീഖും ലഭിച്ചിരുന്നു.

**പ്രധാന സവിശേഷത**

തബ്ലീഗിൽ അതീവ താൽപര്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുള്ള യാതൊരു അവസരവും അദ്ദേഹം പാഴാക്കിയിരുന്നില്ല. ദാഇ ഇലല്ലായുടെ ഒരു ആൾരൂപമായിരുന്നു ചൗധരി സാഹിബ്. തബ്ലീഗിനുള്ള വിവധ മാർഗങ്ങൾ എപ്പോഴും അന്വേഷിച്ചുകൊണ്ടിരുന്നു. നാസിർ ഇസ്ലാഹ് വ ഇർശാദായിരുന്ന സമയത്ത് വിവിധ ജമാഅത്തുകൾ സന്ദർശിച്ചുകൊണ്ട് ജനങ്ങളെ തബ്ലീഗി മൈതാനത്തേക്കിറങ്ങാൻ പ്രേരിപ്പിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ നടത്തുമായിരുന്നു.

1947-ൽ പഞ്ചാബ് അസംബ്ലിയിലെ മെമ്പറുമായിരുന്നു. 1947 ഡിസംബറിൽ ഒരു വ്യാജ വധക്കേസിൽ ജയിലിലായി. അവിടേയും തബ്ലീഗ് തുടർന്ന അദ്ദേഹം മുഖേന 50 ലധികം ആളുകൾ ബൈഅത്ത് ചെയ്യുകയുണ്ടായി. മാമ്പഴക്കാലത്ത് താൻ ജയിൽ മോചിതനാകും എന്ന ദൈവിക വെളിപാട് പുലർന്നപ്പോൾ അത് ധാരാളം പേർക്ക് ഹിദായത്തിനുള്ള മാർഗവുമായി.

**സ്വഭാവമഹിമ**

ദൈവസാമീപ്യം കരസ്ഥമാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. നമസ്കാരങ്ങളിൽ കൃത്യനിഷ്ഠത പുലർത്തിയിരുന്നു. അക്കാരണത്താൽ തന്നെ കോളേജിൽ പഠിക്കുന്ന കാലത്ത് വെള്ളപ്പാത്രവും മുസല്ലയും ഉള്ള ചൗധരി എന്ന പേര് ലഭിച്ചിരുന്നു.

**വഫാത്ത്**

1960 ഫെബ്രുവരി 28-ന് ഹൃദയാഘാതത്താലാണ് അദ്ദേഹം വഫാത്തായത്. മൂസിയായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. (റ) ആയിരുന്നു അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. ബഹിശ്തി മഖ്ബറ റബ്വയിൽ ഖബറടക്കി.

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുക

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമി മുക്‌റമി അഖ്വിം സേഠ് സാഹിബ് സല്ലമഹു

السلام عليكم ورحمة الله وبركاته

താങ്കളുടെ കത്ത് കിട്ടി. താങ്കൾ പൂർണ്ണമായും സമാധാനത്തിലിരിക്കുക. ഈ ലോകത്ത് ഒരു സൗഭാഗ്യവാന് ലഭിക്കാവുന്നത്രയും ദുആകൾ താങ്കൾക്കു വേണ്ടി ചെയ്യുകയുണ്ടായി.

പ്രതാപവാനായ നാഥൻ ഏറെ പൊറുക്കുന്നവനും കൂടെകൂടെ കരുണചെയ്യുന്നവനുമാണ്. അവന്റെ തിരുസവിധത്തെകുറിച്ച് വലിയ പ്രതീക്ഷകളാണുള്ളത്. പക്ഷേ ഇടയിൽ ചില പ്രയാസങ്ങളും ഉണ്ടാകും. അല്ലാഹുവിന്റെ ഒരു നിശ്ചിത ദിവസം സമാഗതമാകുന്നതുവരെ വളരെ സ്ഥൈര്യത്തോടും ധൈര്യത്തോടും പൗരുഷത്തോടും കൂടി ഇത്തരം പ്രയാസങ്ങളെ നേരിടേണ്ടതാണ്. ഭൗതികതയുടെ സമ്പാദനത്തിൽ തീർച്ചയായും മനുഷ്യഹൃദയം ദുർബലമാണ്.

യഥാർത്ഥത്തിൽ പ്രയാസങ്ങൾ അഭിമുഖീകരിക്കുമ്പോൾ ഹൃദയത്തിന് വേദന അനുഭവപ്പെടുന്നത് അല്ലാഹുവിലുള്ള വിശ്വാസദൗർബല്യമനുസരിച്ചാണ്. അത്രമാത്രം നിരാശയും ഉണ്ടാകുന്നതാണ്. അയതിനാൽ അങ്ങിനെ ആകരുത്. താങ്കളെ പറ്റി അല്ലാഹു സുവാർത്തകളുടെ ഇൽഹാം അറിയിച്ചതാണ്. അല്ലാഹുവിന്റെ വിധികൾ തെറ്റായിപ്പോകുന്നതല്ല. എന്റെ അവസ്ഥ പറയുകയാണെങ്കിൽ ലോകത്തുള്ള എല്ലാ രാജാക്കന്മാരും ഒന്നിച്ച് ചേർന്ന് വാഗ്ദാനങ്ങൾ നൽകിയാലും ഞാനതിനെ ഉറപ്പുള്ളതായി ഗണിക്കുന്നതല്ല. കാരണം തങ്ങളുടെ വാഗ്ദാനം പൂർത്തീകരിക്കാൻ കഴിയും മുമ്പേ അവർ മരണപ്പെടാനിടയുണ്ട്. അവർക്ക് തങ്ങളുടെ വാഗ്ദാനങ്ങൾ പൂർത്തിയാക്കാൻ കഴിയാതിരിക്കുകയും ചെയ്തേക്കാം. അവർ നിർബന്ധിതരാണ്. പക്ഷേ അല്ലാഹു ഇത്തരം എല്ലാ കാര്യങ്ങളെക്കാളൊക്കെയും പരിശുദ്ധനാണ്. അല്ലാഹു ഏതെല്ലാം വഴികളിലൂടെയും ഏതെല്ലാം തരത്തിലുമാണ് താങ്കൾക്ക് ഈ ദുഖത്തിൽ നിന്ന് മോചനം നൽകുകയെന്നത് അറിയില്ല. മാത്രമല്ല ആ സമയം എപ്പോൾ എത്തിച്ചേരുമെന്നും എത്രസമയം വേണ്ടിവരുമെന്നും അറിയില്ല.

എല്ലാത്തിനും കഴിവുടയവനായ അല്ലാഹുവിന്റെ വാഗ്ദാനമാണ്.

വൽ കരീമു ഇദാ വഅദ വഫാ (അവൻ അന്തസ്സുടയവനാണ്. വാഗ്ദാനം ചെയ്താൽ പൂർത്തിയാക്കുന്നതാണ്.) അതു കൊണ്ട് പൗരുഷത്തോടെ ആ പ്രതാപവാന്റെ വാഗ്ദാനത്തിൽ പ്രതീക്ഷ അർപ്പിക്കുക. ആരെങ്കിലും ശ്രദ്ധിക്കാത്തതിൽ ഒട്ടും ഗൗനിക്കേണ്ടതില്ല. മഴ അറിയിപ്പില്ലാതെയാണ് വരിക. എപ്പോൾ മേഘം വരുമെന്നോ മഴപെയ്യുമെന്നോ അറിയില്ല. അതേപോലെ അല്ലാഹുവിന്റെ അനുഗ്രഹവും കള്ളനെപ്പോലെയാണ് വരിക.

പൂർണ്ണ സ്ഥൈര്യത്തോടുകൂടി പ്രതീക്ഷയർപ്പിക്കുക. മാത്രമല്ല, മനുഷ്യന്റെ വാഗ്ദാനമല്ലെന്നും അല്ലാഹുവിന്റെ വാഗ്ദാനമാണെന്നതിലും വളരെ സന്തോഷിക്കുകയും ചെയ്യുക.

താങ്കൾ തീയിൽ വീഴുന്നതോ വീണതോ ആയി കാണുകയാണെങ്കിലും സന്തോഷിക്കുക. കാരണം, ഈ തീയുണ്ടാക്കിയവന് അത് അണയ്ക്കാനും കഴിയുന്നതാണ്. നമ്മുടെ ദൈവം എല്ലാ കാര്യത്തിനും എത്രമാത്രം കഴിവുള്ളവനാണെന്നത് എനിക്ക് നല്ലതു പോലെ അറിവുള്ളതുമാണ്. അതുകൊണ്ടുതന്നെ താൻ തീയിൽ വീണാലും അതിനെ സ്വർഗമായി ഗണിക്കുന്നതാണ്.

എല്ലാത്തരം ദുഖങ്ങളും ഉണ്ടാകാൻ കാരണം, ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ എന്തുകൊണ്ട് വരുന്നെന്നോ എങ്ങിനെ അതിനെ ദുരീകരിക്കാമെന്നോ അറിവില്ലാത്തതുകൊണ്ടാണ്. എന്നാൽ ഈ പ്രയാസങ്ങൾ അല്ലാഹുവിന്റെ ഭാഗത്ത് നിന്നാണെന്നും, അവന്റെ ഇച്ഛയ്ക്കനുസൃതമായി അത് ഉടൻ തന്നെ നിശ്ശേഷം ഇല്ലാതാകുമെന്നും അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് അറിയിപ്പ് വരുമ്പോൾ പിന്നെന്തിനാണ് വിഷമിക്കുന്നത്.......................

വസ്സലാം

1903 ഏപ്രിൽ 3 — വിനീതൻ

മിർസാ ഗുലാം അഹ്മദ്



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

# ജ്യോതിഷം, കൈനോട്ടം യാഥാർത്ഥ്യമെന്ത് ?

ജ്യോതിശാസ്ത്രം മുഖേന ഇന്ന് ലോകത്ത് വലിയ വലിയ അറിവുകൾ കരസ്ഥമാക്കുകയും മുഴുലോകത്തും സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പരിധി വരെ ജ്യോതിശാസ്ത്രം ശരിയാണ്. എന്നാൽ ഇന്ന നക്ഷത്രം ഇന്ന ആളുടെ വിധി എഴുതിയിരിക്കുന്നു, അതിനെ നിരീക്ഷിച്ചാൽ അയാളുടെ ജീവിതത്തിലെ സംഭവവികാസങ്ങളെ മനസ്സിലാക്കാം എന്നതൊക്കെ പാഴ്‌വാക്കുകളാണ്. അതേ പോലെ കൈ നോക്കിക്കൊണ്ട് വിധി മനസ്സിലാക്കുക എന്നതും വെറും വാക്കാണ്. വാസ്തവത്തിൽ കൈയുടെ പ്രകൃതത്തിലൂടെ മനുഷ്യപ്രകൃതത്തെ കുറിച്ചും അതിന്റെ പ്രഭാവത്തെ കുറിച്ചും അനുമാനിക്കുക സാധ്യമാണ്. അറബികൾ കാൽ നോക്കി ലക്ഷണം പറയുകയും തിരുനബി (സ) അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ ഒരു പരിധി വരെ കൈനോക്കി ലക്ഷണം പറയുക ശരിയാണ്.....

ചില വലിയ ജ്യോതിഷർ അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം ഈ തൊഴിൽ ഉപേക്ഷിക്കുകയുണ്ടായി. അവർ പറയുന്നത് ഒരു നീണ്ടകാല അനുഭവത്തിലൂടെ മനുഷ്യപ്രകൃതം മനസ്സിലാകുന്നു. ഉണ്ടായിക്കൊണ്ടിരിക്കുന്ന യാദൃശ്ചികസംഭവങ്ങളെ കുറിച്ചുള്ള അറിവും ഉണ്ടാകുന്നു. കൂടാതെ നാലഞ്ചു കാര്യങ്ങൾ പറഞ്ഞതിൽ നാലും സംഭവിക്കാതിരുക്കുകയും അഞ്ചാമത്തേത് സംഭവിക്കുകയും ചെയ്യുമ്പോൾ പറയുന്നവർ ആദ്യ നാലിനെ ഒഴിവാക്കി അഞ്ചാമത്തെ കാര്യം മാത്രമേ പരാമർശിക്കൂ. ജ്യോതിഷർ പരസ്പരം കൂടുതലായി പ്രചരണം നടത്തുകയും ചെയ്യുന്നു.... ചുരുക്കത്തിൽ അഹ്മദി ജ്യോതിഷർ പറയുന്നത്, മനുഷ്യപ്രകൃതത്തിലെ ഇത്തരത്തിലുള്ള സർവ്വസൂക്ഷ്മതകളേയും പരിഗണിക്കുമ്പോഴാണ് ഒരു ജ്യോതിഷൻ വിജയിക്കുന്നത്. കൈരേഖകൾ വാസ്തവത്തിൽ ഒന്നുമല്ല.

**ഒരനുമാനം ഒരു യാഥാർത്ഥ്യം**

വിവിധ യൂണിവേർസിറ്റിയിലെ വിദ്യാർത്ഥികൾ ഒരിക്കൽ ലണ്ടൻ യൂണിവേർസിറ്റിയിൽ ഒരു രസകരമായ പാർട്ടിക്കായി ഒത്തു ചേർന്നു. സംസാരമദ്ധ്യേ കൈനോട്ട ത്തെകുറിച്ചുള്ള ചർച്ച വന്നു. ഞാൻ പറഞ്ഞു, കൈനോട്ടം പൊള്ളത്തരമാണ്. എന്നാൽ ഒരാൾക്ക് നല്ലനിലയിൽ അനുമാനിക്കാവുന്നതാണ്. ഈ നിയ്യത്തിൽ ആരെങ്കിലും എന്നെ കൈ കാണിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് അൽഭുതപ്പെടുത്തുന്ന നിലയിൽ എനിക്ക് അനുമാനിക്കാൻ കഴിയും. കൂടാതെ രേഖകളില്ലാതെയും ഭാവിയെ ഒരു പരിധിവരെ മനുഷ്യന് അനുമാനിക്കാൻ കഴിയുമെന്നും ബോധ്യമാകും. പിന്നീട് ബി.ബി.സി യിലെ വലിയൊരു ഓഫീസറായ ഒരു വ്യക്തി കൈ കാണിച്ചു. കൈ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു. നിങ്ങളുടെ വൈവാഹിക ജീവിതം വളരെ കയ്പേറിയതായിരിക്കും. ഏകദേശം 55 വയസ്സിലായിരിക്കും ആദ്യമായി താങ്കൾക്ക് സമാധാനം കരസ്ഥമാകുക.

ഒരു നീണ്ടകാലഘട്ടത്തിനു ശേഷം ഞാൻ ആസിഫെയുമൊത്ത് ലണ്ടനിൽ വരികയും ഗോരി സാഹിബിന്റെ അടുത്ത് തങ്ങുകയും ചെയ്തു. ആരിലൂടെയോ ഞാൻ ലണ്ടനിൽ വന്നിട്ടുണ്ട് എന്നറിഞ്ഞ അദ്ദേഹം ഗോരിസാഹിബുമായി ഫോണിൽ നിരന്തരം ബന്ധപ്പെട്ട് എന്നെ കാണാനുള്ള ആഗ്രഹം അറിയിച്ചു. അങ്ങിനെ അദ്ദേഹവുമായി ഞാൻ ഫോണിൽ സംസാരിച്ചു. താങ്കൾ പറഞ്ഞതെല്ലാം എന്റെ ജീവിതത്തിൽ സംഭവിച്ചു എന്നും 55-ാം വയസ്സിൽ ഭാര്യക്ക് തലാഖ് നൽകിയപ്പോഴാണ് തനിക്ക് സമാധാനം കിട്ടിയതെന്നും അദ്ദേഹം പറഞ്ഞു. താങ്കൾക്ക് ഇതെങ്ങിനെ മനസ്സിലായി എന്നു ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, നിങ്ങൾ ശുദ്ധനും നല്ല വ്യക്തിത്വത്തിനുടമയാണെന്നും എനിക്കറിയാം. എന്നാൽ നിങ്ങൾ വിവാഹം കഴിക്കാൻ ആഗ്രഹിച്ച നിങ്ങൾ കൂടെ കൊണ്ടുവന്ന നിങ്ങളുടെ ഗേൾഫ്രണ്ടിന്റെ സ്വഭാവം പരുക്കനാണെന്ന് ഒന്നുരണ്ടു കാര്യങ്ങളിൽ നിന്നെനിക്ക് മനസ്സിലായി. നിങ്ങളെ ആകർഷിച്ച അവരുടെ ശാരീരിക സൗന്ദര്യം അൽപകാലത്തിനു ശേഷം മങ്ങുകയും പിന്നീട് ഇത്തരത്തിലുള്ള സംസ്കാരശൂന്യരോടൊപ്പം കഴിയുന്നത് താങ്കൾക്ക് നരകമായി ഭവിക്കും എന്ന് ഞാൻ കണക്കുകൂട്ടി. പ്രായമേറുമ്പോൾ പതുക്കെ പതുക്കെ സമാധാനം കിട്ടും എന്നും ഞാൻ അനുമാനിച്ചു...... ചുരുക്കത്തിൽ ചില കൈകളുടെ പ്രകൃതം മനുഷ്യപ്രകൃതത്തെ വിവരിക്കുന്നു. ചിലരുടെ കൈകളുടെ പ്രകൃതം കണ്ട് അവരുടെ രോഗത്തെ കണ്ടുപിടിക്കാൻ കഴിയും... ബുദ്ധിയാണ് വിവരം നൽകുന്നത്. രേഖകൾ വെറും കാണിക്കാനുള്ളതും മനുഷ്യനെ വിഢിയാക്കി പണം സമ്പാദിക്കാനുമുള്ള മാർഗവുമാകുന്നു.(മജ്‌ലിസെ ഇർഫാൻ, ലജ്ന ഇമാഇല്ലാഹ് കറാച്ചി) *സമ്പാ: ഇബ്നു അശ്റഫ്*

*വനിതാരംഗം*

# സൃഷ്ടിസേവനം

**ഹദ്റത്ത് സയ്യിദ നവാബ് മുബാറക്ക ബേഗം സാഹിബ**

അല്ലാഹുവിന്റെ പക്കൽ ഖദീജയെന്ന സ്ഥാനപ്പേരുള്ള ഈ മഹതി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹവാസത്തിൽ കഴിഞ്ഞു കൊണ്ട് സ്വന്തം ധാർമികഗുണങ്ങളെ ഉത്തേജിപ്പിക്കുകയുണ്ടായി. ദരിദ്രരെ സഹായിക്കുന്നത് അവരുടെ ഉന്നതമായ സ്വഭാവമഹിമയായിരുന്നു. തന്റെ അടുക്കൽ വരുന്ന ആവശ്യക്കാർക്ക് തന്റെ കഴിവിനതീതമായ തരത്തിൽ സഹായിക്കുമായിരുന്നു. പലപ്പോഴും ആർക്കും തന്നെ അറിയാൻ കഴിയാത്ത തരത്തിൽ രഹസ്യമായി സഹായിക്കുമായിരുന്നു. ഓരോ കാലാവസ്ഥയുടെ ആരംഭത്തിലും പ്രത്യേകിച്ച് തണുപ്പുകാലത്തിന്റെ ആരംഭത്തിൽതന്നെ വളരെ ശ്രദ്ധയോടുകൂടി ചൂടിന്റെ വസ്ത്രങ്ങളും പുതപ്പുകളും മറ്റും തയ്യാറാക്കി പാവപ്പെട്ടവരിൽ വിതരണം ചെയ്യുമായിരുന്നു. പരിശുദ്ധ റമദാൻ മാസത്തിൽ വളരെയധികം സദഖകൾ നൽകുമായിരുന്നു.മൂന്ന് നാല് പേർക്കുള്ള ഭക്ഷണം സ്വയം തയ്യാറാക്കി ഫിദ്‌യയായി നൽകുമായിരുന്നു. മതവർഗഭേദമന്യേ ദരിദ്രരെ സഹായിക്കുമായിരുന്നു. കടം ചോദിക്കുന്നവർക്ക് വിശാലമനസ്കതയോടുകൂടി കടം കൊടുക്കുമായിരുന്നു. കടം കൊടുക്കുവാൻ സ്വന്തം കയ്യിൽ ഒന്നുമില്ലാത്ത അവസരങ്ങളിൽ മറ്റാരിൽ നിന്നെങ്കിലും വാങ്ങിക്കൊടുക്കുമായിരുന്നു. കൂലിക്കാർക്ക് അവരുടെ സന്തോഷത്തിനായി കൂടുതൽ കൂലി നൽകുമായിരുന്നു. അനാഥകുട്ടികളെ സ്വന്തം വീട്ടിൽ വിളിച്ച് ഭക്ഷണം നൽകുമായിരുന്നു. ചില സമയത്ത് ഭക്ഷണം അവരുടെ വീടുകളിലേക്ക് എത്തിക്കുമായിരുന്നു. ദരിദ്രർക്കായി സ്വന്തം കൈകൊണ്ട് വസ്ത്രങ്ങളും പുതപ്പുകളും തുന്നുമായിരുന്നു. അവർക്ക് വീട് പണിത് കൊടുക്കുമായിരുന്നു. അവരുടെ വീട്ടിൽ പരിപാലിക്കപ്പെട്ടിരുന്ന ചില കുട്ടികളുടെ പ്രായം മൂന്നും നാലും വയസ്സായിരുന്നു. അവർക്ക് സ്വയം കലിമയും നമസ്കാരവും പഠിപ്പിച്ചിരുന്നു. പ്രാഥമിക വിദ്യാഭ്യാസവും നൽകിയിരുന്നു. വിശുദ്ധഖുർആൻ ഓതി തീർക്കുമ്പോൾ വളരെ സന്തോഷത്തോടുകൂടി ആമീൻ പരിപാടി നടത്തുമായിരുന്നു. അവരെ സ്കൂളിൽ ചേർക്കുകയും അവരുടെ ഉർദുവിലെ തെറ്റുകൾ ശരിയാക്കി കൊടുക്കുകയും ചെയ്യുമായിരുന്നു. ഉർദു ശരിയായിക്കഴിഞ്ഞാൽ അവരെകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വായിപ്പിച്ചു കേൾക്കുകയും അതിന്റെ പ്രാധാന്യത്തെ മനസ്സിലാക്കി കൊടുക്കുകയും ചെയ്യുമായിരുന്നു. മസ്അലകൾ പറഞ്ഞ് മനസ്സിലാക്കി കൊടുക്കുമായിരുന്നു. പെൺകുട്ടികൾക്ക് ഗാർഹിക ജോലികൾ ഉദാഹരണമായി തുന്നൽ, ഭക്ഷണ പാചകം എന്നിവ സ്വയം പഠിപ്പിച്ചുകൊടുക്കുമായിരുന്നു. യാത്രയിൽ അവരെയും കൂടെ കൂട്ടുമായിരുന്നു.

**ഹദ്റത്ത് സയ്യിദ ബുശ്റ ബേഗം സാഹിബ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ (റ) പത്നി. ജമാഅത്തിൽ അമ്മാജി എന്നറിയപ്പെടുന്നു. നിരാലംബരും അനാഥരുമായ കുട്ടികളെ പരിപാലിക്കുന്നത് അവരുടെ ഏറ്റവും പ്രിയപ്പെട്ട ജോലിയായിരുന്നു. തങ്ങളുടെ നിർധനതയുടേയും അനാഥത്വത്തിന്റേയും തോന്നൽ പോലും വരാത്ത നിലയിൽ വളരെയധികം സന്തോഷത്തോടും ഉദാരതയോടും കൂടി അവരെ പരിപാലിക്കുമായിരുന്നു. തന്റെ കുട്ടികളോടൊപ്പം അവരേയും ഇരുത്തി ഭക്ഷണം കഴിപ്പിക്കുകയും ചെയ്യുമായിരുന്നു. അങ്ങിനെ അവരിൽ പ്രസന്നതയും ആത്മവിശ്വാസവും ജനിപ്പിക്കുമായിരുന്നു. ധാരാളം ആവശ്യക്കാരായ സ്ത്രീകൾ സ്ഥിരമായി അവരുടെയടുക്കൽ ഉണ്ടാകുമായിരുന്നു. അവരുടെ പക്കൽ വന്നുപോകുന്ന സ്ത്രീകളുടെ എണ്ണം അസംഖ്യമായിരുന്നു. അവർ സഹായിക്കുന്ന രീതി അതിശയിപ്പിക്കുന്നതും ഹൃദയഹാരിയുമായിരുന്നു. ഒരിക്കൽ വൃദ്ധയായ സ്ത്രീക്ക് തണ്ണിമത്തൻ വാങ്ങി അതിൽ നിന്ന് ലാഭം എടുക്കുന്നതിന്നായി പല തവണകളിലായി പണം നൽകിയിരുന്നു. തണ്ണിമത്തന്റെ കൊട്ടയും വാങ്ങി അവർ നേരെ അമ്മാജിയുടെ അടുക്കലേക്ക് തന്നെ വരുമായിരുന്നു. ഉഷ്ണകാലമായതിനാൽ ക്ഷീണിച്ചു തളർന്നായിരിക്കും എത്തുക. അത് കാണുമ്പോൾ അമ്മാജി പറയും, ഇനി ഈ ചൂടത്ത് എവിടെയാ ഇത് വിൽക്കുവാൻ പോകുക. എന്നിട്ട് അവയെല്ലാം വിലയ്ക്കു വാങ്ങി അയൽവാസികൾക്ക് വിതരണം ചെയ്യുമായിരുന്നു. പണം സ്വരുക്കൂട്ടുന്നതായി അവരെ ഒരിക്കലും കണ്ടിരുന്നില്ല. എത്ര കിട്ടിയാലും അത് ഉടൻ തന്നെ അനാഥരിലും ദരിദ്രരിലും സുഹൃത്തുക്കളിലുമായി വിതരണം ചെയ്യുമായിരുന്നു. സ്വന്തം സുഖത്തിനും ആഡംബരത്തിനുമായി ഒന്നും ചിലവഴിച്ചിരുന്നില്ല. എന്തെങ്കിലും ഉപഹാരം പണമായോ വസ്ത്രമായോ ലഭിച്ചാൽ അത് അനാഥരിലും ദരിദ്രരിലും വിതരണം ചെയ്യുമായിരുന്നു. ഇത് നിങ്ങളുടെ ചികിൽസയ്ക്കും മറ്റുപയോഗങ്ങൾക്കുമായാണ് നൽകുന്നതെന്ന് പറഞ്ഞാൽ പറയുന്ന മറുപടി, നിങ്ങൾ നിങ്ങളുടെ സന്തോഷത്തിനായി നൽകി, ഞാൻ എന്റെ സന്തോഷത്തിനായി ചെയ്തു എന്നായിരുന്നു. പൂർത്തിയാക്കപ്പെടാത്ത യാതൊരു ആഗ്രഹവും അവരുടേതായിട്ടുണ്ടായിരുന്നില്ല. അന്ത്യദിനങ്ങളിൽ അവരോട് ചോദിച്ചു, എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയുക. പറഞ്ഞു, യാതൊരു ആഗ്രഹവുമില്ല. ഇനി അല്ലാഹുവുമായി കണ്ടുമുട്ടണം. എന്റെ അടുത്ത് ഒരു അനാഥ ബാലികയുണ്ട് അതിനെ പഠിപ്പിക്കണം.

**ഹദ്റത്ത് സയ്യിദ മർയം സിദ്ദീഖ സാഹിബ**

തന്റെ മുഴുവൻ ജീവിതവും സൃഷ്ടി സേവനത്തിനായി ഉഴിഞ്ഞുവെച്ച മഹത് വനിതയായിരുന്നു അവർ. അനാഥരുടേയും അഗതികളുടേയും ആവശ്യക്കാരുടേയും ഉന്നമനത്തിനായി കഴിവിന്റെ പരമാവധി ശ്രമിച്ചിരുന്നു. മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടുന്ന ശീലം ഇല്ലാതാക്കുന്നതിന്നായി റബ്‌വയിൽ നുസ്റത്ത് ജഹാൻ ഇൻഡസ്ട്രിയൽ സ്കൂൾ ആരംഭിച്ചു. നിരവധി അനാഥപെൺകുട്ടികളും വിധവകളും അവിടന്ന് തൊഴിൽ പരിശീലിച്ച് അത് തങ്ങളുടെ ജീവിതോപാധിയാക്കി മാറ്റിയിരുന്നു. ധാരാളം പാവപ്പെട്ട പെൺകുട്ടികളെ സ്വന്തം വീട്ടിൽ നിർത്തി പഠിപ്പിച്ചിരുന്നു. പിന്നീട് നല്ല നിലയിൽ അവരെ വിവാഹം കഴിപ്പിച്ചയച്ചിരുന്നു. അതുകൂടാതെ രഹസ്യമായ നിലയിൽ സഹായങ്ങൾ നൽകുന്നതിനുള്ള വിവിധമാർഗങ്ങളും അന്വേഷിച്ചുകൊണ്ടേയിരുന്നു. അടുത്ത കുടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും അവകാശങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിന് നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്നു. എല്ലാവരോടും സ്നേഹത്തോടും ആത്മാർത്ഥതയോടും പെരുമാറിയിരുന്നു. കൂടാതെ അവശ്യസമയത്ത് അനുകമ്പയും പ്രോൽസാഹനവും നൽകിയിരുന്നു. ബന്ധം ഊട്ടിയുറപ്പിക്കുന്നതിന്റെ ധാരാളം ഉത്തമമാതൃകകൾ അവരുടെ ജീവിതത്തിലുടനീളം കാണാൻ സാധിക്കുന്നതാണ്. ഇടയ്ക്കിടയ്ക്ക് രോഗികളെ സന്ദർശിക്കുന്നതിനും പ്രസവസമയത്ത് സഹായസഹകരണങ്ങൾ ചെയ്യുന്നതിനുമായി മറ്റ് പട്ടണങ്ങളിൽ തന്റെ സ്നേഹിതകളോടൊപ്പം ദിവസങ്ങളോളം തങ്ങുമായിരുന്നു. സ്നേഹത്തിനും പുണ്യപ്രാപ്തിക്കുമായി പ്രയാസവും ശ്രമകരവുമായ ഈ ജോലി പ്രസന്നതയോടും ആത്മാർത്ഥതയോടും കൂടി നിർവഹിക്കുമായിരുന്നു. സ്വന്തക്കാരുടേയും അന്യരുടേയും വിവാഹ അവസരങ്ങളിൽ വസ്ത്രങ്ങൾ തുന്നുന്നതിലും മുറിക്കുന്നതിലും അലങ്കാരപ്പണികൾ ചെയ്യുന്നതിലും സഹായിക്കുമായിരുന്നു. നവജാതശിശുക്കൾക്കായി സ്വന്തം കൈകൊണ്ട് തണുപ്പിനാവശ്യമായ വസ്ത്രങ്ങൾ നെയ്ത് ഉപഹാരമായി നൽകുമായിരുന്നു.

*(അവലംബം, മുഹ്സിനാത്ത്)*

***അബു തബസ്സും***







# ഹനൂസ് ദില്ലി ദൂർ അസ്ത്

അല്ലാഹുവിനെ കരസ്ഥമാക്കിയവർക്കു മുന്നിൽ ചക്രവർത്തിക്കു പോലും യാതൊരു സ്ഥാനവുമില്ല. നബിമാരുടെ അവസ്ഥ മറ്റൊന്നു തന്നെയാണ്. അവരുടെ ദാസരുടെ മുന്നിൽ പോലും ചക്രവർത്തിമാർക്ക് യാതൊരു സ്ഥാനവുമില്ല.

ഡൽഹിയിൽ നിസാമുദ്ദീൻ ഔലിയാ എന്ന ഒരു സാത്വികൻ ഉണ്ടായിരുന്നു. അദ്ദേഹം ധാരാളം ഔലിയാക്കന്മാരുടെ നേതാവായിരുന്നു. അദ്ദേഹത്തിലൂടെ സത്യമാർഗം ഇന്ത്യയിൽ ധാരാളം പ്രചരിക്കുകയുണ്ടായി.

ഒരിക്കൽ അദ്ദേഹം പറഞ്ഞ ഏതോ ഒരു കാര്യത്തിൽ അന്നത്തെ ഇന്ത്യയിലെ തുഗ്ലക് ചക്രവർത്തി കുപിതനാകുകയുണ്ടായി. ഒരു യാത്രയ്ക്കുള്ള പുറപ്പാടിലായിരുന്നതിനാൽ തിരിച്ചു വന്നാലുടൻ അദ്ദേഹത്തെ



ശിക്ഷിക്കുന്നതാണെന്ന് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അനുയായികളെ ഈ വാർത്ത ചിന്താകുലരാക്കി. ചക്രവർത്തി മടങ്ങാൻ തുടങ്ങിയപ്പോൾ അവരുടെ ചിന്ത അധികരിക്കുവാൻ തുടങ്ങി. അവർ പറഞ്ഞു, ചക്രവർത്തി മടങ്ങി വരുന്നുണ്ട്. അതിനാൽ ഡൽഹിയിൽ എത്തുന്നതിനു മുമ്പേ എന്തെങ്കിലും ഒത്തുതീർപ്പുണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞു, നമ്മളെന്തു ശ്രമിക്കുവാനാണ്. എല്ലാം അവന്റെ കയ്യിലാണ്. അവൻ ഇഛിക്കുന്നത് നടക്കട്ടെ. ചക്രവർത്തി അടുത്തെത്താറായപ്പോൾ അവരുടെ ചിന്ത വീണ്ടും അധികരിച്ചു. അവർ വീണ്ടും പറഞ്ഞു, ഇനി അല്പം ദൂരമേ ബാക്കിയുള്ളു. എന്നാൽ അദ്ദേഹം പറഞ്ഞു, ദുഖിക്കേണ്ട. ഡൽഹി ഇനിയും ദൂരെതന്നെയാണ്. അവസാനം ചക്രവർത്തി തൊട്ടടുത്തെത്തി. മുസ്ലിം ചക്രവർത്തിമാരുടെ രീതിയനുസരിച്ച് അവർ രാത്രിയിൽ പട്ടണത്തിൽ പ്രവേശിക്കില്ലായിരുന്നു. യഥാർത്ഥത്തിൽ ഇത് നബിതിരുമേനി (സ) യുടെ സുന്നത്തായിരുന്നു. ചക്രവർത്തിമാർ ഈ സുന്നത്തിനെ പിന്തുടരുകയായിരുന്നു. അങ്ങിനെ രാത്രിയിൽ പട്ടണത്തിനടുത്തെത്തിയ ചക്രവർത്തി രാത്രി മുഴുവനും പട്ടണത്തിനു വെളിയിൽ കഴിച്ചു കൂട്ടി. നാളെ പട്ടണത്തിൽ പ്രവേശിക്കുന്നതാണെന്ന് വിളംബരവും ചെയ്തു. അനുയായികൾ വീണ്ടും അദ്ദേഹത്തോട് പറഞ്ഞു, ചക്രവർത്തിയിതാ എത്തിക്കഴിഞ്ഞു. എന്നാൽ അന്നേരവും അദ്ദേഹം നൽകിയ മറുപടി, ഡൽഹി ഇനിയും ദൂരെതന്നെ എന്നായിരുന്നു.



പ്രഭാതമായപ്പോൾ, ഇപ്പോൾ ചക്രവർത്തി പട്ടണത്തിൽ പ്രവേശിക്കും. പിന്നീട് എന്തൊക്കെയായിരിക്കും നടക്കുക എന്നറിയില്ല എന്നു പറഞ്ഞുകൊണ്ട് അനുയായികൾ പരിഭ്രമിക്കുവാൻ തുടങ്ങി. എന്നാൽ രാത്രിയിലെ ഏതോ ആപത്തിൽ പെട്ട് ചക്രവർത്തി മരിച്ചു എന്നും അദ്ദേഹത്തിന് പകരം അദ്ദേഹത്തിന്റെ ജഢമാണ് പട്ടണത്തിൽ പ്രവേശിച്ചതെന്നുമുള്ള അറിയിപ്പാണ് അനുയായികൾക്ക് ലഭിച്ചത്.

അതിനാൽ അല്ലാഹുവിനു വേണ്ടി ആയിത്തീരുന്നവർക്കു മുന്നിൽ ചക്രവർത്തി പോലും ഒന്നുമല്ല. കാരണം അല്ലാഹുവുമായി ബന്ധമുള്ളവർക്കാണ് യഥാർത്ഥ സംതൃപ്തി കരസ്ഥമാകുന്നത്.

(സോച്നേ കി ബാത്തേം)



## നുറുങ്ങുകൾ

എസ്.ഡി

## വസ്ത്രത്തിലെന്തിരിക്കുന്നു

ചിലർ വസ്ത്രങ്ങൾ വാങ്ങിക്കൂട്ടുന്നതിൽ താൽപര്യമുള്ളവരാണ്. ഞാൻ ഭോപ്പാലിലുണ്ടായിരുന്ന സമയത്ത് അവിടത്തെ രാജകുടുംബത്തിൽ ഒരു വിവാഹം നടന്നു. ഉയർന്ന പദവിയിലുള്ള എന്റെ ഒരു സുഹൃത്തും അവിടെയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, ഞങ്ങളും വരുന്നു. ഞാൻ പറഞ്ഞു, ശരി. അദ്ദേഹം വീട്ടിൽ പോയി വസ് ത്രം മാറി വന്നു. അത് വളരെയധികം തിളങ്ങുന്നതായിരുന്നു. സ്വർണ്ണം മാത്രമേ അതിൽ ഉള്ളു എന്ന് തോന്നുമായിരുന്നു. അദ്ദേഹം വന്നിട്ട് ചോദിച്ചു, താങ്കൾ വസ്ത്രം മാറുന്നില്ലേ. ഞാൻ പറഞ്ഞു സഹോദരാ, എന്റെ സുഹൃത്ത് ഹിദായത്തുല്ലാഹ് മുറി പൂട്ടി എവിടേയ്ക്കോ പോയിരിക്കുകയാണ്. അങ്ങിനെ അതെ വേഷത്തിൽ യാത്ര തുടന്നു. ആദ്യ കവാടത്തിൽ എത്തിയപ്പോൾ അദ്ദേഹം മുന്നിലും ഞാൻ പിന്നിലും ആയിരുന്നു. കാവൽക്കാരൻ അദ്ദേഹത്തെ തടഞ്ഞു. ഞാൻ മുന്നോട്ട് കടന്ന് ചെന്ന് കാവൽക്കാരനോട് പറഞ്ഞു, അദ്ദേഹം എന്നോടൊപ്പമാണ്. അയാൾ മറുപടി പറഞ്ഞു, ശരി. ഞാൻ അയാളോട് പറഞ്ഞു, അദ്ദേഹത്തിന്റെ വസ്ത്രം കാണുന്നില്ലേ. അയാൾ പറഞ്ഞു, വസ്ത്രത്തിലെന്താണുള്ളത്. ഇതിനേക്കാളും നല്ല വസ്ത്രം വാടകയ്ക്ക് ആർക്കും കിട്ടും. മുന്നോട്ട് നീങ്ങിയപ്പോൾ അന്നവിടെ പ്രത്യേക സഭ കൂടിയിരിക്കുകയാണ് എന്ന് മനസ്സിലായി. കുടുംബത്തിലുള്ള വിശിഷ്ടവ്യക്തികൾക്കും മറ്റ് എണ്ണപ്പെട്ട ചില വ്യക്തികൾക്കുമല്ലാതെ അവിടെ പ്രവേശനം ഉണ്ടായിരുന്നില്ല. എന്നോട് കാവൽക്കാരൻ പറഞ്ഞു, താങ്കൾക്ക് പോകാം. എന്നാൽ എന്റെ സഹയാത്രികനെ നേരത്തേ ഇരിപ്പുറപ്പിച്ച മറ്റ് നേതാക്കൾക്കൊപ്പം മുറ്റത്ത് ഇരുത്തുകയുണ്ടായി. അങ്ങിനെ ഞാൻ അതേ ലളിതവും സാധാരണവുമായ വസ്ത്രത്തിൽ തന്നെ ആ വിശിഷ്ടസഭയിൽ യാതൊരു തടസ്സവുമില്ലാതെ എത്തിച്ചേർന്നു.

## സുന്ദരവും വികൃതവും

ഒരാൾ ഒരു വെളുത്ത പന്നിക്കുട്ടിയെ കൂട്ടിലടച്ചുകൊണ്ട് എന്റെ അടുത്തു വന്ന് ചോദിച്ചു. സുന്ദരനായ ഈ ജീവിയുടെ പേര് പറയാമോ. ഞാൻ ഇതിനു മുമ്പ് പന്നിയെ കണ്ടിട്ടില്ലെന്ന് അയാൾക്കറിയാമായിരുന്നു. ഞാൻ പറഞ്ഞു, ഇത് വളരെ വികൃതമായ ഒരു ജീവിയാണല്ലോ. അയാൾ സമ്മതിച്ചില്ല. അവസാനം അതിന്റെ പേര് പന്നിയാണെന്ന് അയാൾ പറഞ്ഞു. ഞാൻ പറഞ്ഞു നമ്മൾ രണ്ടുപേരും സത്യമാണ് പറഞ്ഞത്. കാരണം തലമുറകളായി ഞങ്ങളതിനെ കണ്ടിട്ടില്ല. തലമുറകളായി ഇതിനെ തിന്നുന്ന നിങ്ങളുടെ ഇറച്ചിയും തൊലിയുമൊക്കെ അതിന്റേതായിട്ടുണ്ടാകും. അതുകൊണ്ടാണ് നിന്റെ ദൃഷ്ടിയിൽ അത് ആകർഷണീയമായത്.

*(മിർഖാത്തുൽ യഖീൻ)*

ചരിത്രം
ഇഷ്

# മൗലാനാ സഫർ അലി ഖാന്റെ ഹുക്കയിൽ പുകഞ്ഞ തബ്ലീഗ് പദ്ധതി

**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്**



അഹ്മദിയ്യാ വിരോധിയും സമീൻദാർ പത്രാധിപരും മുസ്‌ലിം ലീഗ് നേതാവുമായിരുന്ന മൗലാനാ സഫർ അലി ഖാനോട് ഒരിക്കൽ സമീൻദാറിന്റെ ഓഫീസി ൽ വെച്ച് ഒരാൾ പറഞ്ഞു ചൈനയിലും, ജപ്പാനിലും, ഫ്രാൻസിലും, ജർമ്മനിയിലും ഉള്ള ആളുകൾ മുസ്‌ലിംകളാകുവാൻ താൽപര്യപ്പെടുന്നു. പക്ഷേ അവർക്ക് ആര് തബ്ലീഗ് ചെയ്യും?

മൗലവി സഫർ അലി ഖാൻ പറഞ്ഞു നിങ്ങൾ പറഞ്ഞത് ശരിയാണ്. ഒരു തബ്ലീഗ് സെഷൻ ആരംഭിച്ചാൽ എങ്ങനെയുണ്ടാവുമെന്നതിനെക്കുറിച്ച് സാലിഹ് സാഹിബ് ആലോചിച്ച് അഭിപ്രായം പറയട്ടെ. മെഹർ സാഹിബിനെയും വിളിക്കൂ.

അങ്ങനെ മെഹർ സാഹിബ് എത്തി മൗലാനാ പറഞ്ഞു, ഞാൻ പറഞ്ഞു വരുന്നത് നമുക്ക് ലാഹോറിൽ ഒരു തബ്ലീഗ് കേന്ദ്രം തുടങ്ങാമെന്നും അതിന്റെ ശാഖകൾ ലോകം മുഴുവൻ സ്ഥാപിക്കാമെന്നുമാണ്. ഇന്ത്യയിൽ ഏഴെട്ട് കോടി മുസ്‌ലിംകളുണ്ടല്ലൊ. ഓരോരുത്തരും ഓരോ പൈസ കൊടുത്താൽ എത്ര രൂപ സ്വരൂപിക്കാം?

കണക്കിലെ കളിയായതുകൊണ്ട് ആർക്കും പെട്ടെന്ന് ഉത്തരം കിട്ടിയില്ല. എല്ലാവരും പരസ്പരം മുഖം നോക്കാൻ തുടങ്ങി. അപ്പോഴേക്കും മൗലാന തന്നെ പറഞ്ഞു, എട്ട് കോടി പൈസ! അതായത് എട്ടു കോടിയെ 64 കൊണ്ട് ഹരിച്ചാൽ പന്ത്രണ്ടര ലക്ഷം! വേണ്ട നമുക്ക് 10 ലക്ഷം മതി. 10 ലക്ഷം തന്നെ ധാരാളമാണ്.

ഇനിയുള്ള പ്രശ്നം ആര് തബ്ലീഗ് ചെയ്യുമെന്നതാണ്. ഉന്നതരായ പണ്ഡിതൻമാർ തന്നെ വേണം. വഴിയുണ്ട്, മൗലാനാ അബുൽ കലാം ആസാദിനെ ഫ്രാൻസിലും ജർമ്മനിയിലും മറ്റും തബ്ലീഗിന് അയക്കാം. ഡോ. ഇഖ്ബാലിനെ ചൈനയിലേക്ക് വിടാം. നിങ്ങൾ സാലിഹ് സാഹിബും മെഹർ സാഹിബും നമ്മുടെ പത്രത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഞാനും തബ്ലീഗിൽ മുഴുകാൻ പോവുകയാണ്.

ഓഫീസിൽ പൂർണ്ണ നിശബ്ദത കളിയാടി. ഇതിനിടയിൽ ഒരാൾ ഒരു ഇടിവെട്ട് ചോദ്യമുന്നയിച്ചു, മൗലാനാ, താങ്കൾ പറഞ്ഞ പദ്ധതിയൊക്കെ കൊള്ളാം. പക്ഷേ പൈസ എങ്ങനെ സ്വരൂപിക്കും? 10 ലക്ഷം രൂപ സ്വരൂപിക്കാൻ ഒരു ലക്ഷം രൂപയെങ്കിലും ചിലവുവരും. താങ്കൾ ഒരു ലക്ഷം രൂപക്കുള്ള ഏർപ്പാട് ചെയ്തു തന്നാൽ മതി. ബാക്കി കാര്യങ്ങൾ ഞങ്ങൾ ഏറ്റെടുക്കാം.

മൗലാനാ പറഞ്ഞു, സുഹൃത്തേ അതു തന്നെയാണ് പ്രശ്നം. തുടർന്ന് മുഖം തിരിച്ചുകൊണ്ട് അദ്ദേഹം ഒരു പുതിയ ഹുക്ക കൈയ്യിലെടുത്തു. ചൂണ്ടു വിരലും തള്ള വിരലും ചേർത്ത് ഒരു അർദ്ധവൃത്താകൃതി ഉണ്ടാക്കി ഉലാത്താൻ തുടങ്ങി.

അങ്ങനെ സഫർ അലിഖാന്റെ ഹുക്കയുടെ പുകച്ചുരുളുകളിൽ മഹത്തായ തബ്ലീഗ് പദ്ധതിയും, അന്തരീക്ഷത്തിൽ അലിഞ്ഞ് ഇല്ലാതായി.

*(മർദംദീദ പേജ് 154 – 156, ചിറാഗ് ഹസൻ ഹസ്റത്ത് കശ്മീരി, ദാറുൽ ഇശാഅത്ത് പഞ്ചാബ് ലാഹോർ, 1939)*

**വീക്ഷണവിശേഷം**

ഒബ്സർവർ

# മാനവികതയെ ഉണർത്താൻ ഒരു ഏ.പി നടത്തം

കാന്തപുരം വീണ്ടും നടക്കാനിറങ്ങുകയാണ്. മാനവികതയെ ഉണർത്താനാണത്രെ ഇത്തവണത്തെ യാത്ര. നേരത്തെ മനുഷ്യമനസ്സുകളെ കൂട്ടിയിണക്കാൻ ഇതേ സാഹസം കാണിച്ചിരുന്നു.

ഏതായാലും ആരോഗ്യത്തിനു നടത്തം നല്ലതാണെന്നേ നമുക്കറിയുകയുള്ളൂ. എന്നാൽ അതിനൊരു മുദ്രാവാക്യം വേണമെന്ന കാര്യത്തിൽ മുസ്‌ലിയാർക്കു നിഷ്കർഷയുണ്ട്.

മുടിയിൽ കുരുങ്ങി തെരുവുകൾ തോറും മാക്സിമം ജോറിൽ അക്രമ അതിക്രമപ്രത്യാക്രമണങ്ങൾ അരങ്ങുകൊഴുക്കുമ്പോൾ അൽപം ഉല്ലാസത്തിനു യാത്ര നല്ലതു തന്നെ. കാലത്തിനനുസരിച്ചു യാത്രക്കു പേരിടാം. രാഷ്ട്രീയക്കാർ മാത്രം ചെയ്തു ശീലിച്ച ഇമ്മാതിരി യാത്രകൾ മതരാഷ്ട്രീയക്കാർക്കു പറ്റില്ല എന്നൊന്നുമില്ലല്ലോ.. അല്ലെങ്കിലും മുഖ്യധാരയിൽ ഇടം കിട്ടാത്തതു കൊണ്ട് വഴിധാരയിലെങ്കിലും ഒന്നു ധാരപിടിക്കാമല്ലോ.

വടക്ക് നിന്നു തെക്കോട്ടു യാത്ര ചെയ്താൽ മാനവികത ഉണർന്നു തുള്ളിച്ചാടുമെന്നും അങ്ങിനെ മുടിപ്പള്ളിക്കു അതൊരു ഉത്തമ മാർഗമാവുമെന്നും ധരിച്ചാൽ അതിനെ കുറ്റം പറയരുത്.

ഈസാ നബി മരിച്ചുപോയി എന്നു എഴുതി മഷിയുണങ്ങും മുമ്പു ഇത്തരത്തിലൊരു മാനവികത ഉണർന്നപ്പോൾ മരിച്ച ഈസാ നബിയെ അതിലും വേഗതയിൽ ആകാശത്തേക്കു പറഞ്ഞുവിട്ടവർക്ക് ഖഗോളയാത്ര തന്നെ ചെയ്യണമെന്നാഗ്രഹമില്ലാഞ്ഞിട്ടല്ല, പക്ഷേ എന്തു ചെയ്യും മുടി മൂടിവെക്കാൻ തന്നെ നല്ലൊരു സംഖ്യ ചെലവല്ലേ!

മുടിയുടെ ആധികാരികതയെക്കുറിച്ചു പത്രക്കാർ ചോദിച്ചപ്പോൾ അതിന്റെ സന്നദ്, സഖാഫി സർട്ടിഫിക്കറ്റ് പോലെയാണെന്നാണ് വ്യക്തമാക്കിയത്. ഇത്രയും വ്യക്തമായി മറുപടി പറഞ്ഞിട്ടും സന്നദ് ചോദിക്കുന്നവരുടേയും മാനവികത ഉണർത്താൻ യാത്ര കൊണ്ടല്ലതെ സാധിക്കുമെന്നു തോന്നുന്നില്ല.

പിന്നെ യാത്രയോടനുബന്ധിച്ചുള്ള കലാപരിപാടികളും പ്രഖ്യാപനങ്ങളുമൊക്കെയായി സഖാഫികൾക്കും ഇപ്പോൾ തിരക്കു കുറച്ചു കൂടുതലാണ്. യാത്ര കഴിഞ്ഞിട്ടു വേണം അൽപം വിശ്രമിക്കാൻ, അല്ലെങ്കിൽ ഒരു ഉല്ലാസയാത്ര ചെയ്യാൻ. കേരള ജനതയാകമാനം മാനവികതയിലാറാടി ഉൾപ്പുളകിതരാവുകയും മഹാബലി ഭരണം വരുമെന്നും പ്രതീക്ഷിച്ചു കൗണ്ട്ഡൗൺ ചെയ്തു കൊണ്ടിരിക്കുകയുമാണ് .

യാത്രയുടെ എത്ര എത്ര സാധ്യതകൾ!

ദൈവനിയോഗിതരായ മഹാത്മാക്കളിലൂടെയാണു ഊഷരമായ മനുഷ്യമനസുകളെ അല്ലാഹു ജീവസ്സുള്ളതാക്കുകയെന്നു വിശുദ്ധ ഖുർആൻ പറയുന്നു. അപ്പോഴാണു മാനവിക മൂല്യങ്ങൾക്കു പ്രസക്തി ഉണ്ടാവുന്നതും. അങ്ങിനെയാണ് മാനവികത ഉണരുക. അല്ലാതെ കൊച്ചു കേരളത്തിന്റെ ഠ വട്ടത്തിൽ യാത്ര ചെയ്തിട്ടൊന്നും ഉണർച്ച ഉണ്ടാവില്ല ഉസ്താദേ!

അല്ലാഹു നിശ്ചിത സമയത്തുതന്നെ വാഗ്ദത്ത മഹ്ദീ മസീഹിനെ എഴുന്നേൽപ്പിച്ചുകൊണ്ട് അതിനുള്ള സംവിധാനം ചെയ്തിരിക്കുന്നു. പക്ഷേ മഹ്ദി ഇമാമിനെ എതിർക്കുവാനാണല്ലോ മുസ്‌ലിയാർ ധൃതിപ്പെടുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയശൈലി മുസ്‌ലിയാർക്കു ഭൂഷണം!

ഇസ്‌ലാമിന്റെ സമഗ്ര ജീവിത പദ്ധതി പുനസ്ഥാപിച്ചുകൊണ്ട് നൽകിയ സന്ദേശത്തിൽ ഹദ്റത് അഹ്മദ് (അ) പറയുന്നു: മനുഷ്യജാതിക്കു പൊതുവായും മുസ്‌ലിംകൾക്കു പ്രത്യേകമായും എനിക്കൊരു സന്ദേശം നൽകാനുണ്ട്. സത്യസന്ധമായ വിശ്വാസവും നിർമലമായ സംശുദ്ധിയും ദൈവാനുരക്തിയുടെ മാർഗവും മനസിലാക്കാനും ദുഷിച്ചതും അലംഭാവവും ധിക്കാരപരവുമായ ജീവിതം ഉപേക്ഷിക്കാനും വേണ്ടി ഞാനുമായി ബയ്അത്ത് ചെയ്യണമെന്നു കൽപിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അഹ്മദ് (അ) ദൈവിക നിർദ്ദേശപ്രകാരം താനാണ് വാഗ്ദത്ത ലോകോദ്ധാരകനെന്ന് പ്രഖ്യാപിക്കുകയും സമാധാനപൂർണമായ സ്വർഗീയ ജീവിതത്തിലേക്കു മാനവകുലത്തെ വിളിക്കുകയും ചെയ്യുന്നു.

അതിലൂടെ മാത്രമേ മാനവികത ഉണരുകയുള്ളൂ.

**ഗുട്ടൻസ്: മാനവികത ഉണർന്നപ്പോൾ കുറേപ്പേരൊക്കെ കൂടുമാറിയെന്ന് റോഡരികിലൊക്കെ ബോർഡുയർന്നു തുടങ്ങിയിരിക്കുന്നു.**

ദഅ്വത്തെ ഇലല്ലാഹ്



# വിപ്ലവം നിങ്ങളെ പ്രതീക്ഷിച്ചിരിക്കുന്നു

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് എത്ര മുബല്ലിഗുകൾ തബ്ലീഗ് മൈതാനത്ത് പ്രവർത്തിച്ചിരുന്നുവോ അതിന്റെ നൂറിലൊരു ഭാഗം പോലും ഇന്ന് ഇല്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ആവശ്യങ്ങൾ വളരെ വിശാലമായിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ Contact points വളരെയധികം അധികരിച്ചിരിക്കുന്നു. അക്കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ബന്ധം ഇന്ത്യയിൽ കൂടുതലായും ഇസ്ലാമിന്റെ ശത്രുക്കളോടായിരുന്നു. എന്നാൽ ഇന്ന് ലോകത്തിലെ ഏതാനും രാഷ്ട്രങ്ങളിൽ മാത്രമേ അഹ്മദിയ്യത്ത് സ്ഥാപിതമാകാതെയുള്ളു. എന്നാൽ ജമാഅത്തിന്റെ ബന്ധം ഏതെങ്കിലും നിലയിൽ ഇല്ലാത്ത ഒരു പ്രദേശവും നിങ്ങൾക്ക് കാണാൻ സാധ്യമല്ല.......... .... Contact points ഇത്രയും വിശാലമായ സ്ഥിതിക്ക് സേവനത്തിന്റെ ആവശ്യകത കൂടുതൽ വേണ്ടി വരില്ലേ എന്നുള്ളതാണ് ചോദ്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് തബ്ലീഗ് ചെയ്തിരുന്ന എത്ര മുബല്ലിഗാണോ ഉണ്ടായിരുന്നത് ഇന്ന് അതിനേക്കാൾ കുറവാണ്. അന്ന് ഓരോ അഹ്മദിയും മുബല്ലിഗ് ആയിരുന്നു. എല്ലാവരും തബ്ലീഗ് ചെയ്യുന്നവരായിരുന്നു. ഒരു കൃഷിക്കാരൻ നിലം ഉഴുതുമ്പോഴും തബ്ലീഗ് ചെയ്യുകയായിരുന്നു. ഒരു വ്യാപാരി കവറിലേക്ക് സാധനങ്ങൾ ഇട്ട് ഉപഭോക്താവിന് വിൽക്കുമ്പോഴും തബ്ലീഗ് ചെയ്യുകയായിരുന്നു. ഒരു വൈദ്യൻ മരുന്ന് പൊതികൾ ഉണ്ടാക്കുകയോ അല്ലെങ്കിൽ തപാലിൽ പാർസലായി അയക്കുമ്പോഴോ തബ്ലീഗ് ചെയ്യുകയായിരുന്നു. ഏത് അവസ്ഥയിലുള്ള അഹ്മദിയാണെങ്കിലും, അവൻ വക്കീലാകട്ടെ അല്ലെങ്കിൽ ഡോക്ടറാകട്ടെ വ്യാപാരിയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും തോഴിലാളിയോ ആകട്ടെ മരപ്പണിക്കാരനോ കൊല്ലപ്പണിക്കാരനോ ആകട്ടെ എതവസ്ഥയിലും ആദ്യം അവൻ മുബല്ലിഗ് ആയിരുന്നു. അവന്റെ മറ്റുള്ള അവസ്ഥ അതിനു ശേഷമായിരുന്നു. ഇക്കാരണം കൊണ്ടുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ലക്ചർ ലുധിയാന എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയത്, ബൈഅത്തിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ രണ്ടായിരം നാലായിരം ആറായിരം വരെ ബൈഅത്തുകൾ ലഭിക്കാറുണ്ട്. (ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ വാല്യം 20, പേജ് 258). മുബല്ലിഗ് ഉണ്ടായിരുന്നില്ലെങ്കിൽ ഈ ബൈഅത്തുകൾ എവിടെ നിന്നാണ് വന്നിരുന്നത്......... അതിനാൽ മുഴുലോകത്തുമുള്ള അഹ്മദികളെ ഞാൻ ഈ വിളംബരത്തിലൂടെ ജാഗ്രതപ്പെടുത്താൻ ആഗ്രഹിക്കുന്നു, അഥവാ അവർ നേരത്തേ മുബല്ലിഗ് അല്ലെങ്കിൽ ഇന്നേക്ക് ശേഷം അവർക്ക് നിർബന്ധമായും മുബല്ലിഗ് ആകേണ്ടി വരും. ഇസ്ലാമിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതിന്നായി വളരെ വിശാലമായ ആവശ്യങ്ങളാണുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ ചുമലിൽ ചുമത്തപ്പെട്ട ഒരു ഭാരമാണിത്..........................തബ്ലീഗിന്റെ ഫലമായി അറിവ് സ്വയം ഉണ്ടാകുന്നു. അറിവ് കരസ്ഥമാക്കിയ ശേഷം തബ്ലീഗ് ചെയ്യുന്നതും നല്ല കാര്യമാണ്. എന്നാൽ അതിനുള്ള തൗഫീഖ് ലഭിക്കാത്തവർ - അധികപേർക്കും ലഭിക്കാറില്ല - പ്രതീക്ഷിച്ചിരിക്കാതെ തന്നെ മൈതാനത്തേക്ക് കുതിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ദുആയാണ് പ്രധാനം.............. ഇന്നേക്ക് ശേഷം ഓരോ അഹ്മദിയും അവർ ഏത് രാജ്യത്തും ഏത് പ്രദേശത്തും വസിക്കുന്നവരായിക്കൊള്ളട്ടെ- ഭൗതീകത നിശ്ചയമായും സമ്പാദിച്ചുകൊള്ളട്ടെ കാരണം അതില്ലാതെ കഴിയില്ല, ദീനിന് വേണ്ടി എന്തെങ്കിലും നൽകണമെങ്കിലും അത് അത്യാവശ്യമാണ്- എന്നാൽ അവന്റെ ധനസമ്പാദനത്തിനുള്ള ലക്ഷ്യം യഥാർത്ഥത്തിൽ അല്ലാഹുവിലേക്ക് വിളിക്കുക എന്നതായിരിക്കണം. കൂടാതെ അവന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും അവൻ അല്ലാഹുവിന് വേണ്ടിയാണ് ജീവിക്കുന്നതെന്നും അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന്നായിട്ടാണ് ജീവിക്കുന്നതെന്നു സാക്ഷ്യം പറയുന്നതാണെന്നും പ്രതിജ്ഞ ചെയ്യുക. അങ്ങിനെ നിങ്ങൾ പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം പ്രതീക്ഷിക്കുന്ന ആ വിപ്ലവം ലോകത്ത് എത്ര വേഗത്തിൽ സംജാതമാകുന്നതാണെന്ന് നിങ്ങൾ കാണുന്നതാണ്.

ചുരുക്കത്തിൽ ഈ വിപ്ലവം നിങ്ങളെ പ്രതീക്ഷിച്ചിരിക്കുകയാണ്. നിങ്ങളുടെ ആത്മാർത്ഥതയെ പ്രതീക്ഷിച്ചിരിക്കുകയാണ്. നിങ്ങളുടെ ധൈര്യത്തെ പ്രതീക്ഷിച്ചിരിക്കുകയാണ്. നിങ്ങളുടെ ഹൃദയത്തിന്റെ ദൃഢവിശ്വാസത്തെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഇവയൊന്നുമില്ലാതെ നിങ്ങൾ ഈ വിപ്ലവത്തിനു പിന്നാലെ പോകുകയാണെങ്കിൽ ഈ വിപ്ലവം കൂടുതൽ വേഗതയിൽ നിങ്ങളിൽ നിന്നും ഓടിയൊളിക്കുന്നതാണ്. നിങ്ങളുടെ നഫ്സിന്റെ ഖുർബാനി അല്ലാഹുവിലേക്കുള്ള ക്ഷണിതാവിന്റെ രൂപത്തിൽ ദൈവസമക്ഷത്തിൽ സമർപ്പിക്കുകയും, ദൈവത്തിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതാണെന്ന് ലോകത്തുള്ള ഓരോ അഹ്മദിയും ഇന്ന് ദൃഢപ്രതിജ്ഞ എടുക്കുകയാണെങ്കിൽ നമ്മിൽ നിന്നും ഓടിയൊളിക്കുന്നതായി നാം കാണുന്ന ഈ വിപ്ലവം ഒരു സ്ഥലത്ത് നിൽക്കുകയും പിന്നീട് തിരിഞ്ഞ് നിങ്ങളേക്കാൾ കൂടുതൽ വേഗതയിൽ നിങ്ങളിലേക്ക് പാഞ്ഞടുക്കുന്നതായും നിങ്ങൾ കാണുന്നതാണ്................ അതിനാൽ സുഹൃത്തുക്കൾ ദാഇ ഇലല്ലാഹ് ആകുന്നതിനുള്ള ദൃഢനിശ്ചയം ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകട്ടെ എന്ന് ദുആ ചെയ്യുക. കാലഘട്ടം വളരെ വേഗതയിൽ നാശങ്ങളിലേക്ക് കുതിക്കുകയാണ്. അതിനെ തടയേണ്ടത് നാമാണ്. അതിന്റെ മോക്ഷത്തിനുള്ള വ്യവസ്ഥിതികൾ ദൈവസമക്ഷത്തിൽ താണപേക്ഷിച്ചുകൊണ്ട് നാമാണ് സംജാതമാക്കേണ്ടത്. അതിനെ ദൈവപാദങ്ങളിൽ നാമാണ് ഹാജരാക്കേണ്ടത്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

(ഖുത്വുബ ജുമുആ, 1983, ജനുവരി 28)

## ശതാബ്ദം 1912 - ഏപ്രിൽ

എസ്.



അഹ്മദിയ്യാ പണ്ഡിതൻമാരുടെ ഒരു നിയുക്ത സംഘം ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വീകരിച്ചു പോരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളും രീതികളും നിരീക്ഷിക്കുന്നതിന്നായി ലക്നൗ, കാൺപൂർ, ഷാജഹാൻപൂർ, രാംപൂർ, ഡൽഹി, സഹാരൺപൂർ, ദേവ്ബന്ദ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. സംഘത്തിന് നേതൃത്വം കൊടുത്തിരുന്നത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ആയിരുന്നു.



ഖുർആൻ ഓതിപ്പൂർത്തിയാക്കിയ അബ്ദുശ്ശാഫി(7 1/2, വഖഫെ നൗ ) കാവശ്ശേരി മഹ്മൂദ് അഹ്മദ് സാഹിബിന്റെയും ഫാത്തിമ സാഹിബയുടെയും മകൻ

# തർബിയ്യത്ത് ക്യാമ്പും പിക്നികും



**എറണാകുളം**: മേഖലാ അൻസാറുല്ലാഹ് ഏകദിന തർബിയ്യത്ത് യോഗവും, സീറത്തുനബി യോഗവും, പിക്നികും അടിമാലിയിൽ നടത്തപ്പെട്ടു. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ അബ്ദുറഹ്മാൻ സാഹിബിന്റെ തിലാവത്തോടുകൂടി ആരംഭിച്ച യോഗത്തിൽ മേഖലാ നാസിം പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. അബ്ദുറഹീം സാഹിബ് പദ്യമാലപിച്ചു. മേഖലാ നാസിം സാഹിബിന്റെ ആമുഖഭാഷണത്തിന് ശേഷം അദ്ധ്യക്ഷൻ തിരുനബി (സ)യെ പ്രകീർത്തിച്ചുകൊണ്ട് പ്രഭാഷണം നടത്തി. മൗലവി എം.നാസിർ സാഹിബ് തിരുനബി(സ)യെ സംബന്ധിച്ചും, മൗലവി അബ്ദുൽ മുജീബ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ശഹാദത്തുൽ ഖുർആൻ എന്ന ഗ്രന്ഥത്തെ പരിചയപ്പെടുത്തിക്കൊണ്ടും ക്ലാസ്സെടുത്തു. ഉപസംഹാര പ്രഭാഷണത്തിന് ശേഷം ദുആയോടുകൂടി യോഗം അവസാനിച്ചു.
നമസ്കാരത്തിനും ഭക്ഷണത്തിനും വിശ്രമത്തിനും ശേഷം പിക്നികിന്റെ ഭാഗമായി മലകയറ്റം ആരംഭിച്ചു. ആത്മീയവും ഭൗതീകവുമായ വിഷയങ്ങളിൽ ചർച്ചയും സംവാദവുമായി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. രണ്ടേമുക്കാൽ മണിക്കൂർ കൊണ്ട് ഏകദേശം പത്ത് കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചു. എല്ലാവർക്കും എക്കാലത്തേക്കും ഓർമ്മയിൽ തങ്ങിനിൽക്കുന്ന സുന്ദരനിമിഷങ്ങളെ സമ്മാനിച്ചുകൊണ്ട് എല്ലാവരും വിടപറഞ്ഞ് അവരവരുടെ സ്ഥലങ്ങളിലേക്ക് മടങ്ങി.

## സീറത്തുന്നബി യോഗം

**മുറിയക്കണ്ണി**: ലജ്ന ഇമാഇല്ലായുടെ പാലക്കാട് തൃശൂർ മേഖലാ സീറത്തുന്നബി യോഗം നടത്തി. സദ്ർ ലജ്ന ഭാരത് ശമീം അഖ്തർ ഗ്യാനി സാഹിബ, നാഇബ് സദ്ർ ഭാരത് നുസ്റത്ത് സാഹിബ, സദ്ർ ലജ്ന കേരള സിദ്ദീഖ സഊദ് സാഹിബ, മേഖലാ സെക്രട്ടറി രഹ്ന കമാൽ സാഹിബ, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പാറോക്കോട് റഫീഖ സാഹിബ, സാമൂഹ്യ പ്രവർത്തക ശ്രീമതി എം.പി.ശ്രീവള്ളി, ശമീന ഹംസ, നുസ്റത്ത് ജഹാൻ, മുറിയക്കണ്ണി ലജ്നാ സദ്ർ ടി.എം.സക്കീന എന്നിവർ പ്രസംഗിച്ചു. 250 ലജ്ന നാസിറാത്ത് അംഗങ്ങൾ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് ബുക്ക് സ്റ്റാളും, 'വെളിപാട് യുക്തിജ്ഞാനം സത്യം' എന്ന ഗ്രന്ഥത്തെ സംബന്ധിച്ചുള്ള എക്സിബിഷനും സംഘടിപ്പിച്ചിരുന്നു.

## ബഹുമതികൾ

**ഐരാപുരം**:. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുഅ്തമിദ് പി.കെ.മുഹമ്മദ് ബശീർ സാഹിബിന്റെയും ജംശീന സാഹിബയുടെയും മകനായ മുഹമ്മദ് നുമാൻ സ്കൂളിലെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഏറ്റവും നല്ല വിദ്യാർത്ഥിക്കുള്ള സമ്മാനം കരസ്ഥമാക്കി. പഠിത്തത്തിലും കലാകായിക വിഷയങ്ങളിലും ഒരുപോലെ സാമർത്ഥ്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുക്കപ്പെട്ടത്.
ഐരാപുരം ജമാഅത്ത് പ്രസിഡന്റ് പി.കെ. ശാഹുൽ ഹമീദ് സാഹിബിന്റേയും റാബിഅ സാഹിബയുടേയും മകളായ അമത്തുസ്സലാം സാഹിബ മുഴുവൻ അദ്ധ്യായനവർഷത്തിൽ അവധിയെടുക്കാത്തവർക്കുള്ള പ്രത്യേക സമ്മാനത്തിന് അർഹയായി.

## റിഫ്രഷർ കോഴ്സ്

**കൊടുവായൂർ**: പാലക്കാട് തൃശൂർ മേഖലാ അൻസാറുല്ലായുടെ പ്രവർത്തകസമിതി റിഫ്രഷർ കോഴ്സ് നടത്തി. മേഖലാ നാസിം എം. താജുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ സി.പി. സിദ്ദീഖ് സാഹിബിന്റെ തിലാവത്തോടു കൂടി യോഗം ആരംഭിച്ചു. അദ്ധ്യക്ഷഭാഷണത്തിൽ അൻസാറുല്ലായുടെ ഉത്തരവാദിത്വത്തെ കുറിച്ചും കൈക്കൊള്ളേണ്ട ജീവിതമാതൃകയെ കുറിച്ചും വിശദീകരിച്ചു. തുടർന്ന് ക്ലാസ്സെടുത്ത മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, കുടുംബനാഥരായ അൻസാറുകൾ കുടുംബത്തിന് ഉത്തമ മാതൃക കാണിക്കേണ്ടതാണെന്നും അഞ്ചുനേര നമസ്കാരങ്ങളിലും ജമാഅത്ത് പ്രവർത്തനങ്ങളിലും അലംഭാവം കാണിക്കരുതെന്നും പറയുകയുണ്ടായി, മേഖലാ ഉമൂമി എ. മുനീർ സാഹിബ് നന്ദി പറഞ്ഞു.

# മിനി എക്സിബിഷനും നബികീർത്തന യോഗവും

**പയ്യന്നൂർ**: പഴയങ്ങാടി ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മിനി എക്സിബിഷനും നബികീർത്തന യോഗവും സംഘടിപ്പിച്ചു.സാംസ്കാരിക,രാഷ്ട്രീയ നേതാക്കളടക്കം വൻ ജനാവലി എക്സിബിഷനു സാക്ഷിയായി.



നബികീർത്തനയോഗത്തിൽ ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻ സെക്രട്ടറി പ്രൊഫ.ബി. മഹ്മൂദ് അഹ്മദ് സാഹിബ് അദ്ധ്യ ക്ഷത വഹിച്ചു. മുഹമ്മദ്(സ) വിശ്വമാനവികതയുടെ പ്രവാചകനാണെന്നും, നബിതിരുമേനിയുടെ ജീവിതം അതിനു സാക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു. മതങ്ങളെല്ലാം മിത്ത് പ്രചരിപ്പിക്കുമ്പോ ൾ യുക്തിയുള്ള ദൈവത്തെക്കുറിച്ച് പഠിപ്പിക്കുന്ന മതം ഇസ്ലാമാണെന്നും, ഇന്ന് ലോകത്ത് യുക്തിയുള്ള വിശ്വാ സം വച്ച് പുലർത്തുന്ന ഇസ്ലാമിക സംഘടനയാണ് അഹ്മദിയ്യാ വിഭാഗമെന്നും യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ശ്രീ.വിശ്വഭദ്രാനന്ദ ശക്തി ബോധി പറയുകയുണ്ടായി.
തുടർന്ന് സംസാരിച്ച മൗ.ഇസ്മാഈൽ സാഹിബ്, വ്യക്തി ജീവിതത്തിലെ ഒരോ കാര്യങ്ങളും എപ്രകാരം നിർവ്വഹിക്കണമെന്ന് തന്റെ ജീവിതത്തിലൂടെ കാണിച്ചുകൊടുത്ത പ്രവാചകനാണ് മുഹമ്മദ്(സ) എന്ന് സദസ്യരെ ഓർമ്മിപ്പിച്ചു. ഖാഇദ് മജ്ലിസ് സി.അബ്ദുസ്സമദ് സാഹിബ് സ്വാഗതവും, ഉബൈദ് റഹ്മാൻ സാഹിബ് നന്ദിയും പറഞ്ഞു. പഴയങ്ങാടി അമീർ സി.സലീം സാഹിബിന്റെ നേതൃത്വത്തിൽ ദുആയോടെ യോഗം അവസാനിച്ചു.





ഖാഇദീൻ റിഫ്രഷർ കോഴ്സ്, തമിഴ്നാട്
അംഗങ്ങൾ നോർത്ത് മേഖലാ അമീർ സാഹിബിനോടൊപ്പം

**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**
**E.mail: alhaqeditor@gmail.com**

# നാസിറാത്തുൽ അഹ്മദിയ്യാ ക്യാമ്പ് സംഘടിപ്പിച്ചു

**കാക്കനാട്:** എറണാകുളം മേഖല നാസിറാത്തുൽ അഹ്മദിയ്യാ ദ്വിദിന ക്യാമ്പ് ബൈത്തെ ത്വാഹിറിൽ എറണാകുളം മേഖല അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്തു. അനുസരണശീലം കുട്ടികളിൽ വളരെ അത്യാവശ്യമാണ് എന്ന് അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പ്രതിജ്ഞ ഉരുവിടുക മാത്രമല്ല ജീവിതത്തിലുടനീളം അവ പകർത്തണമെന്ന് ലജ്നാ ഇമാഇല്ലാ മേഖലസെക്രട്ടറി മുംതാസ് സഫറുല്ലാഹ് സാഹിബ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കാക്കനാട് ജമാഅത്ത് പ്രസിഡന്റ് അബ്ദുൽ കരീം സാഹിബ് ആശംസകൾ അർപ്പിച്ചു. ലജ്ന പ്രസിഡന്റ് റംല സൽമാൻ സാഹിബ സ്വാഗതമരുളി.

കുട്ടികളുടെ വൈജ്ഞാനിക പുരോഗതിക്കുതകുന്ന ബൈത്ത് ബാസി, ക്വിസ് പ്രോഗ്രാമുകളും സ്പോർട്സ് മത്സരങ്ങളും നടത്തുകയുണ്ടായി. സംശയങ്ങൾക്ക് മൗലവി മുഹ്‌യുദ്ദീൻ സാഹിബ് മറുപടി പറഞ്ഞു. ഈസാനബിയുടെ മരണം എന്ന വിഷയത്തെ സംബന്ധിച്ച് നീലോഫർ പള്ളുരുത്തി നടത്തിയ പ്രസന്റേഷൻ ശ്രദ്ധേയമായി. ഷെമീറ യൂസുഫ് സാഹിബ ഐരാപുരം, ജാസ്മിൻ അബൂബക്കർ സാഹിബ പള്ളുരുത്തി, സൽമാനാ നർഗീസ് സാഹിബ കാക്കനാട്, മുഅ്മിന സാഹിബ ഐരാപുരം, നഫീസ മുഹമ്മദ് സാഹിബ കാക്കനാട്, നസീറാ സാഹിബ എറണാകുളം എന്നിവർ ക്ലാസെടുത്തു.

തഹ്ജുദ് നമസ്കാരത്തിന് യാസർ അറഫാത്ത് സാഹിബ് നേതൃത്വം നല്കി. തർബിയത്ത് ക്ലാസിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ് അഹ്മദീ കുട്ടികളുടെ ഉത്തരവാദിത്വം എന്ന വിഷയത്തെ സംബന്ധിച്ച് പ്രഭാഷണം നടത്തി. ക്യാമ്പിൽ നിന്ന് നേടിയ അറിവുകളും, ഉപദേശങ്ങളും ജീവിതത്തിൽ പകർത്തുമ്പോഴാണ് ഇത്തരം ക്യാമ്പുകൾ വിജയപ്രദമാകുന്നതെന്ന് സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം മേഖല നാസിറാത്ത് സെക്രട്ടറി റിസ്‌വാന ഇഫത്ത് സാഹിബ അഭിപ്രായപ്പെട്ടു. തുടർന്ന് സമ്മാനദാനവും നടന്നു. കാക്കനാട് നാസിറാത്ത് സെക്രട്ടറി ബിശാറത്തുനിസ സാഹിബ നന്ദി പറഞ്ഞു.

## അഗതികളെ സഹായിച്ചു



**പള്ളുരുത്തി:** ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് കേരളയും, അൻസാറുല്ലാ എറണാകുളം മേഖലയും സംയുക്തമായി കൊച്ചി കോർപ്പറേഷൻ അഗതിമന്ദിരത്തിലെ അന്തേവാസികൾക്ക് വസ്ത്രങ്ങൾ നൽകുകയും, മധുര പലഹാരവിതരണം നടത്തുകയും ചെയ്തു. മേഖലയിൽ നിന്ന് ശേഖരിച്ച വസ്ത്രങ്ങളാണ് വിതരണം നടത്തിയത്. ഇലാഖ ഖാഇദ് ഇ.എച്ച്.നജീബ് സാഹിബ്, മേഖലാ നാസിം അൻസാറുല്ലാ പി.കെ.ശാഹുൽ ഹമീദ് സാഹിബ്, പള്ളുരുത്തി പ്രസിഡണ്ട് ടി.കെ. അബൂബക്കർ സാഹിബ് എന്നിർ നേതൃത്വം നൽകി

## ഫസ്‌ലെ ഉമർ ഫുട്ബോൾ ടൂർണമെന്റ്

**കൊടിയത്തൂർ:** കോഴിക്കോട് ജില്ലാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഫസ്‌ലെ ഉമർ ട്രോഫിക്ക് വേണ്ടിയുള്ള ഫുട്ബോൾ ടൂർണമെന്റ് നടന്നു. കോഴിക്കോട്,മാത്തോട്ടം, കൊടിയത്തൂർ മജ്‌ലിസുകളിൽ നിന്ന് അത്ഫാൽ, ഖുദ്ദാം ടീമുകൾ പങ്കെടുത്തു.



രണ്ട് വിഭാഗങ്ങളിലും കോഴിക്കോട് മജ്‌ലിസ് ജേതാക്കളായി. ഖുദ്ദാമുകൾക്കുള്ള ട്രോഫി എം.എ. മുഹമ്മദ് സാഹിബും,അത്ഫാലുകൾക്കുള്ള ട്രോഫി എം.സി.മുഹമ്മദ് സാഹിബും സമ്മാനിച്ചു.



**ഫ്രീബേർഡ്സ് സംഘടനയുടെ അനാഥാലയത്തിനു വേണ്ടി മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യ കിടക്ക നിർമ്മാണത്തിൽ**

## സീറത്തുന്നബി മുസ്‌ലിഹ് മൗഊദ് ദിനം

**ഐരാപുരം:** പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബൈത്തുൽ ഹുദായിൽ വെച്ച് നടത്തപ്പെട്ടു. മൗലവി അബ്ദുൽ മുജീബ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. കൂടാതെ കെ. ഇബ്റാഹിം സാഹിബ്, കെ.എം. താഹിർ സാഹിബ്, പി.കെ. മുഹമ്മദ് ബശീർ സാഹിബ് എന്നിവരും പ്രസംഗിച്ചു.

## അത്ഫാലുൽ അഹ്മദിയ്യാ ഏകദിന ക്യാമ്പ്

**കൂടാളി:** കണ്ണൂർ മേഖലാ അത്ഫാലുൽ അഹ്മദിയ്യാ ക്യാമ്പ് ഇലാഖാ ഖാഇദ് റഹീം ശംസുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ കൂടാളി അമീർ ഹസ്സൻ സാഹിബ് ഉൽഘാടനം ചെയ്തു. നിഹാൽ അഹ്മദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച യോഗത്തിൽ നമൽ തൽഹ പദ്യം ആലപിച്ചു.



മൗ.സി.പി.മൊയ്തീൻ കുട്ടി സാഹിബ് മാതാപിതാക്കളോടുള്ള കടമ, മൗ.ടി.എം. മുഹമ്മദ് സാഹിബ് ഖിലാഫത്തിനോടുള്ള അനുസരണം എന്നീ വിഷയങ്ങളിലും ഇ.താഹിർ (കൊടിയത്തൂർ) ക്രിയാത്മക പഠനരീതി എന്ന വിഷയത്തെക്കുറിച്ചും അത്ഫാലുകൾക്ക് ക്ലാസ്സെടുത്തു. വിവിധ കായിക മത്സരങ്ങളും സംഘടിപ്പിച്ചു.



**മുസ്‌ലിം മൗഊദ് ദിനാഘോഷത്തോടനുബന്ധിച്ച് ഖാദിയാനിൽ നിന്ന് ഹോഷിയാർപൂറിലേക്ക് മജ്‌ലിസ് അൻസാറുല്ലായുടെ നേതൃത്വത്തിൽ ബൈക്ക് റാലിയും ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ സൈക്കിൾ റാലിയും നടന്നു. കൂടാതെ ഖാദിയാനിൽ മാരത്തൺ മത്സരവും നടത്തി**

# ആത്മബന്ധം സ്ഥാപിച്ചാലേ നയിക്കാൻ കഴിയൂ


**പള്ളുരുത്തി**: ആത്മബന്ധമുള്ള സമൂഹത്തിനു മാത്രമേ മറ്റുള്ളവരെ നയിക്കാൻ സാധിക്കുകയുള്ളൂവെന്നും ജമാഅത്തിനോട് നിസ്വാർഥമായ കൂറ് പുലർത്തണമെന്നും എറണാകുളം മേഖലാ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് പറഞ്ഞു. മസ്ജിദ് മഹ്മൂദിൽ വച്ച് സൗത്ത് ഇലാഖാ ഖുദ്ദാമുൽ അഹ്മദിയ്യാ നടത്തിയ മേഖലാ തഅ്ലീം തർബിയത്ത് ക്യാമ്പ് ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വകുപ്പുതല പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് ഇലാഖാ ഖാഇദ് നജീബ് സാഹിബ് ഓർമ്മപ്പെടുത്തി. സൽകർമ്മങ്ങൾ അനുഷ്ഠിച്ച് കൊണ്ട് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരാണ് ഉത്തമമായി സംസാരിക്കുന്നവർ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സിറാജുൽ മുനീർ വിശുദ്ധഖുർ ആൻ പാരായണം ചെയ്തു. മൗ.സുൽത്താൻ നസീർ സാഹിബ്, മൗ.മുബശ്ശിർ സാഹിബ്, മൗ.റിയാസ് സാഹിബ് എന്നിവർ തബ്ലീഗ് സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി.







മുംബെ ഖുദ്ദാമുൽ അഹ്മദിയ്യാ അംഗങ്ങൾ ശുചീകരണ പ്രവർത്തനത്തിൽ



നോർത്ത് കർണ്ണാടക പ്രസിദ്ധീകരിച്ച നബി ചരിത്രത്തിന്റെ കന്നഡ പരിഭാഷ പ്രകാശനവേളയിൽ പ്രശസ്ത കന്നഡ കവിയും വിശിഷ്ഠ വ്യക്തികളും പങ്കെടുത്തു

# ചേവായൂർ കുഷ്ഠരോഗാശുപത്രിയിൽ ശ്രമദാനം

**കോഴിക്കോട്:** ചേവായൂർ കുഷ്ഠരോഗാശുപത്രിയിൽ ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മേഖലാ അൻസാറുല്ലായുടെ സഹകരണത്തോടെ വഖാറെ അമൽ നടത്തി. രാവിലെ 7.30 ന് മാത്തോട്ടം പ്രസിഡണ്ട് പി. എം.ബശീർ സാഹിബിന്റെ ദുആയോടെ ആരംഭിച്ച വഖാറെ അമൽ



9.30ന് മേഖലാ അമീർ അഹ്മദ് കോയ സാഹിബ് അദ്ധ്യക്ഷനായി കൊണ്ട് കൗൺസിലർ ശ്രീമതി വിദ്യാ ഔപചാരികമായി ഉൽഘാടനം ചെയ്തു. ഡോ.രവികുമാർ വഖാറെ അമലിനെ പ്രശംസിച്ച് കൊണ്ട് ആദ്യമായാണ് ഇത്രയും പേർ ഒരു ശ്രമദാനത്തിൽ പങ്കെടുക്കുന്നതെന്ന് പറയുകയുണ്ടായി.
നഴ്സിങ്ങ് സൂപ്രണ്ട് ആശംസകൾ നേർന്നു. കോഴിക്കോട് ജില്ലാ ഖാഇദ് ഷൗക്കത്ത് സാഹിബ് നന്ദി പറഞ്ഞു.അൻസാറുല്ലാ



കോഴിക്കോട് ജില്ലാ നാസിം എം.റഫി അഹ്മദ് സാഹിബ്, കോഴിക്കോട് സഈം ഡോ.സലാഹുദ്ദീൻ സാഹിബ് ,മാത്തോട്ടം സഈം ഇബ്രാഹീം സാഹിബ്, കോഴിക്കോട് ഖാഇദ് എം.പി. ലത്തീഫ് സാഹിബ്, മാത്തോട്ടം ഖാഇദ് എം. ജലീൽ സാഹിബ് എന്നിവരുടെ സജീവ നേതൃത്വത്തിൽ നാലു ഗ്രൂപ്പുകളായി കൊണ്ട് നടത്തിയ വഖാറെ അമലിൽ 108 അംഗങ്ങൾ പങ്കെടുത്തു.

## വഖാറെ അമൽ

**ഐരാപുരം:** പള്ളിയങ്കണത്തിൽ മജ്ലിസ് ഖുദ്ദാമുൽ അഹ് മദിയ്യായുടെ നേതൃത്വത്തിൽ വഖാറെ അമൽ സംഘടിപ്പിക്കുകയുണ്ടായി. ഖുദ്ദാം അത്ഫാൽ എന്നിവരെ കൂടാതെ അൻസാർ സഹോദരന്മാരും സജീവമായി പങ്കെടുക്കുകയുണ്ടായി. വഖാറെ അമലിൽ പങ്കെടുത്ത എല്ലാവർക്കുമായി ലജ്ന സഹോദരിമാർ കപ്പയും ഇറച്ചിയും തയ്യാറാക്കി നൽകി.




മുംബെ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നടന്ന സൗജന്യ നേത്രചികിത്സാ ക്യാമ്പ്



ഖാദിയാനിൽ അത്ഫാലുകൾക്കായി നടത്തിയ ചിത്രരചനാ മത്സരം



വസീം ട്രോഫി, ഖാദിയാൻ

NEWS TIME

# എലിസബത്ത് രാജ്ഞിയുടെ ജൂബിലിക്ക് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) അഭിനന്ദനങ്ങൾ അറിയിച്ചു.




യു.കെ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മോർഡനിലെ ബൈത്തുൽ ഫുത്തൂഹിൽ ചേർന്ന ഒമ്പതാം സമാധാനസിമ്പോസിയത്തെ അഭിസംബോധന ചെയ്തു കൊണ്ട്, വജ്ര ജൂബിലി ആഘോഷിക്കുന്ന എലിസബത്ത് രാജ്ഞിയ്ക്ക് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഭിനന്ദനത്തിന്റെയും പ്രാർത്ഥനയുടേയും സന്ദേശം അയച്ചു.ലോകം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ദുരവസ്ഥയെക്കുറിച്ചും വിഭീഷണമായ അണ്വായുധയുദ്ധത്തെക്കുറിച്ചും ഹുസൂർ സംസാരിക്കുകയുണ്ടായി. ആയിരക്കണക്കിൽ ആളുകൾ സംബന്ധിച്ച യോഗത്തിൽ ലണ്ടൻ മേയറും, മന്ത്രിമാരും, അംബാസിഡർമാരും, മറ്റു വിശിഷ്ഠാതിഥികളും പങ്കെടുത്തു. അന്തർദേശീയ സമാധാനം എന്നതായിരുന്നു സിമ്പോസിയത്തിലെ വിഷയം. ഖലീഫയുടെ കീഴിൽ അഹ്മദിയ്യാ ജമാഅത്ത് സമാധാനസംസ്ഥാപനത്തിനും സഹിഷ്ണുതയ്ക്കും രാജ്യത്തോടുള്ള കൂറിനും വേണ്ടി നിരന്തരം പരിശ്രമിക്കുകയാണെന്ന് യു.കെ ജമാഅത്തിന്റെ ദേശീയാദ്ധ്യക്ഷൻ റഫീഖ് ഹയാത്ത് സാഹിബ് പറഞ്ഞു. ലണ്ടനിൽ സമാധാനം സ്ഥാപിക്കാനും സഹിഷ്ണുത വളർത്താനും ജനങ്ങളെ തമ്മിലടുപ്പിക്കാനും അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന സേവനങ്ങൾക്ക് ലണ്ടൻ മേയർ ബോറിസ് ജോൺസൺ നന്ദി പ്രകാശിപ്പിച്ചു.

## സിമ്പോസിയത്തിൽ പൊതുസഭയിലേയും പ്രഭുസഭയിലേയും പ്രമുഖാംഗങ്ങളും സംസാരിക്കുകയുണ്ടായി.

PEACE Symposium 2012

**അ**ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സമാധാനമുന്നേറ്റത്തിനുള്ള മൂന്നാം വാർഷികസമ്മാനം SOS ചിൽഡ്രൻസ് വില്ലേജ്, യു.കെ.യ്ക്ക് ഹുസൂർ നൽകി. ലോകത്ത് സമാധാനവും നീതിയും സ്ഥാപിക്കേണ്ട ആവശ്യകത ഹുസൂർ ഊന്നിപ്പറഞ്ഞു. ഭീകരതയും തീവ്രവാദവും ഉപേക്ഷിക്കാനും സമാധാനം സ്ഥാപിക്കുവാനുമാണ് അഹ്മദിയ്യാ ജമാഅത്ത് യഥാർത്ഥ ഇസ്ലാമികാദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ പരിശ്രമിക്കുന്നതെന്ന് ഹുസൂർ പറഞ്ഞു.

അന്തർ ദേശിയ സമാധാനത്തിനും സുരക്ഷക്കും തുരങ്കം വെക്കുകയാണ് തീവ്രവാദം കൊണ്ടുണ്ടാവുന്നതെന്നും ഹുസൂർ ഉണർത്തി. പരമാവധി പരിശ്രമിച്ച് ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയാണെ



ങ്കിൽ ലോകം മുഴുവൻ സമാധാനവും നീതിയും നിലനിർത്താൻ സാധിക്കുമെന്ന് ഹുസൂർ ഉണർത്തി. ഈ രംഗത്ത് നാം പ്രവർത്തിച്ചിട്ടില്ലെങ്കിൽ ലോകത്ത് വമ്പിച്ച നാശം വരുമെന്നും അണ്വായുധയുദ്ധമുണ്ടായാൽ തലമുറകളോളം അതിന്റെ പ്രത്യാഘാതങ്ങൾ നിലനിൽക്കുമെന്നും ഹുസൂർ പറഞ്ഞു.

ഈ അവസരത്തിൽ ഹുസൂർ എലിസബത്ത് രാജ്ഞിക്ക് വേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലയോ ശക്തനും പ്രതാപവാനുമായ ദൈവമേ, നിന്റെ കാരുണ്യം കൊണ്ടും അനുഗ്രഹങ്ങൾ കൊണ്ടും ബഹുമാന്യരായ രാജ്ഞിക്ക് എപ്പോഴും സന്തോഷം പ്രദാനം ചെയ്യേണമേ. അവരുടെ ഔദാര്യം കൊണ്ടും ദയ കൊണ്ടും ഞങ്ങൾ ഈ രാജ്യത്ത് സന്തോഷപൂർവ്വം ജീവിച്ചുപോരുകയാണെന്നും, എപ്രകാരം ഞങ്ങൾ അവരുടെ ഉദാരപൂർവ്വവും സാത്വികവുമായ ഭരണത്തിൽ അഭിവൃദ്ധിയിലും സമാധാനത്തിലും ജീവിക്കുന്നുവോ അപ്രകാരം തന്നെ നീ അവരോട് സ്നേഹവും ദയയും കാണിക്കേണമേ.

## ബ്ലേക്ക് കൺട്രിയിൽ രണ്ട് ചർച്ചുകൾ പള്ളികളായി.



ലോംഗ്ലൈൻ ചർച്ച്



**ബ്ലേ**ക്ക് കൺട്രിയിൽ മുമ്പ് ചർച്ചുണ്ടായിരുന്ന സ്ഥലത്ത് നിർമ്മിക്കപ്പെട്ട രണ്ട് പള്ളികളുടെ ഉൽഘാടനവേളയിൽ നൂറുകണക്കിനു ആരാധകരും അതിഥികളും സംബന്ധിച്ചു. രണ്ട് പള്ളികളുടെയും ഉൽഘാടനം അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) നിർവ്വഹിച്ചു. വോൾവർഹാംട്ടണിൽ മുമ്പ് ബേത്തൽ ചാപ്പൽ സ്ഥിതി ചെയ്തിരുന്ന സ്ഥലത്താണ് പുതിയ പള്ളി ഉൽഘാടനം ചെയ്യപ്പെട്ടത്. ഈ പള്ളിയുടെ നിർമ്മാണത്തിനു 2 ലക്ഷം പൗണ്ട് ചെലവായി.

ഹെൽസ് ഹോവനിൽ പുതുതായി ഉൽഘാടനം ചെയ്യപ്പെട്ട രണ്ടാമത്തെ പള്ളി 2009 വരെ മെത്തോഡിസ്റ്റ് ചർച്ച് ആയിരുന്നു. ഈ പള്ളിയിൽ മതപരമായ ക്ലാസ്സുകൾ നടത്താനും പഞ്ചാബി,ഉർദു ഭാഷകൾ പഠിപ്പിക്കാനും സൗകര്യങ്ങൾ ഉണ്ടാകുമെന്ന് ലോക്കൽ പ്രസിഡണ്ട് മുഹമ്മദ് യാസീൻ ഖാൻ അറിയിച്ചു.

വോൾവർഹാംട്ടൺ പള്ളിയുടെ ഉൽഘാടനത്തോടെ പുതിയ പള്ളിക്കു വേണ്ടി 11 വർഷമായി നടത്തുന്ന പരിശ്രമത്തിനു പരിസമാപ്തിയായി. ഇവിടെ 300 അംഗങ്ങളുണ്ട്. 30 പേർക്ക് ഭക്ഷണം നൽകാനും പള്ളിയുടെ ഉൾവശത്ത് 200 പേർക്ക് നമസ്കരിക്കാനും ഈ സെന്ററിൽ സൗകര്യമുണ്ട്. ലോംഗ്ലൈൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷന്റെ പ്രസിഡണ്ടായ ഡോ.മസൂദ് സാഹിബ് പറഞ്ഞത് ഹെൽസ് ഹോവൻ പള്ളിയിൽ 600 പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ടെന്നാണ്. ഇപ്പോൾ പണിതത് പുതിയ പ്രാർത്ഥനാമുറിയും ഓഫീസുകളുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തഹ്‌രീക് ജദീദ്: സുവര്‍ണമുദ്രകള്‍
സമ്പാദക: എസ്. സുല്‍ത്വാന

Australia



New Zealand



# ഓസ്ട്രേലിയ & ന്യൂസിലാന്റ്

## ഓസ്ട്രേലിയ



വാഗ്ദത്ത മസീഹിന്റെ കാലത്ത് തന്നെ അഹ്മദിയ്യത്തിന്റെ സന്ദേശം ഓസ്ട്രേലിയയില്‍ എത്തിയിരുന്നു. ഓസ്ട്രേലിയയില്‍ ജീവിച്ചിരുന്ന അഫ്ഗാന്‍ പൗരനായ ഹദ്റത്ത് സൂഫി ഹസന്‍ ഖാന്‍ 1903 ല്‍ ഹുസൂറുമായി കത്ത് മുഖേന ബൈഅത്ത് ചെയ്തു.

പക്ഷേ ഡോ. ഇജാസുല്‍ ഹഖ് സാഹിബ് ഓസ്ട്രേലിയയിലേക്ക് പോകുന്നത് വരെ അവിടെ ഔപചാരികമായി ജമാഅത്ത് സ്ഥാപിച്ചിരുന്നില്ല. 1981 ല്‍ ഡോക്ടര്‍ സാഹിബ് സിഡ്നിയില്‍ പള്ളി നിര്‍മ്മിക്കുന്നതിനായി ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് മൂന്നാമനോട് ഫണ്ട് അനുവദിച്ചു തരണമെന്നാവശ്യപ്പെട്ടു. അത് ഉടന്‍ നല്‍കപ്പെടുകയും ചെയ്തു. 1983ല്‍ ജമാഅത്ത് പള്ളിക്കുവേണ്ടി 27 ഏക്കര്‍ സ്ഥലം വാങ്ങി.

1983 സെപ്റ്റംബര്‍ 30നു ഖലീഫത്തുല്‍ മസീഹ് റാബിഅ്(റഹ്) ബൈത്തുല്‍ ഹുദാ എന്ന പള്ളിക്ക് തറക്കല്ലിട്ടു. ഹുസൂര്‍ പറഞ്ഞു, ഇന്ന് നാം ഇവിടെ ഒത്തുചേര്‍ന്നിരിക്കുന്നത് ഓസ്ട്രേലിയയിലെ ആദ്യ പള്ളിക്ക് തറക്കല്ലിടാനായിട്ടാണ്. ഈ ദിവസം ജമാഅത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി രേഖപ്പെടും. ഇത് ഓസ്ട്രേലിയയുടെ ചരിത്രത്തിലെയും ഒരു നാഴികക്കല്ലാണ്. പുതിയ പള്ളിയുടെ ആദ്യത്തെ കല്ലാണിത്. ഇത് അല്ലാഹുവിന്റെ പ്രീതിക്കായി ഉണ്ടാക്കപ്പെടുകയാണ്. ഇത് ഒരിക്കലും അവസാനത്തെ പള്ളിയായിരിക്കില്ല. ഹുസൂറിനൊപ്പം ഹദ്റത്ത് മൗലവി മുഹമ്മദ് ഹുസൈന്‍ സാഹിബും (വാഗ്ദത്തമസീഹിന്റെ സഹചാരിയായിരുന്നു. അദ്ദേഹത്തിന്റെ പച്ച തലപ്പാവ് കൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്നു) ഒരു തറക്കല്ലിട്ടു.






ഹദ്റത്ത് മൗലവി മുഹമ്മദ് ഹുസൈന്‍

- 1985 ജൂണ്‍ 5 നു മൗലാനാ ശക്കീല്‍ അഹ്മദ് സാഹിബ് മുനീര്‍ മിഷണറിയായി ഇവിടേക്ക് അയക്കപ്പെട്ടു.
- 1989 ജൂലൈ 14നാണ് ഈ പള്ളി തുറന്നത്. ഈദ് ഉല്‍ അസ്ഹയും ഇതേ ദിവസമായിരുന്നു.
- പള്ളി തുറക്കുന്ന അതേ ദിവസം തന്നെയാണ് ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് നാലാമന്‍ സിഡ്നിയില്‍ എത്തിച്ചേര്‍ന്നത്. അദ്ദേഹം പെരുന്നാള്‍ ഖുത്ബയും ജുമുഅ ഖുത്ബയും നല്‍കി പള്ളി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- 1991 ജൂലൈ 17നു മഹ്മൂദ് അഹ്മദ് സാഹിബ് ഷാഹിദ് ഓസ്ട്രേലിയയില്‍ എത്തി. അദ്ദേഹം അവിടത്തെ അമീര്‍ ആയും മിഷണറി ഇന്‍ചാര്‍ജ് ആയും നിയോഗിക്കപ്പെട്ടു.
- 2006 ഏപ്രില്‍ 11 മുതല്‍ ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് അഞ്ചാമന്‍ രാജ്യത്ത് പര്യടനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ സന്ദര്‍ശനസ്ഥലം സിഡ്നിയായിരുന്നു. അവിടെ അദ്ദേഹം ഏപ്രില്‍ 14 മുതല്‍ 16 വരെ നടന്ന ഓസ്ട്രേലിയന്‍ ജമാഅത്തിന്റെ ജല്‍സ സാലാനയില്‍ പങ്കെടുത്തു. വാഗ്ദത്തമസീഹിന്റെ പിന്‍ഗാമികളാരെങ്കിലും ഓസ്ട്രേലിയന്‍ ജലസയില്‍ പങ്കെടുക്കുന്നത് അതാദ്യമായിരുന്നു.
- ഏപ്രില്‍ 21നു ഹൂസൂര്‍ ഖിലാഫത്ത് ജൂബിലി ഹാളിനു തറക്കല്ലിട്ടു. ഏപ്രില്‍ 22നു ഹുസൂര്‍ ബൈത്തുല്‍ മസ്റൂര്‍ മസ്ജിദ് ഉദ്ഘാടനം ചെയ്തു.
- ഹുസൂര്‍ ജമാഅത്ത് ലൈബ്രറി സന്ദര്‍ശിച്ച് അതിനു 'ഹസന്‍ മൂസാ' എന്ന് പേരിട്ടു.
- ഓസ്ട്രേലിയ ദിനത്തില്‍ മിസ്സിസ് ജുവന്‍ വീസ്സല്‍ ഹുസൂറുമായി കൂടിക്കാഴ്ച നടത്തി.

## ന്യൂസിലാന്റ്

- 1908 മെയ് 12നും 18നും ഇടയില്‍ ഇംഗ്ലീഷ് പ്രൊഫസറായ പ്രൊഫ.റാഗ്റ്റ് വാഗ്ദത്ത മസീഹിനെ സന്ദര്‍ശിച്ചു. പിന്നീട് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുകയും തുടര്‍ന്ന് അദ്ദേഹം ന്യൂസിലാന്റിലേക്ക് കുടിയേറുകയും ചെയ്തു.
- അദ്ദേഹം 1922ല്‍ അവിടെ വച്ച് തന്നെ വഫാത്തായിരുന്നു എന്ന് 2006ല്‍, ഓസ്ട്രേലിയന്‍ ജമാഅത്ത് മനസ്സിലാക്കി. അദ്ദേഹത്തിന്റെ പൗത്രനും പൗത്രിയുമായി ബന്ധപ്പെടാന്‍ ജമാഅത്തിനു സാധിച്ചു.
- 2006 മെയ് 6നു ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് അഞ്ചാമന്‍ ഈ രാജ്യം സന്ദര്‍ശിച്ചപ്പോള്‍ അവര്‍ ഇരുവരേയും സന്ദര്‍ശിച്ചിരുന്നു. എന്നിട്ട് അമീര്‍ സാഹിബിനോട് നിര്‍ദ്ദേശിച്ചു, **'ഇവര്‍ ഇരുവരുമായി എപ്പോഴും ബന്ധം പുലര്‍ത്തണം.'** അല്ലാഹു അവരെ സത്യത്തിലേക്ക് നയിക്കുമാറാകട്ടെ






ബൈത്തുല്‍ മുഖീത്ത്, ന്യൂസിലാന്റ്

- 2006 മേയ് 7നു ഹുസൂര്‍ പ്രൊഫ.റാഗ്ഗിന്റെ ഖബര്‍ സന്ദര്‍ശിച്ച് അവിടെ ദുആ ചെയ്തു. ന്യൂസിലാന്റ് ജമാഅത്തിന്റെ മിഷണറി കേന്ദ്രം ഓക്‌ലാന്റിലെ ബൈത്തുല്‍ മുഖീത്ത് ആണ്. ഈ സ്ഥലം 1996ലാണു വാങ്ങിയത്.
- 2006 മേയ് 5നു ഹുസൂറിന്റെ ജുമുഅ ഖുത്ബയോടുകൂടി ജമാഅത്തിന്റെ വാര്‍ഷിക ജല്‍സ ആരംഭിച്ചു.
- ആദ്യമായിട്ടായിരുന്നു ഖലീഫയുടെ ജുമുഅ ഖുത്ബ ന്യൂസിലാന്റില്‍ നിന്ന് സംപ്രേക്ഷണം ചെയ്യപ്പെടുന്നത്..

ആരോഗ്യം




# ഹൃദയം

ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി




## ഹദീസ്


**“നബി തിരുമേനി (സ) പറയുന്നു, മനുഷ്യ ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് ശരിയാണെങ്കിൽ മുഴുവൻ ശരീരവും ശരിയാകുന്നു. അതിന് കേട് സംഭ വിക്കുകയാണെങ്കിൽ മുഴുവൻ ശരീരവും അവതാളത്തിലാകുന്നു. അത് (മാംസപിണ്ഡം) ഹൃദയമാകുന്നു.”**




**മുഴുവൻ ശരീരത്തിലും രക്തം പമ്പുചെയ്യുന്നത് ഹൃദയമാണ്.**
**മുഴുവൻ ശരീരത്തിന്റേയും ഉപജീവനമാർഗം ഈ പമ്പിങ്ങിലാണ്.**

സംസാരവും, ചിന്തയും, കാഴ്ചയും, രുചിഭേദവും, ശ്വസനവും എല്ലാം തന്നെ ഹൃദയം നൽകുന്ന രക്തത്തിലൂടെയാണ് നിലനിൽക്കുന്നത്. ഇത് അല്പനിമിഷത്തേക്ക് പോലും നിലക്കുകയാണെങ്കിൽ മനുഷ്യശരീരത്തിന്റെ മുഴുവൻ വ്യവസ്ഥിതിയും താറുമാറാകുന്നു. കാഴ്ചയിൽ വെറും ഒരു മാംസപിണ്ഡമായ ഈ ഹൃദയമാണ് മനുഷ്യന്റെ എല്ലാ ആത്മീയ, ധാർമിക, ശാരീരിക അവസ്ഥകളേയും നിയന്ത്രിക്കുന്നത്.










## Pace Maker

**ഇതൊരു കൃത്രിമ ഉപകരണമാണ്. ഏതെങ്കിലും രോഗത്താൽ ഹൃദയമിഡിപ്പ് കുറഞ്ഞു പോകുന്നവർക്കാണ് ഈ ഉപകരണം ഘടിപ്പിക്കുന്നത്. ഇത് ഹൃദയത്തിന്റെ മിഡിപ്പ് നിയന്ത്രിക്കുന്നു. ഒരു പ്രത്യേക തരത്തിലുള്ള Lithium Cadmium ബാറ്ററിയാകുന്നു ഇത്.**






നെഞ്ചിനു മുകളിലായിട്ട് പോക്കറ്റ് രൂപത്തിൽ അത് ഘടിപ്പിക്കുന്നു. ഒരു തീപ്പെട്ടി കൂടിന് സമാനമാണ് ഇത്. ഹൃദയത്തിന്റെ ചേമ്പറുമായി അതിനെ ബന്ധിപ്പിക്കുന്നു. ബാറ്ററിയുടെ പ്രവർത്തന ഫലമായി ഹൃദയം ഒരു നിശ്ചിത വേഗത്തിൽ മിടിച്ചുകൊണ്ടിരിക്കും.

Pace Maker ന്റെ ആയുസ്സ് 12 വർഷമാകുന്നു. 10 വർഷങ്ങൾ കഴിയുമ്പോൾ അത് ഒരു പ്രത്യേക സിഗ്നൽ നൽകുന്നു. അന്നേരം അതിന്റെ ബാറ്ററി മാറ്റിയിടുന്നു.

ഈ ആധുനിക കാലഘട്ടത്തിൽ സമയവും സന്ദർഭവും സാഹചര്യവും ആവശ്യകതയും അനുസരിച്ച് ഹൃദയതാളത്തെ ക്രമപ്പെടുത്തുന്ന സംവിധാനങ്ങളുള്ള Pace Maker ലഭ്യമാണ്.




പൊതുവിജ്ഞാനം

# കുതിര: അനുസരണവും, ഓർമശക്തിയും.

ചൗധരി ഖാലിദ് സൈഫുല്ലാഹ് ഖാൻ, ആസ്ത്രേലിയ

ഇംഗ്ലണ്ടിലെ അതിപ്രശസ്ത കുതിരാലയമായ ഡ്വുനിന്റെ തലവൻ Dr. Marthe Kiley worthington തന്റെ അഞ്ചു വർഷത്തെ ഗവേഷണത്തിന്റെ വെളിച്ചത്തിൽ പറയുന്നു, കുതിരകൾക്ക് 300 വാക്കുകൾ വരെ ഓർമ്മയിൽ സൂക്ഷിക്കുന്നതിനുള്ള കഴിവുണ്ട്. ഇതിൽ വിവിധ തരം പേരുകൾ കല്പനകൾ പ്രശംസാ വാക്കുകൾ എന്നിവ ഉൾപ്പെടുന്നു. അദ്ദേഹം ഇത് തെളിയിച്ച് കാണിക്കുകയും ചെയ്തു. ജനനം മുതൽ പ്രത്യേക ഗ്രൂപ്പുകളായി തിരിച്ച് പ്രത്യേകം പ്രത്യേകം പരിശീലകരെ നിയമിച്ച് കൊണ്ടാണ് പരിശീലിപ്പിച്ചത്. ഓരോ വസ്തുക്കളായി അവയുടെ മുന്നിൽ കൊണ്ടുവന്ന് അതിന്റെ പേര് ആവർത്തിച്ചാവർത്തിച്ച് ഉച്ചരിക്കുന്നു. പിന്നീട് പ്രസ്തുത വസ്തുവിന്റെ പേരുച്ചരിക്കുമ്പോൾ തന്നെ കുതിര അത് തിരിച്ചറിയുന്നു. ഓരോ ആജ്ഞകളും ഇതേ പ്രകാരം അനുകരിക്കാൻ അവയെ പഠിപ്പിക്കുന്നു. അങ്ങിനെ പരിശീലകന്റെ വാക്കുകൾ കേട്ടും അനുസരിച്ചും 300 വാക്കുകൾ വരെ മനസ്സിലാക്കാനും ഓർമയിൽ സൂക്ഷിക്കുവാനുമുള്ള കഴിവ് കുതിരകൾക്കുണ്ട്.





## കുതിരയുടെ പരാമർശം ഖുർആനിൽ

കല്പനകൾ കേൾക്കുന്നതിനും അവ അനുസരിക്കുന്നതിലുള്ള കുതിരയുടെ കൂറിനേയും ആത്മാർത്ഥത യേയും കുറിച്ച് വിശുദ്ധ ഖുർആനും വിവിധ സ്ഥലങ്ങളിൽ മാതൃകയായി എടുത്തു പറയുന്നുണ്ട്. ഏതുവരെയെന്നാൽ ഒരു സൂറത്തിന്റെ പേര് തന്നെ അൽ ആദിയാത്ത് - കിതച്ചുകൊണ്ട് അതിവേഗത്തിലോടുന്ന കുതിരകൾ - എന്നാണ്. ഇതിൽ യജമാനന്റെ കല്പന കേട്ടുകൊണ്ട് കിതച്ചുകൊണ്ട് അതിവേഗത്തിലോടുന്ന കുതിരകളെ പ്രശംസിച്ചുകൊണ്ട് അവ വിശ്വാസികൾക്ക് അനുഗ്രഹവും പാഠവുമായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. യജമാനരുടെ കല്പന കിട്ടുമ്പോൾ വളരെ ഉൽസാഹത്തോടു കൂടി കിതച്ചുകൊണ്ട് അതിവേഗതയിൽ വഴിയിലുള്ള എല്ലാ തടസ്സങ്ങളേയും അവഗണിച്ചുകൊണ്ട് കുളമ്പടികളിൽ നിന്ന് തീപ്പൊരി ഉയർത്തി പായുന്നു. നീണ്ടതും പ്രയാസമേറിയതുമായ യാത്ര തരണംചെയ്തതിനു ശേഷവും ധൈര്യം അശേഷം ചോർന്ന് പോകാതെ വിശ്രമി ക്കാതെ യജമാനന്റെ കല്പനയിൽ ശത്രുസംഹാരത്തിനായി പൊടിപടലങ്ങൾ ഉയർത്തിക്കൊണ്ട് ശത്രുപാളയത്തിലേക്ക് പാഞ്ഞുകയറുന്നു.

അല്ലാഹു പറയുന്നു, **അത് തന്റെ യജമാനനെ എപ്രകാരമാണ് അനുസരിക്കുന്നത് എന്ന് നോക്കുക. നിങ്ങൾക്കും ഒരു യജമാനനുണ്ട്. അവനാണ് യഥാർത്ഥ യജമാനൻ. അവനെ എങ്ങിനെ അനുസരിക്കണം എന്നുള്ള പാഠം നിങ്ങൾ ഈ കുതിതയിൽ നിന്നും പഠിക്കുക.**

Chairman Management & Editorial Board : C. Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only
Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut